തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം

ജീവനും വെളിച്ചവും

ആഗസ്റ്റ് 2026



വിശ്വാസത്തിൽ ഒൻപത് പതിറ്റാണ്ട്

തിരുവനന്തപുരം ലത്തീൻ അതിരൂപത (1937-2027)

JUBILEE MEMORIAL HOSPITAL
LATIN ARCHDIOCESE OF TRIVANDRUM

OUR DEPARTMENTS:

- Anaesthesiology, General Surgery, General Medicine
- Interventional Cardiology
- Laparoscopic and Minimally Invasive Surgery
- Bariatric Surgery, Medical Gastroenterology
- Obstetrics and Gynaecology, Neonatology, Paediatrics
- Orthopaedics, Dermatology, Ophthalmology, ENT
- Medical Oncology, Nephrology, Neurology, Neurosurgery
- Dentistry, Oral and Maxillofacial Surgery
- Plastic and Reconstructive Surgery
- Urology, Psychiatry, Counselling, Physiotherapy
- Pulmonology, Radiology, Microbiology Histopathology & Cytology
- Dietetics



SUPPORTIVE SERVICES:

- Fully Automated Lab Facility · Pharmacy
- Digital X ray · ECG · CT scan · Cath Lab
- USG and Doppler · TMT · Echo Cardiogram
- Holter Monitor Facility · C-Arm Facility
- PFT · OAE · Mortuary

LAPROSCOPIC SURGERIES:

- General · Gynac · Ortho

ENDOSCOPIES:

- OGD · Colonoscopy · Sigmoidscopy
- Bronchoscopy

HEMODIALYSIS

24X7 EMERGENCY MEDICINE

24X7 CRITICAL CARE UNIT

24X7 PHOTOTHERAPY

24X7 BLOOD CENTRE

24X7 NEONATAL ICU

FOR BOOKING & ENQUIRIES
0471- 2334561, 4005300

JUBILEE HOME CARE
9567 844 744



Jubilee Memorial Hospital, Meads Lane, Palayam Trivandrum 695034, Kerala
jubileetrivandrum@gmail.com, jubileehospital@hotmail.com
www.jubileehospital.org

ജീവനും വെളിച്ചവും

തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം

2026 ആഗസ്റ്റ് | പുസ്തകം 72 | ലക്കം 8

രക്ഷാധികാരി: മോസ്റ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ

സഹരക്ഷാധികാരി: റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ., മോൺ. യൂജിൻ എച്ച്. പെരേര

ഉപദേശക സമിതി: റവ. ഡോ. ലോറൻസ് കുലാസ്, റവ. ഡോ. ഗ്ലാഡിൻ അലക്സ്, ഫാ. സൈറസ് കളത്തിൽ, ഫാ. ആഷ്ലിൻ ജോസ്, ഫാ. സിൽവസ്റ്റർ കുരിശ്, ഫാ. ലൂസിയാൻസ് തോമസ്, ഫാ. ബീഡ് മനോജ്, ഫാ. റിച്ചാർഡ് സഖറിയാസ്, ഫാ. ഡാർവിൻ ഫെർണാണ്ടസ്, ഫാ. സനീഷ് എസ്. എം., ഫാ. നിജു അജിത്ത്, ഫാ. ഫ്രെഡി സോളമൻ

പത്രാധിപർ: ഫാ. പ്രബൽ ജോസഫ് പെരേര, **സഹ പത്രാധിപർ:** ബർഗ്മാൻ തോമസ്

പത്രാധിപ സമിതി: മോൺ. ജയിംസ് കുലാസ്, ഇഗ്നേഷ്യസ് തോമസ്, സുനിൽ സി. ഇ., ഡോ. ഐറിസ് കൊയ്ലിയോ, ജോൺസൺ റോച്ച്

മാനേജർ (പരസ്യ വിഭാഗം): ഫാ. മനീഷ് പീറ്റർ **കവർ & ലേ-ഔട്ട്:** സതീഷ് ജി.

മുഖവിചാരം

കലണ്ടറിലെ ചില ദിനങ്ങൾ ആഘോഷങ്ങൾക്കു മാത്രമായുള്ളതല്ല; അവ ഒരു ജനതയുടെ മനസ്സാക്ഷിയെ ഉണർത്തുന്ന ഓർമപ്പെടുത്തലുകളാണ്. 2026 ആഗസ്റ്റ് മാസം അത്തരമൊരു ദിനമാണ്. ഒരു വശത്ത് സ്വാതന്ത്ര്യദിനം അഥവാ നമ്മൾ നേടിയെടുത്ത സ്വാതന്ത്ര്യത്തിന്റെ വിലയും അത് സംരക്ഷിക്കേണ്ട ഉത്തരവാദിത്തവും ഓർമിപ്പിക്കുന്ന ദിനം. മറുവശത്ത് ഓണം; സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും മൂല്യങ്ങളെ ഹൃദയങ്ങളിൽ ഉണർത്തുന്ന കേരളത്തിന്റെ മഹത്തായ ആഘോഷ ദിനങ്ങൾ. ഈ രണ്ട് ആഘോഷങ്ങളും വ്യത്യസ്തമായ ചരിത്രങ്ങളിൽനിന്നാണ് ഉദ്ഭവിച്ചതെങ്കിലും, അവയുടെ ആത്മാവ് ഒന്നുതന്നെയാണ്. സ്വാതന്ത്ര്യമില്ലാതെ മനുഷ്യന് അന്തസ്സില്ല; സാഹോദര്യമില്ലാതെ സ്വാതന്ത്ര്യത്തിന് അർഥവുമില്ല.

1947 ആഗസ്റ്റ് 15-ന് ഇന്ത്യ സ്വാതന്ത്ര്യത്തിന്റെ പുതുപുലരിയെ വരവേറ്റപ്പോൾ, അത് ഒരു രാഷ്ട്രീയമാറ്റം മാത്രമായിരുന്നില്ല, നാനാത്വത്തിൽ ഏകത്വം എന്ന മഹത്തായ ആശയം ഉയർത്തിപ്പിടിച്ച ഒരു ജനതയുടെ പുതിയ തുടക്കമായിരുന്നു. വ്യത്യസ്തമായ മതവും ജാതിയും ഭാഷയും സംസ്കാരവുമുള്ള കോടിക്കണക്കിന് ജനങ്ങളെ ഒരൊറ്റ ഭരണഘടനയുടെ കീഴിൽ സമത്വത്തോടെയും സ്വാതന്ത്ര്യത്തോടെയും സാഹോദര്യത്തോടെയും ജീവിക്കാൻ ക്ഷണിച്ച മഹത്തായ ദർശനമായിരുന്നു ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അടിത്തറ.

കഴിഞ്ഞ ഏഴര പതിറ്റാണ്ടിനിടെ ഇന്ത്യ, ശാസ്ത്രത്തിലും സാങ്കേതികവിദ്യയിലും വിദ്യാഭ്യാസത്തിലും സാമ്പത്തിക വളർച്ചയിലും അസാധാരണമായ നേട്ടങ്ങൾ കൈവരിച്ചു. എന്നാൽ രാജ്യത്തിന്റെ ഈ നേട്ടങ്ങൾ ആഘോഷിക്കുന്നതിൽ മാത്രം ഒതുങ്ങിക്കൂടാ; ഇന്ത്യയുടെ മുറിവുകളെ തിരിച്ചറിയുകയും അവ ഭേദമാക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നതിലാണ് അതിന്റെ പക്വത. ഇന്നും തൊഴിലില്ലായ്മ, സാമൂഹിക അസമത്വം, വർഗീയത, മതവിദ്വേഷ പ്രചാരണങ്ങൾ, അക്രമങ്ങൾ എന്നിവ നമ്മുടെ ദേശീയജീവിതത്തെ വെല്ലുവിളിച്ചുകൊണ്ടിരിക്കുന്നു. ഒരു പൗരൻ തന്റെ വിശ്വാസത്തിന്റെ പേരിലോ സാമൂഹിക പശ്ചാത്തലത്തിന്റെ പേരിലോ ഭയത്തോടെ ജീവിക്കേണ്ടിവരുന്ന സാഹചര്യം നിലനിൽക്കുമ്പോൾ സ്വാതന്ത്ര്യത്തിന്റെ അർഥം പൂർണമാകുന്നില്ല.

ഇന്ത്യയിലെ ജനസംഖ്യയിൽ ന്യൂനപക്ഷമായ ക്രൈസ്തവർ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവേചനത്തിനും അസത്യപ്രചാരണങ്ങൾക്കും ആക്രമണങ്ങൾക്കും ഇരയായിക്കൊണ്ടിരിക്കുന്നു . ഇവ ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യത്തിന്റെയും മനുഷ്യാവകാശങ്ങളുടെയും ലംഘനങ്ങളാണ്. ഇത് ക്രൈസ്തവരെ മാത്രം ബാധിക്കുന്ന വിഷയമല്ല. ഏത് മതവിഭാഗക്കാരായാലും അവരുടെ അവകാശങ്ങൾ ഹനിക്കപ്പെടുമ്പോൾ നഷ്ടമാകുന്നത് ആ സമൂഹത്തിന്റെ മാത്രമല്ല, ഭാരതത്തിന്റെ ആത്മാവുകൂടിയാണ്. ഭൂരിപക്ഷത്തിനും ന്യൂനപക്ഷത്തിനും ഒരുപോലെ സംരക്ഷണം നൽകുമ്പോഴാണ് ഭരണഘടനയുടെ ആത്മാവ് യാഥാർഥ്യമാകുന്നത്. വൈവിധ്യത്തെ ഭയപ്പെടാതെ സ്വീകരിക്കുന്ന മനസ്സ്, അഭിപ്രായവ്യത്യാസങ്ങളെ ശത്രുതയായി കാണാതെ സംവാദത്തിന് അവസരമാക്കുന്ന സംസ്കാരം, മനുഷ്യനെ മതത്തിനുമുമ്പിൽ കാണുന്ന ദർശനം. ഇവയാണ് ശക്തമായ ജനാധിപത്യത്തിന്റെ അടിത്തറ.

ഈ സ്വാതന്ത്ര്യദിനവും ഓണവും ആഘോഷിക്കുമ്പോൾ, നമ്മുടെ പ്രാർഥന സമൃദ്ധിക്കുവേണ്ടി മാത്രമാകരുത്; നീതിക്കും സമാധാനത്തിനും മതസ്വാതന്ത്ര്യത്തിനും മനുഷ്യാന്തസ്സിനും വേണ്ടിയായിരിക്കണം.

•

www.latinarchdiocesetrivandrum.org, www.archtvmnews.com

വില 30 രൂപ | വാർഷിക വരിസംഖ്യ- 360/-

അക്കൗണ്ട് വിവരം:
Editor, Jeevanum Velichavum
A/c No. 57027220934, IFSC- SBIN0070308
State Bank of India, Sasthamangalam

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം,
തിരുവനന്തപുരം- 695 003
0471- 2724001
jeevanumvelichavum@gmail.com



ജീവനും വെളിച്ചവും മികച്ച മാസികയായി മാറുന്നു

ജിഷാ ജോസ്, അങ്ങുതെങ്ങ്

ജൂലൈ ലക്കം ജീവനും വെളിച്ചവും മാസികയിലെ മുഖചിത്രം അതീവ ഹൃദ്യമായിരുന്നു. ഡോ. ജയശ്രീയുടെ ആരോഗ്യ മേഖലയെക്കുറിച്ചുള്ള ലേഖനവും ഇഷ്ടമായി. നേർക്കാഴ്ചയിൽ ജെ. സി. യുടെ കുറിപ്പും നന്നായി. "പാറ്റ പ്പാർട്ടി " യുടെ സ്വപ്നങ്ങൾ പൂവണിയട്ടെ. അതൊരു താൽക്കാലിക വൈകാരിക വിക്ഷോഭമാകാനാണ് സാധ്യത. എങ്കിലും ഏകാധിപതികൾക്ക് ഇത്തരം ധീര ചലനങ്ങൾ ഭയമാണ്.

ദിശാബോധം നൽകുന്ന വിദ്യാഭ്യാസക്കുറിപ്പ്

റീന റോബിൻസൺ, വിഴിഞ്ഞം

ഡോ. ആന്റണി ഡെയ്നിന്റെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള തുടർ ലേഖനം മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ഒട്ടേറെ പുതിയ അറിവുകൾ പകർന്നു നൽകാൻ ഉതകുന്നതായിരുന്നു. പഠന രീതികളെക്കുറിച്ച് ദിശാബോധം നൽകുന്ന വിവരണങ്ങൾ കുട്ടികളെ പഠിപ്പിക്കുന്നതിന് സഹായിക്കുംവിധം എഴുതിയിരിക്കുന്നു. മാത്രമല്ല, ധാരാളം സംശയങ്ങൾ ദൂരീകരിക്കുന്നതിനും ലേഖനം പ്രയോജനപ്പെട്ടു. അഭിനന്ദനങ്ങൾ...

മാനവികതയും പാഷയും

വിജയമ്മ, ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റൽ, പാളയം

ലിയോ പാപ്പയുടെ "മഹത്തായ മാനവികത" എന്ന ചാക്രികലേഖനത്തെ ആസ്പദമാക്കിയുള്ള എഡിറ്റോറിയലിന്റെ മുഖവിചാരം വളരെ നന്നായിരുന്നു. കൃത്രിമ ബുദ്ധിയെക്കുറിച്ച് സമഗ്രമായി ചിന്തിക്കാനും ജാഗ്രത പുലർത്താനുമുള്ള ഏറെ കാര്യങ്ങൾ മാനവരാശിയോട് പാപ്പ ഹൃദ്യമായി സംവദിക്കുന്നു. മനുഷ്യചരിത്രത്തെത്തന്നെ മാറ്റിമറിയ്ക്കുന്ന സാങ്കേതിക വിപ്ലവ മഹാവിസ്ഫോടനമാണ് നിർമിത ബുദ്ധി. നൂതന സാങ്കേതികവിദ്യകൾ മനുഷ്യനെ കീഴടക്കുമോ എന്ന ഭയം ശാസ്ത്ര ലോകത്തിനുണ്ട്. സോഷ്യൽ മീഡിയകൾക്ക് പിന്നാലെ ലോകം പരക്കം പായുന്നതിന്റെ ദുരവസ്ഥയും ദുർഭാഗാവസ്ഥയും നാം ദിവസവും കണ്ടു കൊണ്ടിരിക്കുന്നു. നന്മയേത്, തിന്മയേത്, എന്ത് ഉൾക്കൊള്ളണം? ഏതിനെ തള്ളിക്കളയണമെന്നുപോലുമറിയാത്ത വിരോധാഭാസവുമുണ്ട്. സ്വതവേ തിന്മയിലേക്ക് ചായ്വുള്ള മനുഷ്യൻ നശ്വരമായ ഭ്രമിക്കുന്ന മോഹച്ചുഴികളിൽ നട്ടം തിരിയുന്നു.

സത്യവും നീതിയും കരുണയും സ്നേഹവും ആർദ്രതയും നഷ്ടപ്പെടുന്നില്ലേ എന്ന ചോദ്യവും പ്രസക്തമാണ്. ആധികാരികത അന്വേഷിച്ചറിയാതെ അസത്യം വിളമ്പുമ്പോൾ സത്യവും ധർമവും നിലവിളിക്കുന്നു. നിയന്ത്രണങ്ങളുള്ള നിർമിത ബുദ്ധിയാണ് നമുക്കാവശ്യം. അതിന്റെ നിയന്ത്രണം മനുഷ്യന്റെ നിയന്ത്രണങ്ങളിലാണ് വേണ്ടത്. ദൈവം നിർമിതബുദ്ധിയല്ല മനുഷ്യനിലേക്ക് സന്നിവേശിപ്പിച്ചത്. ദൈവികജീവന്റെ മഹോന്നതവും മനോഹരവുമായ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വിശ്രുദ്ധിയുടെയും ആത്മാവിനെയാണ്.

ബാലൻ ഒരു വായന

ബിജു ഡേവിഡ്, പൂന്തുറ

ബാലൻ എന്ന സിനിമയുടെ വായന സുനിലച്ചൻ മനോഹരമാക്കി. സിനിമയിലെ കഥാപാത്രങ്ങളുടെ ഉള്ളിലേക്കുള്ള ആത്മീയ തീർഥയാത്രയും അന്വേഷണവുമാണ് ടാക്കീസിനെ ഹൃദ്യമായ വായനാനുഭവമാക്കുന്നത്. സിനിമ കണ്ട പ്രതീതി ഉളവാക്കുന്ന വിധത്തിൽ മികവോടെയുള്ള എഴുത്തിന്റെ കരുത്തിന് നൂറ് മാർക്ക്. സുനിലച്ചന് എല്ലാവിധ അഭിനന്ദനങ്ങളും...

അലക്സാണ്ടർ ഐ. എ. എസ്സും ഡോ. ഐറിസും

ബ്രദർ പീറ്റർ തോമസ്, പൂന്തുറ

അലക്സാണ്ടർ ഐ എ എസുമായി ഡോ. ഐറിസ് നടത്തിയ അഭിമുഖം വായിച്ചു. നന്നായിരുന്നു. പ്രസക്തമായ ചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളും ഹൃദ്യമായ അനുഭവമായി. മാസികയിൽ പ്രസിദ്ധീകരിച്ച ചില ലേഖനങ്ങൾ വളരെ ദീർഘമാണ്. കാച്ചിക്കുറുക്കിയ പാലു പോലെയായാൽ നന്ന്. നല്ല വായനാസുഖം ലഭിക്കും. കത്തോലിക്കാ ശ്രുപതയുടെ മാസികയായതിനാൽ ആത്മീയ പരിപോഷണത്തിനുതകുന്ന വിഭവങ്ങൾ ഉൾക്കൊള്ളിക്കുന്നത് നന്നായിരിക്കും.

ലത്തീൻ കത്തോലിക്കരുടെ ഭാവി

ജെറാൾഡ് ബി. മിരാൻഡാ.

കഴിഞ്ഞ ലക്കത്തിലെ ലത്തീൻ കത്തോലിക്കരുടെ സാമൂഹിക സാമ്പത്തിക വിശകലനം എന്ന ലേഖനം വായിച്ചു. ഇത്തരം നിരവധി ലേഖനങ്ങളും പഠന റിപ്പോർട്ടുകളും വർഷങ്ങളായി വായിച്ചുകൊണ്ടിരിക്കുന്നു. പിന്നാക്കം പിന്നാക്കം എന്ന നിരന്തരം വിലപിച്ചാൽ സമുദായ പുരോഗതി കൈവരിക്കാൻ കഴിയില്ല. മാനംമുട്ടെ ഉയർന്നുനിൽക്കുന്ന ദേവാലയങ്ങളും ഗംഭീരമായ തിരുനാളാഘോഷങ്ങളുംകൊണ്ട് സജീവവും ഊർജസ്വലവുമാണ് ലത്തീൻ കത്തോലിക്കാ ദേവാലയങ്ങൾ. അതേസമയം തീരദേശ ജനതയെ പരാധീനതകളേറെ അലട്ടുന്നു. നല്ല ഭവനങ്ങളില്ല, കുടിവെള്ളമില്ല, തിങ്ങിഞെരുങ്ങിക്കഴിയുന്നതിനാൽ പരിസര ശുചീകരണത്തിന്റെ പ്രശ്ന സങ്കീർണതകൾ, മദ്യത്തിന്റെ ഉപയോഗം, ധൂർത്ത്, ദാരിദ്ര്യം, കടക്കെണി, സുരക്ഷിതമല്ലാത്ത ജോലി അങ്ങനെ പട്ടിക നീളുന്നു. കടലമ്മയും കനിയുന്നില്ല. കരുത്തരും ധീരരുമാണ് കടലിന്റെ മക്കൾ.

ഉന്നത വിദ്യാഭ്യാസത്തിലൂടെയും നൂതന തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിലൂടെയും മാത്രമേ മാറുന്ന ലോകക്രമത്തിൽ പിടിച്ചു നിൽക്കാൻ കഴിയൂ. ലോകം കുതിക്കുമ്പോൾ കിതയ്ക്കുന്നവർ പിന്നിലേക്കാണ് എന്ന യാഥാർഥ്യം നാം മറക്കരുത്. ദീർഘവീക്ഷണവും ഉൾക്കാഴ്ചയും ചടുലതയും പ്രസരിപ്പുള്ള വരുടെയും കൈകളിലാണ് നാളെയുടെ ഭാവി. പോരായ്മകൾ പരിഹരിച്ച് സഭാമക്കളെ കാലത്തിന്റെ അടയാളങ്ങൾ മനസ്സിലാക്കാൻ പഠിപ്പിച്ചില്ലെങ്കിൽ ഭാവി അന്ധകാരത്തിലാകും.. ലത്തീൻ സമുദായത്തിന്റെ കുറവുകളിലേക്ക് മാത്രമല്ല നിറവുകളുടെ ഉറവയായ സ്വർഗപിതാവിനെ ആശ്രയിച്ച് പുരോഗതിയിലേക്കും ഐശ്വര്യത്തിലേക്കും കുതിച്ചുപായിക്കാൻ വേണ്ടപ്പെട്ടവർക്ക് കഴിയട്ടെ എന്നാശംസിക്കുന്നു. പ്രാർഥിക്കുന്നു.

താളുകളിൽ



ആനുകാലികം

06 **സിനഡാത്മക സഭ :തിരുവനന്തപുരം അതിരൂപതയുടെ നവീകരണത്തിന് ഒരു മാർഗദർശി**
റവ. ഡോ. ലോറൻസ് കുലാസ്

ലേഖനം

10 **സ്വാതന്ത്ര്യം എന്ന തീയും കുളിരും**
ശ്രീകുമാർ മുഖത്തല


12 **ദൈവഹിതത്തിൽനിന്നും ദൈവമഹത്വത്തിലേക്ക് : കന്യക മറിയത്തിന്റെ സ്വർഗാരോപണം**
സി. റീഷ്മ സൈമൺ H.H

16 **പുതിയ അധ്യയനവർഷം: ആശങ്കകളുടെയും പ്രതീക്ഷകളുടെയും- 3**
ഡോ. ആൻറണി ഡെയ്ൻ

24 **വെയിലിനെന്തു ഭംഗി**
മീര രാജലക്ഷ്മി


30 **മൺസൂൺ കാലത്തെ വിഴിഞ്ഞം-മുതലപ്പൊഴി ദുരന്തങ്ങൾ**
ജെയ്സൺ ജോൺ





ചരിത്രപഥം

26 **തിരുവനന്തപുരത്ത് നിന്ന് ഡച്ച് മണ്ണിലേക്ക്: പ്രഥമ ഇടയന്റെ സ്മൃതിപഥങ്ങളിലൂടെ ഒരു മിഷൻ യാത്ര**
ഫാ. ഫ്രാൻസിസ് സഹായം



കവിത

15 **കഴുക ശകടം**
ഫാ. ഇമ്മനുവേൽ. വൈ

ടാക്കീസ്

32 **ഒരേ സ്പീഷീസ്, പലേ മുഖങ്ങൾ**
സുനിൽ സി. ഇ.



മനർക്കാഴ്ച

42 **എഫ്.സി.ആർ.എ ചട്ടഭേദഗതി സർക്കാർ പിൻവലിക്കണം**
ജെ. സി.

28 **കഥ**

21 **കാനോൻ നിയമം**

22 **സ്റ്റുഡൻസ് ഫോറം യോഗസഹായി**


34 **വചനജ്വാല**

38 **നിർച്ചാൽ**

36 **വാർത്തകൾ**








● ○ ● ആനുകാലികം
റവ. ഡോ. ലോറൻസ് കുലാസ്



സിനഡാത്മക സഭ : തിരുവനന്തപുരം അതിരൂപതയുടെ നവീകരണത്തിന് ഒരു മാർഗദർശി

തിരുവനന്തപുരം അതിരൂപത 2026-2027 വർഷങ്ങളിൽ നവതി ആഘോഷങ്ങൾക്ക് തുടക്കംകുറിക്കുകയും 2037-ൽ ശതാബ്ദി ആഘോഷിക്കാൻ ഒരുങ്ങുകയും ചെയ്യുന്നു. നവതി ആഘോഷം പിന്നിട്ട നാളുകളുടെ അനുസ്മരണം മാത്രമല്ല; ഭാവിയിലേയ്ക്കുള്ള യാത്രയിലെ ദിശാബോധം നല്കുന്ന ചൂണ്ടുപലകകൂടിയാണ്. ഒരു വിശ്വാസ സമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിലെ ചാലകശക്തിയാണ് നവതി ആഘോഷങ്ങളോടെ നാം കൊളുത്തിയ നവീകരണ പ്രക്രിയയുടെ ദീപശിഖ. അതുകൊണ്ട് നവതി ആഘോഷം അതിരൂപതയുടെ നവീകരണ പ്രവർത്തനങ്ങൾക്ക് പ്രചോദനമായിത്തീരണം. 1937-ൽ സ്ഥാപിതമായ അതിരൂപതയുടെ ചരിത്രം നിരന്തരമായ നവീകരണ



തിരുവനന്തപുരം അതിരൂപത 2026-2027 വർഷങ്ങളിൽ നവതി ആഘോഷങ്ങൾക്ക് തുടക്കംകുറിക്കുകയും 2037-ൽ ശതാബ്ദി ആഘോഷിക്കാൻ ഒരുങ്ങുകയും ചെയ്യുന്നു. നവതിയിൽനിന്ന് ശതാബ്ദിയിലേയ്ക്കുള്ള യാത്രയിൽ 'സിനഡാത്മക സഭ' (Synodality) എന്ന ദർശനം അതിരൂപതയുടെ തുടർന്നുള്ള വളർച്ചയ്ക്ക് ഏറ്റവും അനുയോജ്യമായ മാർഗദീപമാണ്.

ത്തിന്റെയും വളർച്ചയുടെയും വെല്ലുവിളികളുടെയും ചരിത്രമാണ്. നവതിയിൽനിന്ന് ശതാബ്ദിയിലേയ്ക്കുള്ള യാത്രയിൽ 'സിനഡാത്മക സഭ' (Synodality) എന്ന ദർശനം അതിരൂപതയുടെ തുടർന്നുള്ള വളർച്ചയ്ക്ക് ഏറ്റവും അനുയോജ്യമായ മാർഗദീപമാണ്.

നവീകരണത്തിന്റെ പാതയിൽ

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ദർശനം ഉൾക്കൊണ്ട് 1987-ൽ രൂപത അതിന്റെ രജത ജൂബിലി ആഘോഷിച്ചപ്പോൾ നവീകരണ പ്രക്രിയയ്ക്ക് ഊന്നൽ നല്കുകയുണ്ടായി. തത്ഫലമായി വൈദികരുടെ ഒരു ഒത്തുവാസം കോട്ടാറിൽ സംഘടിപ്പിക്കപ്പെട്ടു. ഈ ഒത്തുവാസത്തിൽ രൂപതയുടെ അജപാലന ദൗത്യത്തിന് ഒരു പുതിയ ദർശനം (Emerging New Vision) കൈവരിക്കുകയുണ്ടായി: "ജനതകൾക്കുവേണ്ടിയുള്ള സഭ എന്നതിൽനിന്നും ജനങ്ങളുടെ സഭ" എന്ന ദർശനം.

ഈ നവദർശനം ഉൾക്കൊണ്ട് 1990-കളിൽ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ (BCC) രൂപതയുടെ പ്രധാന അജപാലന സമീപനമായി രൂപപ്പെട്ടു. കൂട്ടം ബങ്ങളെ കേന്ദ്രീകരിച്ചുള്ള അടിസ്ഥാനക്രൈസ്തവ സമൂഹങ്ങളിലൂടെ ദൈവവചനം, പ്രാർഥന, കൂട്ടായ്മ, ജീവിതസാക്ഷ്യം എന്നിവ വിശ്വാസജീവിതത്തിന്റെ ഭാഗമായി. കൂടാതെ, ശുശ്രൂഷാപ്രവർത്തനങ്ങൾ ഇടവക-ഫൊറോന-രൂപത തലങ്ങളിൽ വികേന്ദ്രീകരിക്കപ്പെട്ടു.

അനന്തരം 1997-ൽ രൂപത വിഭജനത്തിനുശേഷം മറ്റൊരു ഒത്തുവാസത്തിനുകൂടി വേദി ഒരുക്കപ്പെട്ടു. ഈ ഒത്തുചേരലിൽ വൈദികരും സന്യസ്തരും അല്മായരും പങ്കെടുത്തു. ഈ ഒത്തുവാസം രൂപതയുടെ നയരൂപീകരണ മേഖലകളിലും അജപാലന ശുശ്രൂഷാ സമീപനങ്ങളിലും ഒരു വിശാല പങ്കാളിത്തത്തിന് വഴിതുറന്നു. തുടർന്നുള്ള ഒരു ദശാബ്ദക്കാലം രൂപത ശ്രദ്ധപതിപ്പിച്ചത് കേന്ദ്രീകൃത സംവിധാനങ്ങളെ ഫൊറോന-ഇടവക തലങ്ങളിലേയ്ക്ക് വികേന്ദ്രീകരിക്കുക എന്നതായിരുന്നു.

2004-ൽ രൂപത അതിരൂപതയായി ഉയർത്തപ്പെട്ടു. ഈ പശ്ചാത്തലത്തിലാണ് വൈദികരുടെയും സന്യസ്തരുടെയും അല്മായരുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി "അതിരൂപതാ സിനഡ്" വിളിച്ചുകൂട്ടപ്പെട്ടത്. പ്രസ്തുത സിനഡിൽ വിവിധ ശുശ്രൂഷകളുടെയും കമ്മിഷനുകളുടെയും ദർശനവും ദൗത്യവും ലക്ഷ്യങ്ങളും വ്യക്തമാക്കിക്കൊണ്ട് അതിരൂപതയുടെ അജപാലന പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം നല്കി. സിനഡിൽ ഉയർന്നുവന്ന ചിന്തകൾ ക്രോഡീകരിച്ചുകൊണ്ട് ഒരു സിനഡ് രേഖ പ്രസിദ്ധീകരിച്ചു. ഈ രേഖയുടെ അടിസ്ഥാനത്തിലാണ് എല്ലാ സംവിധാനങ്ങളും പ്രവർത്തനങ്ങളും ഇടവക - ഫൊറോന-



പാളയം അതിഭദ്രാസന ദൈവാലയത്തിൽ നവതി ആഘോഷങ്ങൾക്ക് തുടക്കംകുറിച്ചു കൊണ്ടുള്ള നവതി ലോഗോ പ്രകാശനം

അതിരൂപതാ തലത്തിൽ തുടർന്നുകൊണ്ടുപോകുന്നത്.

അതിരൂപതയുടെ നാളിതുവരെയുള്ള ചരിത്രം വിലയിരുത്തുമ്പോൾ നാം തുടർന്നുപോകുന്ന നവീകരണ പ്രവർത്തനങ്ങൾ ഓരോ കാലഘട്ടത്തിനും അനുയോജ്യവും ആവശ്യകവുമായ ഒരു നിരന്തര പ്രവർത്തനശൈലിയായിരുന്നുവെന്ന് മനസ്സിലാക്കാം. ഇപ്പോൾ നാം തുടക്കംകുറിച്ച നവതി ആഘോഷങ്ങളും 2037-ൽ നാം എത്തിച്ചേരുന്ന ശതാബ്ദി ആഘോഷങ്ങളും നവീകരണത്തിന്റെ ഈ പുതിയ ഘട്ടത്തിൽ ഏറ്റവും സ്വീകാര്യമായ സമീപനം ''സിനഡാത്മക സഭ''എന്ന കാഴ്ചപ്പാടാണ്.

സിനഡാത്മക സഭ

'സിനഡ്'' എന്ന പദത്തിന്റെ അർഥം ''ഒരുമിച്ച് നടക്കുക'' എന്നാണ്. അതിനാൽ ''സിനഡാത്മകസഭ'' ഒരു യോഗക്രമമോ ഭരണസംവിധാനമോ അല്ല. ഇന്ന് സഭ എന്തായിരിക്കുന്നുവോ അതാണ് സിനഡാത്മക സഭ എന്നതുകൊണ്ട് അർഥമാക്കുന്നത്. ലളിതമായി പറഞ്ഞാൽ, 'സഭയായിരിക്കുന്ന രീതി' അഥവാ 'സഭ എന്ന പ്രക്രിയ' അതാണ് സിനഡാത്മക സഭ.

രണ്ടാം വത്തിക്കാൻ കൗൺസിലാണ് സിനഡാത്മക സഭ എന്ന ദർശനത്തിന് വഴിതെളിച്ചത്. സഭയെ കൗൺസിൽ വിലയിരുത്തിയത് ഒരു തീർഥാടന സമൂഹമായിട്ടാണ്. ജ്ഞാനസ്നാനം സ്വീകരിച്ച വിശ്വാസസമൂഹം ഒരു തീർഥാടനത്തിൽ ആയിരിക്കുമ്പോൾ പങ്കാളിത്തത്തോടും കൂട്ടുത്തരവാദിത്തത്തോടും പ്രേക്ഷിത ചൈതന്യത്തോടും ഒരുമിച്ച് യാത്രചെയ്യുന്നുവെന്ന ആശയം കൗൺസിൽ ശക്തമായി അവതരിപ്പിച്ചു.

ഈ ദർശനത്തിന് കൂടുതൽ ഊർജ്ജം പകർന്നത് ഫ്രാൻസിസ് പാപ്പയുടെ കാഴ്ചപ്പാടുകളാണ്. 'സിനഡാത്മക സഭ എന്ന സിനഡ്'' (2021-2024) പ്രഖ്യാപിക്കുക വഴി ലോകമെമ്പാടുമുള്ള സഭയെ ഒരുമിച്ച് നടത്താനും ശ്രവിക്കാനും വിവേചിക്കാനും അദ്ദേഹം ക്ഷണിച്ചു. സിനഡാത്മക സഭയുടെ മൂന്ന് അടിസ്ഥാന ഘടകങ്ങളാണ് കൂട്ടായ്മ (Communion), പങ്കാളിത്തം (Participation), ദൗത്യം (Mission).

സിനഡാത്മക സഭയുടെ യാത്ര സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളുന്നുണ്ട്. ഈ യാത്രയിൽ സഹോദര ക്രൈസ്തവരെയും മറ്റ് മതവിശ്വാസങ്ങളിൽ ഉൾപ്പെട്ടവരേയും പൊതു സമൂഹത്തേയും കേൾക്കുവാനും ഒപ്പം നടക്കുവാനും സഭ സന്നദ്ധയാകുന്നു. ഇതിലൂടെ സഭയ്ക്ക് ഒരു മാനവികത - എല്ലാവരെയും ഉൾക്കൊള്ളുന്ന സമീപനം- കൈവരുന്നു. ഇപ്രകാരമുള്ള ജീവിത ശൈലിയിൽ ആരും അന്യരല്ല; ഏവരും ഓരോരുത്തർക്കും സഹോദരരാണ്: നാം സോദരർ ആയിത്തീരുന്ന ജീവിത ശൈലി(Fratelli Tutti).

സിനഡാത്മക സഭയുടെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത ആത്മീയ സംഭാഷണം (Spiritual Conversation) ആണ്. പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ പ്രാർഥനയിലും നിശ്ശബ്ദതയിലും പരസ്പര കേൾവിയിലും ഒരുമിച്ച് ഒരുകാര്യം വിവേചിക്കുന്ന രീതിയാണിത്. ഈ സംഭാഷണ ശൈലിയിൽ ഭൂരിപക്ഷ - ന്യൂനപക്ഷ അഭിപ്രായ പ്രകടനങ്ങളില്ല. എല്ലാവർക്കും പങ്കാളിത്തം ലഭിക്കുന്നതിലൂടെ ഒത്തൊരുമിച്ചൊരു തീരുമാനം സംജാതമാകുന്നു.

നവതി - ശതാബ്ദി യാത്രയിലെ സിനഡാത്മകത

2033-ൽ ആഗോളസഭ കർത്താവിന്റെ രക്ഷാകർമത്തിന്റെ രണ്ടായിരം വർഷം തികയുന്ന മഹാജൂബിലിക്കായി ഒരുങ്ങുകയാണ്. നമ്മുടെ അതിരൂപത

സിനഡാത്മക സ്വഭാവം ഏറ്റവുമധികം ഉൾക്കൊള്ളുന്നത് അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളിലാണ്. അവിടെ കൂട്ടായ്മ അനുഭവപ്പെടുന്നു, പങ്കാളിത്തം വളരുന്നു, ദൗത്യം രൂപംകൊള്ളുന്നു. ബി.സി.സി.യുടെ പ്രവർത്തനശേഷി ഇടവക - ഫെറോന- അതിരൂപതാ തലങ്ങളിൽ നിലകൊള്ളുന്ന സംവിധാനങ്ങളിലേയ്ക്കും വ്യാപിപ്പിക്കുമ്പോഴാണ് സിനഡാത്മകത ലക്ഷ്യം കാണുന്നത്.



യുടെ നവതി - ശതാബ്ദി ആഘോഷങ്ങളുടെ നടുവിലാണ് മഹാജൂബിലി കടന്നു വരുന്നത്. അതുകൊണ്ട്, സിനഡാത്മകത അതിരൂപതയുടെ ഭാവി അജപാലന ദർശനമായി സ്വീകരിക്കേണ്ട സമയമാണിത്.

സിനഡാത്മകതയ്ക്കുവേണ്ടി ഇനിയുമൊരു പുതിയ സംവിധാനത്തിന്റെ ആവശ്യകത നമുക്കില്ല. ഇതിനകംതന്നെ നാം രൂപംകൊടുത്തിട്ടുള്ള ഘടനകൾ നിലവിലുണ്ട് - അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ, വിവിധ ഇടവക സമിതികൾ, വിവിധ കമ്മിഷനുകൾ, ശുശ്രൂഷകൾ, ഫെറോനതല സംവിധാനങ്ങൾ തുടങ്ങിയവ. ഇവയ്ക്കെല്ലാം ഊർജ്ജം നല്കുകയും ഭാവിപ്രവർത്തനങ്ങളെ ബലപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഇന്നിന്റെ ആവശ്യം.

2025-ൽ നാം ആഘോഷിച്ച ജൂബിലി വർഷത്തിൽ 'പ്രത്യാശയുടെ തീർഥാടകർ' (Pilgrims of Hope) എന്നതായിരുന്നു പഠനവിഷയമാക്കിയത്. 2026-2027-ലെ നവതി ആഘോഷങ്ങളും ശതാബ്ദിയിലേയ്ക്കുള്ള യാത്രയും കേന്ദ്രീകരിക്കുന്നതും സിനഡാത്മകതയുടെ തുടർ ചിന്തകളാണ്. തീർഥാടകർ ഒറ്റയ്ക്ക് നടക്കുന്നില്ല. ഒരുമിച്ച് യാത്രചെയ്യാം പ്രാർഥിച്ചും വിവേചിച്ചും സിനഡാത്മകതയ്ക്ക് ജീവൻ പകർന്ന് നവതി - ശതാബ്ദി ആഘോഷങ്ങളിലേയ്ക്ക് ചുവടുവയ്ക്കാം.

സിനഡാത്മക സ്വഭാവം ഏറ്റവുമധികം ഉൾക്കൊള്ളുന്നത് അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളിലാണ്. അവിടെ കൂട്ടായ്മ അനുഭവപ്പെടുന്നു, പങ്കാളിത്തം വളരുന്നു, ദൗത്യം രൂപംകൊള്ളുന്നു. ബി.സി.സി.യുടെ പ്രവർത്തനശേഷി ഇടവക - ഫെറോന- അതിരൂപതാ തലങ്ങളിൽ നിലകൊള്ളുന്ന സംവിധാനങ്ങളിലേയ്ക്കും വ്യാപിപ്പിക്കുമ്പോഴാണ് സിനഡാത്മകത ലക്ഷ്യം കാണുന്നത്.

ദൗത്യ നിർവഹണത്തിനായുള്ള തീരുമാനങ്ങൾ വിശ്വാസ സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽനിന്ന് ആരംഭിച്ച് മേൽത്തട്ടുകളിലേക്ക് പടിപടിയായി കൈമാറുന്ന രീതി (bottom - up approach) സിനഡാത്മകത ആവശ്യപ്പെടുന്നു. ഈ പ്രക്രിയയിൽ കുട്ടികൾ, യുവജനങ്ങൾ, ദമ്പതികൾ, സ്ത്രീകൾ, വയോജനങ്ങൾ, ദരിദ്രർ, ഭിന്നശേഷിക്കാർ എന്നിവരുടെയെല്ലാം ശബ്ദം സഭ കേൾക്കുന്നു. സമൂഹത്തിലെ ഏറ്റവും ഒടുവിലത്തെ ശബ്ദവും ശ്രവിക്കപ്പെടുമ്പോഴാണ് യേശു ശ്രവിക്കപ്പെടുന്നത്.

ചില പ്രായോഗിക നിർദ്ദേശങ്ങൾ

നവതിയിലൂടെ ശതാബ്ദിയിലേയ്ക്കുള്ള സിനഡാത്മകസഭാ വീക്ഷണം യാഥാർഥ്യമാക്കാൻ സഹായകരമാകുന്ന ചില പ്രായോഗിക നിർദേശങ്ങൾ ചുവടെ ചേർത്തുകൊള്ളട്ടെ:

> വ്യക്തിഗത തീരുമാനങ്ങളെക്കാൾ കൂട്ടായ വിവേചനത്തിനും തീരുമാനത്തിനും പ്രാധാന്യം നല്കുക.

> എല്ലാ യോഗങ്ങളിലും ആത്മീയ സംഭാഷണരീതി സ്വീകരിക്കുക.

> നിലവിലുള്ള ബിസിസികൾക്കും ശുശ്രൂഷകൾക്കും മറ്റ് സംവിധാനങ്ങൾക്കും "നവ-തീ" നല്കുക.

> കുടുംബ യൂണിറ്റുകൾ കൂട്ടായ്മയോടും പങ്കാളിത്തത്തോടും പ്രേഷിത ചൈതന്യത്തോടും പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

> ഓരോ വർഷവും ഒരു പ്രത്യേക ശുശ്രൂഷയെ കേന്ദ്രീകരിച്ച് പരിശീലനവും നേതൃത്വവികാസവും നടത്തുക.

> സഭാമക്കളുടെ യഥാർഥ ആവശ്യങ്ങളെ അടിസ്ഥാനമാക്കി അജപാലന പദ്ധതികൾ രൂപപ്പെടുത്തുക.

> താഴെത്തട്ടിലുള്ളവരെയും പിന്നാക്ക വിഭാഗങ്ങളെയും ശ്രദ്ധയോടെ കേൾക്കുന്ന സഭയായി വളരുക.

ഉപസംഹാരം

നവതി ആഘോഷം പിന്നിട്ട 90 വർഷങ്ങളുടെ സ്മരണമാത്രമല്ല; ശതാബ്ദിയിലേയ്ക്കുള്ള നവീകരണത്തിന്റെ ആരംഭമാണ്. സിനഡാത്മകത ഒരു ഭരണരീതിയല്ല; സഭയുടെ സ്വത്വമാണ്. ഒരുമിച്ച് യാത്രചെയ്യുകയും, ഒരുമിച്ച് പ്രാർഥിക്കുകയും ഒരുമിച്ച് വിവേചിക്കുകയും ഒരുമിച്ച് സുവിശേഷം പ്രഘോഷിക്കുകയും ചെയ്യുന്ന ഒരു ജീവിതശൈലിയാണ് സിനഡാത്മകത. ഓരോ അടിസ്ഥാന സമൂഹവും, ഇടവകയും, ശുശ്രൂഷയും ഏറെ പ്രത്യേകിച്ച് ഓരോ വിശ്വാസിയും ഈ സിനഡാത്മക മനോഭാവം സ്വീകരിക്കുമ്പോൾ തിരുവനന്തപുരം അതിരൂപത കൂട്ടായ്മയിലും പങ്കാളിത്തത്തിലും ദൗത്യത്തിലും നവീകരിക്കപ്പെട്ട പ്രേഷിതസഭയായി മുന്നേറും.

•

ലേഖനം

ശ്രീകുമാർ മുഖത്തല



സ്വാതന്ത്ര്യം എന്ന തീയും കുളിരും



ഞാനോർക്കുന്നു. സ്വാതന്ത്ര്യത്തെ തീയായും കളിരായും അറിഞ്ഞത് എനിക്ക് പത്തോ പതിനൊന്നോ വയസ്സുള്ളപ്പോഴാണ്. അതുവരെ അത് പാഠപുസ്തകത്തിലോ പ്രസംഗമത്സരത്തിനുനല്കുന്ന വിഷയത്തിലോ നിരുപദ്രവമായി നിലനിന്നു. രണ്ടിലും രോമാഞ്ചത്തിനു ധാരാളം സാധ്യതകളുമുണ്ടായിരുന്നു. എനിക്കു പത്തുവയസ്സുള്ളപ്പോൾ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. ഒരു പത്തുവയസ്സുകാരന് അതുകൊണ്ടെന്തുണ്ടാവാൻ! ഞാൻ കളിച്ചു നടന്നു. അച്ഛനും സുഹൃത്തുക്കളും അതേക്കുറിച്ച് സംസാരിക്കുന്നതും തർക്കിക്കുന്നതും പാസ്സീവ് ലിസണറായി ഞാൻ കേൾക്കുന്നുണ്ട്. പെട്ടെന്നാണ് വീട്ടിലെ ഭാഗവതം, ഭഗവദ്ഗീത, മൂലധനം ഇവയൊക്കെ ഒരു സഞ്ചിയിലാക്കി അടുത്തുള്ള ഇല്ലത്തിന്റെ നിലവറയിലേക്ക് മാറ്റുന്നതായി കാണുന്നത്. വീട്ടിൽ പെട്ടെന്നൊരു പിരിമുറുക്കം. അടക്കിപ്പിടിച്ച സംസാരം. അമ്മയുടെയും അപ്പച്ചിയുടെയും കണ്ണിൽ ഭയംമാത്രം.

അച്ഛനെ അറസ്റ്റുചെയ്തേക്കും എന്നാണ് കേൾക്കുന്നത്. അച്ഛൻ തീവ്രഇടതുപക്ഷക്കാരനാണ് എന്ന് ആരോ ഊമക്കത്തയച്ചു എന്നാണ് പറയുന്നത്. അധ്യാപകനായ അദ്ദേഹത്തിന്റെ സ്കൂളിൽ ഐ.ജി., പോലീസ് തുടങ്ങിയവർ അന്വേഷിച്ചുചെല്ലുന്നു. രാത്രി വൈകി പോലീസുകാർ വീട്ടിലേക്ക് അഞ്ചു ബാറ്ററിയുള്ള ടോർച്ച് തെളിയിക്കുന്നു. തട്ടിയുണർത്തി അച്ഛൻ വീട്ടിൽതന്നെയുണ്ടോ എന്നുറപ്പാക്കുന്നു. അച്ഛൻ പറയുന്നു: നാം കഷ്ടപ്പെട്ട നേടിയ സ്വാതന്ത്ര്യം ഇതാ നഷ്ടമായിരിക്കുന്നു. എനിക്കുംതോന്നി, സ്വാതന്ത്ര്യം നഷ്ടമായിരിക്കുകയാണ്. ഒന്നില്ലാതെയാവുമ്പോൾ നമുക്കറിയാം ശരിക്കും അതിന്റെ സാന്നിധ്യം! ഞാൻ തീയായി സ്വാതന്ത്ര്യത്തെ കണ്ടു. പിന്നീടിന്നോളവും അഗാധത്തിലെവിടെയോ അരക്ഷിതബോധമുണ്ട്, ഭയവും.

ഏതേതു മഹദ്വചനങ്ങൾ ഉദ്ധരിച്ചാലും അനുഭവപ്പെടാത്ത സ്വാതന്ത്ര്യം ഏട്ടിലെ പശുവാണ്. അതിനെ പുല്ലുതീറ്റിക്കാൻ കേന്ദ്രീകരിക്കപ്പെട്ട അധികാരം നടത്തുന്ന ശ്രമങ്ങളാണ് സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള അർഥരഹിതമായ വാചാടോപങ്ങൾ. അനിയന്ത്രിതവും അരാജകത്വത്തോളം എത്തുന്നതുമായ സ്വാതന്ത്ര്യം വേണം എന്നാരും പറയില്ല, ആഗ്രഹിക്കുകയുമില്ല. കാരണം തൊട്ടടുത്തുള്ളവനുകൂടി അവകാശപ്പെട്ടതാണ് ജീവിതം എന്ന ബോധ്യത്തെയാണല്ലോ നാം ജനാധിപത്യം എന്നുവിളിക്കുന്നത്. അതുയുമെങ്കിലും അനുഭവിക്കാനായില്ലെങ്കിൽ 'സ്വാതന്ത്ര്യം' എന്ന പദം വെറുമൊരു ശബ്ദംമാത്രമാവും.

മോചന സ്വപ്നങ്ങളാണ് സ്വാതന്ത്ര്യത്തിന്റെ ഊർജ്ജം. അതുകാണാൻ പ്രേരിപ്പിക്കുന്നവരാണ് ദാർശനികർ. പ്രയോഗത്തിലെത്തിക്കാൻ പ്രാണൻകളഞ്ഞും ശ്രമിക്കുന്നവരാണു വിപ്ലവകാരികൾ. അതു നേടിയാൽ സംരക്ഷിക്കാൻ ബാധ്യതയുള്ളവരാണ് ജനപ്രതിനിധികൾ, അഥവാ ഭരണാധികാരികൾ. ഇത് അതിന്റെ സ്വാഭാവിക വളർച്ച. ഏറ്റവും കാതലായ ചോദ്യം ഏതുതരം ദർശനം നിങ്ങളെ നയിക്കുന്നു എന്നതാണ്. ഭൂമിയുടെ ആകെ ചരിത്രമെടുത്താൽ മനുഷ്യനുണ്ടായിട്ട് കാലമധികമായിട്ടില്ല. അവന് ബോധമുണ്ടായിട്ട് അതിലും കുറവു കാലമേ ആയിട്ടുള്ളൂ. എന്നിട്ടും നമുക്ക് ദർശനങ്ങൾക്കും ആശയങ്ങൾക്കും ക്ഷാമം തെല്ലുമുണ്ടായിട്ടില്ല. അവയുമായി മനുഷ്യരെ സമുദ്ധരിക്കാൻ ഇറങ്ങിയവരുമുണ്ട് അസംഖ്യം. പലതരത്തിലുള്ള അനേകം ഭരണസംവിധാനങ്ങൾ പരീക്ഷിക്കപ്പെടുകയുംചെയ്തു. അയിൽ മിക്കതും സമഗ്രാധിപത്യത്തിലോ ഏകാധിപത്യത്തിലോ ചെന്നു നങ്കൂരമിടുന്ന കാഴ്ചയാണ് നമ്മൾ കണ്ടത്, കണ്ടുകൊണ്ടിരിക്കുന്നത്. വിമോചനം സ്വപ്നംകണ്ട് ഇറങ്ങിപുറപ്പെട്ട മതങ്ങളും ദർശനങ്ങളും അതിഭീകര കാർക്കശ്യമുള്ള സംഘടനാസംവിധാനങ്ങളും ചട്ടക്കൂടുകളുമുള്ള രാവണൻ കോട്ടകളാവുന്നതും നമ്മൾ കണ്ടു, കാണുന്നു. അപ്പോൾ ഈ സ്വാതന്ത്ര്യത്തെ എങ്ങനെ അനുഭവിക്കാം എന്ന ചിന്തയിലെത്തും നമ്മൾ.

ഇന്നേവരെ പരീക്ഷിച്ചിട്ടുള്ള സംവിധാനങ്ങളിൽ ജനാധിപത്യമാണ് തമ്മിൽഭേദം. അത് മനുഷ്യന്റെ വിലോഭനീയ സ്വപ്നംകൂടിയാണ്. ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെടുന്ന ഭരണകൂടങ്ങളെ വലിയ പ്രതീക്ഷയോടെ ജനം വരവേൽക്കും. അതിന്റെ പ്രവർത്തനം ഏതുവിധത്തിൽ സകലജനരഞ്ജകമാകും എന്നു നിരീക്ഷിക്കും. ലോകത്തെവിടെയും 90% ഫലം കിട്ടുന്നുണ്ടാവില്ല. പക്ഷേ, പകുതിയിൽ കൂടുതലെങ്കിലും ലഭിച്ചാലല്ലേ ജനാധിപത്യം എന്ന പേർ വിളിക്കാനാവൂ!

ഭരണകൂടങ്ങൾ ജനങ്ങളെ വിഭാഗീയമായി കാണുന്ന പ്രവണത വന്നാൽ ജനങ്ങൾ നിരാശരാവും. ഒരു വിഭാഗം മറ്റൊരു വിഭാഗത്തെ ഭൂരിപക്ഷമോ ശക്തിയോ ഉപയോഗിച്ച് പിന്നാക്കം തള്ളിനീക്കാൻ ശ്രമിക്കുന്നിടത്ത് 'സ്വാതന്ത്ര്യം' എന്ന പദത്തിന് എന്തു പ്രസക്തി!

'സ്വാതന്ത്ര്യം' എന്നത് നമുക്കെവിടെ നിന്നെങ്കിലും ലഭിക്കുന്ന മോക്ഷമല്ല. അതു ജനതയുടെ ഉള്ളിൽനിന്നും പുറപ്പെട്ടുവരുന്ന അവകാശബോധത്തിന്റെയും കർത്തവ്യബോധത്തിന്റെയും സമന്വയമാണ്. ഗാന്ധിജി പറഞ്ഞതുപോലെ കുറച്ചുപേർ ചേർന്ന് വലിയൊരു വിഭാഗം ജനതയുടെ ജീവിതം തീരുമാനിക്കലല്ല, പകരം ജനങ്ങളിൽനിന്ന് അനുഭവമായി കണ്ടെത്തപ്പെടേണ്ടതാണ്.



'സ്വാതന്ത്ര്യം' എന്നത് നമുക്കെവിടെനിന്നെങ്കിലും ലഭിക്കുന്ന മോക്ഷമല്ല. അതു ജനതയുടെ ഉള്ളിൽനിന്നും പുറപ്പെട്ടുവരുന്ന അവകാശബോധത്തിന്റെയും കർത്തവ്യബോധത്തിന്റെയും സമന്വയമാണ്. ഗാന്ധിജി പറഞ്ഞതുപോലെ ഏതെങ്കിലും ഇരുപതുപേർ (കുറച്ചുപേർ എന്നർഥം) ചേർന്ന് വലിയൊരു വിഭാഗം ജനതയുടെ ജീവിതം തീരുമാനിക്കലല്ല, പകരം ജനങ്ങളിൽനിന്ന് അനുഭവമായി കണ്ടെത്തപ്പെടേണ്ടതാണ്. 1975-ലെ കുട്ടിക്ക് ഇപ്പോൾ 51 വയസ്സായെങ്കിലും തീരാത്ത ഭയങ്ങൾ ബാക്കിയുണ്ട്. താൻ അനുഭവിക്കുന്ന ഭൗതിക സുഖസൗകര്യങ്ങൾക്കപ്പുറം ആശയത്തിലും സംഖ്യയിലും എണ്ണത്തിൽ കുറവുള്ളവർക്കും, ഏതുകാരണത്താലെങ്കിലും പിന്നാക്കംപോയവർക്കും പേടിയില്ലാതെ സുരക്ഷിതമായി ജീവിക്കാൻ കഴിയുന്നുണ്ടോ എന്ന ആശങ്ക! ആധാരശിലയായ ഭരണഘടനയിലും അതിന്റെ അടിയുറപ്പിലും വിശ്വസിക്കയാൽ മുന്നോട്ടുതന്നെ നടക്കുംവഴിക്കുള്ള മുള്ളുകളൊക്കെ ചവിട്ടിമെതിച്ചു നാം.

•

ലേഖനം
സി. റീഷ്മ സൈമൺ H.H
പ്രത്യാശയുടെ ദാസിമാർ



ദൈവഹിതത്തിൽനിന്നും ദൈവമഹത്ത്വത്തിലേക്ക് : കന്യക മറിയത്തിന്റെ സ്വർഗാരോപണം

ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ "അതെ" എന്നുപറഞ്ഞ് ജീവിതം മുഴുവൻ ക്രിസ്തുവിനോട് ചേർന്നുനിന്ന മറിയം, തന്റെ പുത്രന്റെ ഉയിർപ്പിലും മഹത്ത്വത്തിലും പൂർണമായി പങ്കുചേർന്നു. അതിനാൽ സ്വർഗാരോപണം മറിയം ക്രിസ്തുവിൽ വിശ്വസിക്കുന്ന സഭയെ മഹത്ത്വത്തിലേക്ക് നയിക്കുന്നു.

ഓഗസ്റ്റ് 15 കത്തോലിക്കാ സഭയ്ക്ക് ഒരു തിരുനാൾ മാത്രമല്ല; ക്രൈസ്തവ പ്രത്യാശയുടെ ഉജ്ജ്വലമായ വിശ്വാസപ്രഖ്യാപനമാണ്. പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണം മനുഷ്യജീവിതത്തിന്റെ അന്തിമവിളിയായ നിത്യമഹത്ത്വത്തിലേക്കുള്ള ദൈവത്തിന്റെ വാഗ്ദാനത്തെ ഓർമപ്പെടുത്തുന്നു. മുകളിലേക്ക് എടുക്കുക എന്നർഥംവരുന്ന അഗ്സേ സുമേറെ എന്ന ലത്തീൻ വാക്കിൽ നിന്നാണ് അസംപ്ഷൻ എന്ന ഇംഗ്ലീഷ് പദം ഉണ്ടായത്. മാതാവ് ദൈവശക്തിയാൽ ആത്മശരീരത്തോടുകൂടി സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു എന്നതാണ് ദൈവശാസ്ത്രപരമായി ഇതിനാൽ അർഥമാക്കുന്നത്. പാപത്തിന്റെയും മരണത്തിന്റെയുംമേൽ ക്രിസ്തു നേടിയ വിജയത്തിൽ ആദ്യമായി പൂർണമായി പങ്കുചേർന്നവളാണ് പരിശുദ്ധ കന്യകാമറിയം. അതുകൊണ്ടുതന്നെ, അവളുടെ സ്വർഗാരോപണം സഭയുടെ ഭാവി മഹത്ത്വത്തിന്റെ മുൻ സൂചനയും വിശ്വാസികളുടെ നിത്യപ്രത്യാശയുടെ ദീപശിഖയുമാണ്.

തിരുസഭ പരിശുദ്ധ കന്യകാമറിയത്തെ നാല് മഹത്തായ മരിയൻ വിശ്വാസസത്യങ്ങളിലൂടെ ആദരിക്കുന്നു. ദൈവമാതൃത്വം (Mother of God), നിത്യകന്യകാത്വം (Perpectual Virginity), നിർമല ഗർഭധാരണം (Immaculate Conception), സ്വർഗാരോപണം (Assumption) എന്നീ വിശ്വാസസത്യങ്ങൾ മറിയത്തിന്റെ മഹത്ത്വത്തെ മാത്രം ഉയർത്തിക്കാട്ടുന്നവയല്ല, ക്രിസ്തുവിന്റെ രക്ഷാകരപദ്ധതിയിൽ അവൾക്കുള്ള അനന്യസ്ഥാനവും മനുഷ്യരാശിക്കുള്ള ദൈവത്തിന്റെ രക്ഷാകരപദ്ധതിയും വെളിപ്പെടുത്തുന്ന സഭയുടെ വിശ്വാസപ്രഖ്യാപനമാണ്. സഭാപിതാക്കന്മാർ മറിയത്തെ 'പുതിയ ഹവ്വ' (New Eve) എന്ന് വിശേഷിപ്പിച്ചു. ആദ്യഹവ്വയുടെ അനുസരണക്കേടിലൂടെ ലോകത്തിലേക്ക് കടന്നുവന്ന മരണത്തെ, പുതിയ ഹവ്വയായ മറിയത്തിന്റെ അനുസരണവും വിശ്വാസവും വഴി ക്രിസ്തുവിൽ ജീവന്റെ വിജയമായി ദൈവം വെളിപ്പെടുത്തിയതായി വിശദീകരിക്കുന്നു. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം (CCC 966) പഠിപ്പിക്കുന്നത് നിർമലമായി സംരക്ഷിക്കപ്പെട്ട പരിശുദ്ധ കന്യകാമറിയം തന്റെ ഭൗമികജീവിതം പൂർത്തിയാക്കിയപ്പോൾ ശരീരത്തോടും ആത്മാവോടുംകൂടി സ്വർഗീയമഹത്ത്വത്തിലേക്ക് ഉയർത്തപ്പെട്ടുവെന്നാണ്.

1950 നവംബർ, ജൂബിലി വർഷത്തിൽ പരിശുദ്ധ പിതാവ് പന്ത്രണ്ടാം പീയൂസ് പാപ്പ തന്റെ അപ്പസ്തോലിക പ്രമാണരേഖയായ പരമകാരുണികനായദൈവം (Munificentissimus Deus: Most Bountiful God) പരിശുദ്ധ മാതാവ് സ്വർഗാരോപണം ചെയ്ത എന്ന വിശ്വാസസത്യം ലോകത്തെ അറിയിച്ചു; "നിത്യകന്യകയും അമലോത്ഭവയുമായ ദൈവമാതാവ് അവളുടെ ഇഹലോകവാസം പൂർത്തിയാക്കി സ്വർഗീയ മഹത്ത്വത്തിലേക്ക് ശരീരത്തോടും ആത്മാവേടുംകൂടി ആരോപണം ചെയ്യപ്പെട്ടു." രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ Lumen Gentium C68:69 മറിയത്തെ സഭയുടെ പ്രത്യാശയുടെ അടയാളമായും തീർഥാടനത്തിലുള്ള ദൈവജനത്തിന് ആശ്വാസവും ധൈര്യവും പകരുന്ന മാതാവായും അവതരിപ്പിക്കുന്നു. അവളുടെ മഹത്ത്വീകരണം ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരുടെയും ഭാവിയിലെ മഹത്ത്വത്തിന്റെ മുന്നോടിയാണ്. വി. ജോൺപോൾ രണ്ടാമൻ തന്റെ Redemtoris Mater (1987) എന്ന ചാക്രിക ലേഖനത്തിൽ, പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണം അവളുടെ വിശ്വാസത്തിന്റെയും ദൈവഹിതത്തോടുള്ള സമ്പൂർണ അനുസരണത്തിന്റെയും പരിപൂർണ ഫലമാണെന്ന് പഠിപ്പിക്കുന്നു. ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ "അതെ" എന്നുപറഞ്ഞ് ജീവിതം മുഴുവൻ ക്രിസ്തുവിനോട് ചേർന്നുനിന്ന മറിയം, തന്റെ പുത്രന്റെ ഉയിർപ്പിലും മഹത്ത്വത്തിലും പൂർണമായി പങ്കുചേർന്നു. അതിനാൽ സ്വർഗാരോപണം മറിയം ക്രിസ്തുവിൽ വിശ്വസിക്കുന്ന സഭയെ മഹത്ത്വത്തിലേക്ക് നയിക്കുന്നു. വി. അഗസ്തിനോസ് ഇപ്രകാരം പറയുന്നു: പിതാവായ ദൈവത്തിന്റെ ഓമന പുത്രിയും പുത്രനായ ദൈവത്തിന്റെ മാതാവും പരിശുദ്ധാത്മാവിന്റെ മണവാട്ടിയുമായ പരിശുദ്ധ കന്യകയുടെ ശരീരം മറ്റ് മനുഷ്യരുടേതുപോലെ മണ്ണിലേക്ക് അലിഞ്ഞുചേരാൻ യോജിച്ചതല്ല . പന്ത്രണ്ടാം പീയൂസ് പാപ്പ അഞ്ചാം നൂറ്റാണ്ടിന്റെ മധ്യഘട്ടംമുതൽ ദൈവമാതാവിന്റെ അനുസ്മരണം എന്നൊരു തിരുനാൾ ജറുസലേമിനടുത്തുള്ള ഒരു പുണ്യസങ്കേതത്തിൽ ഓരോ വർഷവും ഓഗസ്റ്റ് 15-ാം തീയതി ആഘോഷിച്ചിരുന്നു. ആറാം നൂറ്റാണ്ടിന്റെ അവസാനത്തോടെ മറിയത്തിന്റെ ഇഹലോകവാസത്തിന്റെ അന്ത്യത്തെ അനുസ്മരിപ്പിക്കുന്ന പറുദീസ പ്രവേശനത്തിരുനാളായി ഇത് പരിണമിച്ചു. പിന്നീട് ഈ തിരുനാൾ മറിയത്തിന്റെ നിദ്രയുടെ തിരുനാൾ എന്നറിയപ്പെടുവാൻ തുടങ്ങി.

സഭയുടെ ആദ്യ കാലഘട്ടത്തിൽതന്നെ മറിയത്തിന്റെ സ്വർഗാരോപണത്തിലുള്ള വിശ്വാസം ശക്തമായിരുന്നു എന്ന് തെളിയിക്കുന്നതാണ് മാർ അപ്രേമിന്റെ ഒരു ഗീതം. ഈ ഗീതത്തിൽ മറിയം പറയുന്നു; ഞാൻ എടുത്തിരുന്ന കുഞ്ഞുതന്നെ എന്നെ സംവഹിച്ചു. അവൻ തന്റെ ചിറകുകൾ വിരിച്ച് എന്നെ ഉയർത്തി. തന്റെ ചിറകുകൾക്കിടയിൽവച്ച് വായുവിലൂടെ എന്നെ സംവഹിച്ചു. മാർ അപ്രേമിന്റെ ഈ ഗീതം മറിയത്തിന്റെ സ്വർഗാരോപണത്തെക്കുറിച്ചുള്ള സൂചനയാണ് നൽകുന്നത്. പൗരസ്ത്യ സഭകളിൽ നിലനിൽക്കുന്ന ശ്ലൈഹിക പാരമ്പര്യമനുസരിച്ച് ക്രിസ്തു ഉയർത്തെഴുന്നേറ്റ എന്നതിന് ഏറ്റവും ഒടുവിൽ സാക്ഷ്യംവഹിച്ച തോമസ്ശ്ലീഹയാണ് ദൈവമാതാവിന്റെ സ്വർഗാരോപണത്തിന് ആദ്യം സാക്ഷിയായത്. അതുമായി ബന്ധപ്പെട്ട് വാമൊഴി പാരമ്പര്യം ഇപ്രകാരമാണ്; മാതാവിന്റെ മരണത്തിന് മൂന്നുദിവസംമുൻപ് ഒരു മാലാഖ പ്രത്യക്ഷപ്പെടുകയും മാതാവിന്റെ മരണത്തെക്കുറിച്ചുള്ള വാർത്ത ശ്ലീഹന്മാരെ അറിയിക്കുകയും ചെയ്തു. എന്നാൽ, തോമസ് ശ്ലീഹ ഒഴിച്ച് എല്ലാവരും മാതാവിന്റെ മരണക്കിടക്കയ്ക്കരികിൽ എത്തുകയും അവളുടെ ദിവ്യമരണം ദർശിക്കുകയും ചെയ്തു. തോമസ് ശ്ലീഹ എത്തുന്നതിനുമുൻപേ സംസ്കാരം കഴിഞ്ഞിരുന്നു. എങ്കിലും യാത്രാമധ്യേ മാതാവിന്റെ സ്വർഗാരോപണം തോമസ് ശ്ലീഹ ദർശനത്തിൽ കാണുകയും അമ്മ തന്റെ അരക്കച്ച സ്വർഗാരോപണത്തിന്റെ അടയാളമായി ശ്ലീഹായ്ക്ക് നല്കുകയും ചെയ്തു. ജറുസലേമിൽ എത്തിയ തോമസ് മാതാവിന്റെ കബറിടം തുറക്കുവാൻ ആവശ്യപ്പെട്ടപ്പോൾ, കബറിടം തുറന്ന ശ്ലീഹന്മാർ കണ്ടത് ഒഴിഞ്ഞ കല്ലറയാണ്. ശ്ലീഹന്മാരുടെ ഇടയിൽ ദൈവമാതാവിനോടുള്ള ഭക്തി കൂടുവാൻ ഈ സംഭവം കാരണമായി.

മറിയം ഒരിക്കലും പാപത്തിന് അധീനയായിരുന്നില്ല. ഉത്ഭവനിമിഷംമുതലേ പരിശുദ്ധയായിരുന്നു. അവളുടെ ആത്മശരീരങ്ങൾ സ്നേഹത്തിന്റെ ഉപകരണങ്ങളായിരുന്നു. നിത്യജീവിതത്തിന്റെ വിത്തുകൾ അവൾ തന്റെ അസ്തിത്വത്തിൽ കാത്തുസൂക്ഷിച്ചു. ദൈവത്തിൽ ജീവിതത്തിന്റെ പൂർണത നേടി. അതുകൊണ്ട് പാപത്തിന്റെ ഫലമായ നിത്യമരണത്തിന് അവൾ വിധേയയായില്ല. ദൈവം അവൾക്ക് ഉത്ഥാനമരുളി; മഹത്ത്വം ധരിപ്പിച്ചു; ദൈവികപദ്ധതിക്കായി പറിച്ചുനട്ടു.



''താൻ മുൻകൂട്ടി നിശ്ചയിച്ചവരെ അവിടുന്നു വിളിച്ചു; വിളിച്ചവരെ നീതീകരിച്ചു; നീതീകരിച്ചവരെ മഹത്ത്വപ്പെടുത്തി'' (റോമാ. 8:30) എന്ന വചനം മറിയത്തിൽ പൂർണമായി നിറവേറി. ഓഗസ്റ്റ് 15-ന് ആഘോഷിക്കുന്ന കന്യകാമറിയത്തിന്റെ സ്വർഗാരോപണ തിരുനാളും ഇന്ത്യയുടെ സ്വാതന്ത്ര്യദിനവും ആത്മീയവും രാഷ്ട്രീയവുമായ സ്വാതന്ത്ര്യത്തെക്കുറിച്ച് ചിന്തിക്കുന്നതിനുള്ള ഒരു സവിശേഷ അവസരമാണ് നല്കുന്നത്. സ്വർഗാരോപണം നിത്യജീവന്റെയും പാപത്തിൽനിന്നും മരണത്തിൽനിന്നുമുള്ള മോചനത്തിന്റെയും ആത്യന്തികമായ പ്രത്യാശയെ സൂചിപ്പിക്കുന്നു. ഇത് മറിയത്തിൽ നിറവേറപ്പെട്ട ഒരു വാഗ്ദാനമാണ്. അതേസമയം ഇന്ത്യയുടെ സ്വാതന്ത്ര്യദിനം, കൊളോണിയൽ ഭരണത്തിൽനിന്നുമുള്ള രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യത്തെയും അടിച്ചമർത്തലിൽനിന്ന് മോചിതരായ ഒരു ജനതയുടെ പ്രത്യാശയെയും അടയാളപ്പെടുത്തുന്നു. പ്രത്യാശ, വിശ്വാസം, വിശ്വാസ്യത എന്നീ ദൈവികപുണ്യങ്ങൾക്കുവേണ്ടിയുള്ള പരിശ്രമം നമ്മുടെ സ്വന്തം ആത്മീയ യാത്രയ്ക്ക് എപ്രകാരം ഒരുക്കണം എന്നതിന്റെ ഉത്തമ മാതൃക മറിയത്തിന്റെ സ്വർഗാരോപണം നൽകുന്നുണ്ട്. അതേസമയം ഇന്ത്യയുടെ സ്വാതന്ത്ര്യത്തെ വിലമതിക്കുവാനും നീതിക്കും സമത്വത്തിനുംവേണ്ടി പ്രവർത്തിക്കുവാനും സമൂഹത്തിന്റെ പുരോഗതിക്കായി സംഭാവന ചെയ്യുവാനും നമ്മെ ഓർമിപ്പിക്കുന്നു. പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യത്താൽ ദൈവം നമ്മെയും നമ്മുടെ രാജ്യത്തെയും അനുഗ്രഹിക്കട്ടെ!

•



കവിത

ഫാ. ഇമ്മനുവേൽ. വൈ



കഴുക ശകടം

മാനത്ത് ചീറിപ്പാഞ്ഞുപോ-
മൊരു കഴുക ശകടത്തെ നോക്കി
കുഞ്ഞുതൻ അമ്മയോടോതി;
'നോക്ക് മമ്മീ മാനത്തൊരു
വുൾച്ചർ വട്ടമിട്ടുപറക്കുന്നു.'

പൈതൽ തൻ കണ്ണുകൾ
വിരൽകൊണ്ടുമൂടി അമ്മ
ഭിത്തിയിൽ തൂക്കിയ കണവന്റെ
ഫോട്ടോ ചൂണ്ടി വിതുമ്പി;
'ആരുടെയോ പകയ്ക്കുമുന്നിൽ
ഏതോ ഒരു കഴുകന്റെ
കൊത്തേറ്റ് ചങ്കു മുറിഞ്ഞ്
നിന്റെ ഡാഡി മരിച്ചുവീണു.'

കഴുക ശകടത്തിലെ സാരഥിയാവാൻ
കൊതിച്ചു പൈതലന്നുമുതൽ

ഒരു ചെറുകിളി പറന്നുപോകുമ്പോഴും
പ്രാർഥിപ്പൂ വൃദ്ധമാതാവ്;
'അതൊരു കഴുക ശകടമാകരുതേ
തമ്പുരാനേ...'



ലേഖനം

ഡോ. ആൻറണി ഡെയ്ൻ
(Behavioural & Emotional
Enrichment Trainer)



പുതിയ അധ്യയനവർഷം: ആശങ്കകളുടെയും പ്രതീക്ഷകളുടെയും 3



എല്ലാ കുട്ടികളും ഒരേപോലെയല്ല പഠിക്കുന്നത്. ഓരോ കുട്ടിയുടെയും ബുദ്ധിശക്തിയും പഠനശേഷിയും ഗ്രഹിക്കാനുള്ള കഴിവുമെല്ലാം വ്യത്യസ്തമായിരിക്കും. ഒരു ക്ലാസ്സ്മുറിയിൽ പലവിധത്തിലുള്ള പഠന ആവശ്യങ്ങളുള്ള കുട്ടികളുണ്ടാകാം. ഇത്തരം സാഹചര്യങ്ങളിൽ, കുട്ടികളുടെ സവിശേഷമായ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് അവർക്ക് അനുയോജ്യമായ പിന്തുണ നൽകാൻ അധ്യാപകരും രക്ഷിതാക്കളും സംയുക്തമായി ശ്രമിക്കേണ്ടതുണ്ട്.

ഒരു കുട്ടിയുടെ പഠനശൈലി ഏതാണെന്ന് സ്കൂളിൽ വെച്ച് അധ്യാപകർക്കും, വീട്ടിൽ വെച്ച് രക്ഷിതാക്കൾക്കും തിരിച്ചറിയാൻ സാധിക്കും. പിടിഎ യോഗങ്ങളിലോ മറ്റ് സമ്പർക്കങ്ങളിലോ ഇവർ ഈ വിവരങ്ങൾ പരസ്പരം പങ്കുവെക്കണം. അധ്യാപകർ ക്ലാസ്സിൽ വിഷ്വൽ എയ്ഡുകളും പ്രായോഗിക പരിശീലനങ്ങളും നൽകുമ്പോൾ, രക്ഷിതാക്കൾ വീട്ടിൽ കുട്ടിയുടെ ശൈലിക്ക് അനുയോജ്യമായ പഠനസഹായങ്ങൾ ഒരുക്കണം. ഈ സംയോജിത ശ്രമം കുട്ടിയുടെ പഠനം എളുപ്പമുള്ളതാക്കി മാറ്റും.

പഠനരീതികളെ തിരിച്ചറിയലും പൊരുത്തപ്പെടലും

കുട്ടികൾ വിവരങ്ങൾ ഗ്രഹിക്കുന്നതിനും മനസ്സിലാക്കുന്നതിനും വ്യത്യസ്തമായ ശൈലികൾ (Learning Styles) ഉപയോഗിക്കാറുണ്ട്. പ്രധാനമായും മൂന്ന് തരത്തിലുള്ള പഠിതാക്കളെ നമുക്ക് കാണാൻ സാധിക്കും:

കാഴ്ചാധിഷ്ഠിത പഠിതാക്കൾ (Visual Learners): ചിത്രങ്ങൾ, ചാർട്ടുകൾ, ഗ്രാഫുകൾ, വീഡിയോകൾ എന്നിവയിലൂടെ കാര്യങ്ങൾ വേഗത്തിൽ മനസ്സിലാക്കുന്നവരാണിവർ.

ശ്രവണാധിഷ്ഠിത പഠിതാക്കൾ (Auditory Learners): അധ്യാപകരുടെ ക്ലാസ്സുകൾ ശ്രദ്ധിച്ച് കേൾക്കുന്നതിലൂടെയും, ഉച്ചത്തിൽ വായിക്കുന്നതിലൂടെയും ചർച്ചകളിൽ പങ്കെടുക്കുന്നതിലൂടെയും പഠിക്കുന്നവർ.

ചലനാധിഷ്ഠിത പഠിതാക്കൾ (Kinesthetic Learners): കാര്യങ്ങൾ സ്വയം ചെയ്തുനോക്കുന്നതിലൂടെയും (Hands-on experiments), പരീക്ഷണങ്ങളിലൂടെയും ശാരീരികമായ ഇടപെടലുകളിലൂടെയും മാത്രം പഠിക്കാൻ താല്പര്യപ്പെടുന്നവർ.

അധ്യാപകരുടെയും രക്ഷിതാക്കളുടെയും പങ്കും സഹകരണവും:

ഒരു കുട്ടിയുടെ പഠനശൈലി ഏതാണെന്ന് സ്കൂളിൽ വെച്ച് അധ്യാപകർക്കും, വീട്ടിൽ വെച്ച് രക്ഷിതാക്കൾക്കും തിരിച്ചറിയാൻ സാധിക്കും. പിടിഎ യോഗങ്ങളിലോ മറ്റ് സമ്പർക്കങ്ങളിലോ ഇവർ ഈ വിവരങ്ങൾ പരസ്പരം പങ്കുവെക്കണം. അധ്യാപകർ ക്ലാസ്സിൽ വിഷ്വൽ എയ്ഡുകളും പ്രായോഗിക പരിശീലനങ്ങളും നൽകുമ്പോൾ, രക്ഷിതാക്കൾ വീട്ടിൽ കുട്ടിയുടെ ശൈലിക്ക് അനുയോജ്യമായ പഠനസഹായങ്ങൾ (ഉദാഹരണത്തിന്, ചലനാധിഷ്ഠിത കുട്ടികൾക്ക് ലെഗോ ബ്ലോക്കുകളോ മാതൃകകളോ നൽകി പഠിപ്പിക്കുക) ഒരുക്കണം. ഈ സംയോജിത ശ്രമം കുട്ടിയുടെ പഠനം എളുപ്പമുള്ളതാക്കി മാറ്റും.

പഠനവൈകല്യങ്ങളെ മറികടക്കൽ

ഡിസ്ലെക്സിയ (Dyslexia - വായനയിലെ ബുദ്ധിമുട്ട്), ഡിസ്കാൽകൂലിയ (Dyscalculia - ഗണിതത്തിലെ ബുദ്ധിമുട്ട്), എ.ഡി.എച്ച്.ഡി (ADHD - ശ്രദ്ധക്കുറവും ചഞ്ചലതയും) തുടങ്ങിയ പഠനവൈകല്യങ്ങളോ സവിശേഷ വെല്ലുവിളികളോ നേരിടുന്ന കുട്ടികളെ കൈകാര്യം ചെയ്യാൻ പ്രത്യേക ശ്രദ്ധ ആവശ്യമാണ്. ഇവിടെ കുട്ടിയുടെ പോരായ്മകളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാതെ, അവരുടെ കഴിവുകളെ മുൻനിർത്തിയുള്ള ഒരു 'പോസിറ്റീവ് സമീപനം' (Strengths-based approach) അധ്യാപകരും രക്ഷിതാക്കളും സ്വീകരിക്കണം. ഇതിനായി ഇരുവിഭാഗത്തിനും താഴെ പറയുന്ന രീതികൾ സംയുക്തമായി നടപ്പിലാക്കാം:

ആദ്യഘട്ടത്തിലെ ഇടപെടലുകൾ (Early Intervention): കുട്ടിയുടെ വായനയിലോ എഴുത്തിലോ ഉള്ള പിന്നാക്കാവസ്ഥ വെറും മടിയാണെന്ന് കരുതി തള്ളിക്കളയാതെ, അധ്യാപകരും രക്ഷിതാക്കളും ചേർന്ന് എത്രയും വേഗം വിദഗ്ധരുടെ (Clinical Psychologists/Special Educators) സഹായം തേടണം

ലക്ഷ്യങ്ങളെ ലഘൂകരിക്കുക: വലിയ പഠനവിഷയങ്ങളെ അല്ലെങ്കിൽ ടാസ്ക്കുകളെ ചെറിയ ചെറിയ ഭാഗങ്ങളാക്കി (Smaller goals) കുട്ടിക്ക് നൽകുക. ഇത് അവരുടെ പഠനഭാരം കുറയ്ക്കും.

കൂടുതൽ വിശ്രമസമയം (Extra Break Time): ഇത്തരം കുട്ടികൾക്ക് ദീർഘനേരം ഒരേ ഇരിപ്പിലിരുന്ന് പഠിക്കാൻ ബുദ്ധിമുട്ടായിരിക്കും. അതിനാൽ ക്ലാസ്സിലും വീട്ടിലും പഠനത്തിനിടയിൽ ചെറിയ ഇടവേളകൾ അനുവദിക്കുക.

ശ്രമങ്ങളെ അഭിനന്ദിക്കുക: മാർക്കിനേക്കാളുപരി കുട്ടി നടത്തുന്ന ഓരോ ചെറിയ പുരോഗതിയെയും (Effort) മാതാപിതാക്കളും അധ്യാപകരും ഒരുപോലെ പ്രശംസിക്കണം. ഇത് അവരുടെ ആത്മാഭിമാനവും (Self-esteem) ആത്മവിശ്വാ



സവും വർധിപ്പിക്കുകയും അവരെ സ്വയംപര്യാപ്തതയിലേക്ക് (Independence) നയിക്കുകയും ചെയ്യും.

ഉൾച്ചേർക്കൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ

വിവിധ തരത്തിലുള്ള ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പൊതുവിദ്യാഭ്യാസ ധാരയുടെ ഭാഗമാക്കുക എന്നതാണ് 'ഉൾച്ചേർക്കൽ വിദ്യാഭ്യാസം' (Inclusive Education) കൊണ്ട് അർഥമാക്കുന്നത്. കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗം ഇന്ന് ഈ ലക്ഷ്യത്തിലേക്ക് വലിയ രീതിയിൽ മുന്നേറുന്നുണ്ട്.

സമൂഹത്തിന്റെ ഉത്തരവാദിത്തം: ഭിന്നശേഷിയുള്ള കുട്ടികളെ മാറ്റിനിർത്താതെ, അവരെ സാധാരണ കുട്ടികളോടൊപ്പം ഇരുത്തി പഠിപ്പിക്കുമ്പോൾ അത് ആ കുട്ടികളിൽ മാത്രമല്ല, മറിച്ച് മറ്റ് കുട്ടികളിലും സഹാനുഭൂതിയും സാമൂഹികബോധവും വളർത്താൻ സഹായിക്കും. ഈ പ്രക്രിയ വിജയകരമാകാൻ അധ്യാപകർ കൂടുതൽ അയവുള്ളവരും (Adaptable), സഹാനുഭൂതിയുള്ളവരും (Empathetic), കുട്ടികളുടെ വ്യത്യാസങ്ങൾക്കനുസരിച്ച് ബോധനരീതികൾ മാറ്റാൻ (Differentiated Instruction) കഴിവുള്ളവരുമാകണം. അതേസമയം, രക്ഷിതാക്കൾ തങ്ങളുടെ കുട്ടികളുടെ അവകാശങ്ങൾക്കായി സ്കൂൾ മാനേജ്മെന്റിനോട് സംസാരിക്കുകയും (Advocacy), ഇത്തരം ഇൻക്ലൂസിവ് രീതികൾക്ക് പൂർണ പിന്തുണ നൽകുകയും വേണം. വിദ്യാലയത്തിൽ ലഭ്യമാകുന്ന റിസോഴ്സ് അധ്യാപകരുടെ (Resource Teachers) സേവനം കൃത്യമായി ഉപയോഗപ്പെടുത്താൻ രക്ഷിതാക്കളെ അധ്യാപകർ പ്രോത്സാഹിപ്പിക്കുകയും വേണം.

സാമൂഹിക മൂല്യങ്ങൾ പകർന്നുനൽകൽ

വിദ്യാഭ്യാസം എന്നത് കേവലം അക്കാദമിക് മികവ് മാത്രമല്ല; സമൂഹത്തിൽ മറ്റ് മനുഷ്യരോടൊപ്പം എങ്ങനെ ജീവിക്കണമെന്ന് പഠിക്കൽ കൂടിയാണ്. അടിസ്ഥാന സാമൂഹിക മൂല്യങ്ങളായ ഊഴം കാത്തുനിൽക്കൽ (Waiting in line), പങ്കുവെക്കൽ (Sharing), മറ്റുള്ളവരോടുള്ള ബഹുമാനം (Respecting others), കരുണയും കരുതലും (Caring) എന്നിവ കുട്ടികൾ പഠിക്കുന്നത് വീടുകളിൽ നിന്നും ക്ലാസ്സ്മുറികളിൽ നിന്നുമാണ്.

ഇക്കാര്യത്തിൽ രക്ഷിതാക്കളും അധ്യാപകരും സ്വീകരിക്കേണ്ട രീതികൾ: ദിനചര്യകളിലൂടെയുള്ള പരിശീലനം: സ്കൂളിൽ ഉച്ചഭക്ഷണ സമയത്ത് വരി നിൽക്കാനും ഭക്ഷണം പങ്കുവെക്കാനും അധ്യാപകർ പഠിപ്പിക്കുമ്പോൾ, വീട്ടിൽ മുതിർന്നവരെ ബഹുമാനിക്കാനും കളിക്കോപ്പുകൾ സഹോദരങ്ങളുമായി പങ്കുവെക്കാനും രക്ഷിതാക്കൾ ശീലിപ്പിക്കണം.

റോൾ മോഡലിംഗ് (Modeling): മുതിർന്നവർ പരസ്പരം എങ്ങനെ പെരുമാറുന്നു എന്ന് നോക്കിയാണ് കുട്ടികൾ മൂല്യങ്ങൾ പഠിക്കുന്നത്. അധ്യാപകരും രക്ഷിതാക്കളും തങ്ങളുടെ ദൈനംദിന ജീവിതത്തിൽ ഈ മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്നവരാകണം.

നേരിട്ടുള്ള ഇടപെടലുകൾ (Direct Intervention): കുട്ടികൾ മറ്റുള്ളവരെ കളിയാക്കുകയോ, സ്വാർഥത കാണിക്കുകയോ ചെയ്യുമ്പോൾ അധ്യാപകരും രക്ഷിതാക്കളും കൃത്യസമയത്ത് ഇടപെട്ട് അത് തെറ്റാണെന്ന് ബോധ്യപ്പെടുത്തണം. എന്നാൽ ഇത് കുട്ടിയെ വേദനിപ്പിക്കുന്ന രീതിയിലാകരുത്.

വ്യത്യസ്തമായ പഠന സാഹചര്യങ്ങളിൽ നിന്നും ശേഷികളിൽ നിന്നും വരുന്ന എല്ലാ കുട്ടികളെയും ഒരുപോലെ ചേർത്തുപിടിക്കാൻ വീടും സ്കൂളും ഒരേ മനസ്സോടെ തയ്യാറാകുമ്പോൾ മാത്രമേ യഥാർഥ വിദ്യാഭ്യാസം സാധ്യമാകൂ. ഓരോ കുട്ടിയുടെയും സവിശേഷതകളെ അംഗീകരിക്കുന്ന ഒരു സംയുക്ത മനോഭാവമാണ് ഇന്നത്തെ കേരളീയ സമൂഹത്തിന് ആവശ്യം.

പങ്കാളിത്തത്തിന്റെ പൂർണ്ണത - ചുമതലകളുടെ സംയോജനം

വിദ്യാഭ്യാസം എന്നത് പരീക്ഷാഹാളിൽ അവസാനിക്കുന്ന ഒരു പ്രക്രിയയല്ല; മറിച്ച് അത് ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്ന, സജീവമായ ഒരു പങ്കാളിത്തമാണ് (Lifelong, dynamic partnership). ഈ പങ്കാളിത്തത്തിൽ രക്ഷിതാക്കൾക്കും അധ്യാപകർക്കും തുല്യവും എന്നാൽ സവിശേഷവുമായ ചുമതലകളാണുള്ളത്. രക്ഷിതാക്കൾ ഒരു കുട്ടിയുടെ ജീവിതത്തിന്റെ അടിത്തറയാണ് പാകുന്നത്. അവർ നൽകുന്ന വൈകാരികമായ സുരക്ഷിതത്വം, ധാർമിക മൂല്യങ്ങൾ, ദൈനംദിന ജീവിതത്തിലെ പ്രായോഗിക പിന്തുണ എന്നിവയാണ് കുട്ടിയുടെ വ്യക്തിത്വത്തിന്റെ ആണിക്കല്ല്.

അതേസമയം, വിദ്യാലയത്തിൽ അധ്യാപകർ ഈ അടിത്തറയ്ക്ക് മുകളിലാണ് കുട്ടിയുടെ ഭാവിയെ കെട്ടിപ്പടുക്കുന്നത്. അവർ നൽകുന്ന അക്കാദമിക് അറിവുകൾ, ധാർമികവും നീതിയുക്തവുമായ വഴികാട്ടലുകൾ, പഠിക്കാനുള്ള പ്രചോദനം എന്നിവ ഒരു കുട്ടിക്ക് തന്റെ ഉള്ളിലെ എല്ലാ കഴിവുകളും (Full potential) തിരിച്ചറിയാനും അവ പുറത്തെടുക്കാനും ആവശ്യമായ താങ്ങായി (Scaffolding) മാറുന്നു. വീടും സ്കൂളും ഒരേ ലക്ഷ്യത്തോടെ ഒരുമിച്ച് നീങ്ങുമ്പോൾ മാത്രമാണ് ഒരു കുട്ടിയുടെ വിദ്യാഭ്യാസം അതിന്റെ പൂർണതയിൽ എത്തുന്നത്.



അന്തിമ ലക്ഷ്യം: മാർക്കുകൾക്കപ്പുറമുള്ള മനുഷ്യത്വം

കേരളത്തിലെ ഇന്നത്തെ സാഹചര്യത്തിൽ നാം പലപ്പോഴും വിദ്യാഭ്യാസത്തെ വിലയിരുത്തുന്നത് മാർക്കുകളുടെയോ ഗ്രേഡുകളുടെയോ അടിസ്ഥാനത്തിലാണ്. എന്നാൽ രക്ഷിതാക്കളും അധ്യാപകരും ചേരുന്ന ഈ കൂട്ടായ വ്യവസ്ഥയുടെ (Collaborative Ecosystem) അന്തിമ ലക്ഷ്യം കേവലം ഉയർന്ന മാർക്കുകൾ വാങ്ങുകയോ, 'ഫുൾ എ പ്ലസ്' വാങ്ങിച്ച് കൂട്ടുകയോ മാത്രമല്ല. പരീക്ഷകളിൽ പരാജയപ്പെട്ടാലും ജീവിതത്തിൽ തളർന്നുപോകാത്ത ഒരു തലമുറയെ വാർത്തെടുക്കുക എന്നതാണ് ഈ കൂട്ടായ്മയുടെ യഥാർഥ വിജയം.

നമ്മുടെ ലക്ഷ്യം:

എല്ലാ മേഖലകളിലും സമഗ്രമായ വികാസം കൈവരിച്ച (Well-rounded), ഏത് പ്രതിസന്ധികളെയും അതിജീവിക്കാൻ ശേഷിയുള്ള (Resilient), ആത്മവിശ്വാസമുള്ള (Confident), സ്വന്തം നാടിന്റെ സാംസ്കാരിക മൂല്യങ്ങളിൽ അധിഷ്ഠിതരായ (Culturally grounded) ഉത്തമ പൗരരെ സൃഷ്ടിക്കുക എന്നതാണ് നമ്മുടെ വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം.

സാങ്കേതികവിദ്യയുടെ അതിപ്രസരമുള്ള, അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്ത് കുട്ടികൾക്ക് കേവലമായ അറിവുകൾ മാത്രം പോരാ; അതിജീവനത്തിനുള്ള മാനസിക കരുത്തും കാരുണ്യവുമുള്ള മനസും ആവശ്യമാണ്. നാളത്തെ ലോകത്ത് സ്നേഹത്തോടെയും ഉത്തരവാദിത്തത്തോടെയും ജീവിക്കാനും, സമൂഹത്തിന് ഗുണപരമായ സംഭാവനകൾ നൽകാനും (Contribute positively to society) നമ്മുടെ കുട്ടികളെ പ്രാപ്തരാക്കേണ്ടതുണ്ട്. അതിനായി നമുക്ക്—രക്ഷിതാക്കൾക്കും അധ്യാപകർക്കും—പരസ്പരം വിരൽ ചൂണ്ടാതെ, ഒരേ മനസ്സോടെ നമ്മുടെ കുട്ടികളുടെ കൈപിടിച്ച് മുന്നോട്ട് നടക്കാം. കാരണം, നമ്മുടെ കുട്ടികളാണ് നാളത്തെ കേരളത്തിന്റെ ഭാവി.

ഉപസംഹാരം

മെയ് മാസത്തിലെ ചൂടുള്ള ഒരു പകലിൽ നമ്മുടെ സ്കൂളിന്റെ മുറ്റം വീണ്ടും ജനനിബിഡമായി. എന്നാൽ ഇത്തവണ അവിടെ ഭയമോ ആശങ്കയോ ഉണ്ടായിരുന്നില്ല; പകരം പ്രതീക്ഷയുടെ അന്തരീക്ഷമായിരുന്നു. വാർഷിക പരീക്ഷയുടെ ഫലപ്രഖ്യാപനം അന്നായിരുന്നു.

ഡേവിഡും അമ്മ റോസ്മേരിയും സ്റ്റാഫ് റൂമിലേക്ക് നടന്നു. റോസ്മേരിയുടെ മുഖത്ത് ജൂൺ മാസത്തിലുണ്ടായിരുന്ന ആ അങ്കലാപ്പ് ഇപ്പോഴില്ല. അവിടെ ഒരു വലിയ ആത്മവിശ്വാസം പ്രകടമായിരുന്നു.

സ്റ്റാഫ് റൂമിൽ അവരെ കാത്ത് പുഞ്ചിരിയോടെ ഡൊമിനിക് സാർ ഇരിപ്പുണ്ടായിരുന്നു. ഡേവിഡിന്റെ റിസൾട്ടിനെക്കുറിച്ച് സാർ പറഞ്ഞു:

"മേഡം, ഡേവിഡ് എല്ലാ വിഷയങ്ങൾക്കും വളരെ നല്ല മാർക്കോടെയാണ് വിജയിച്ചിരിക്കുന്നത്. പ്രത്യേകിച്ച് മാത്സിലും സയൻസിലും അവൻ വലിയ പുരോഗതി കാണിച്ചു."

ഡേവിഡിന്റെ മുഖം സന്തോഷം കൊണ്ട് തിളങ്ങി. റോസ്മേരി നന്ദിയോടെ ഡൊമിനിക് സാറിനെ നോക്കി പറഞ്ഞു: "എല്ലാം സാറിന്റെയും കൂടി ശ്രമം കൊണ്ടാണ്. ആദ്യത്തെ രണ്ട് മാസം അവൻ ക്ലാസ്സിൽ ശ്രദ്ധിക്കുന്നില്ലെന്ന് സാർ ഫോണിൽ വിളിച്ച് പറഞ്ഞപ്പോൾ എനിക്ക് ശരിക്കും വിഷമമായി. പക്ഷേ, സാർ പറഞ്ഞതുപോലെ ഞങ്ങൾ വീട്ടിൽ കടുത്ത നിയന്ത്രണങ്ങൾക്ക് പകരം അവനോടൊപ്പം ഇരുന്ന് കാര്യങ്ങൾ സംസാരിച്ചു. ഡേവിഡിന്റെ പപ്പ ഗൾഫിൽ നിന്ന് എല്ലാ ദിവസവും വൈകുന്നേരം അവനെ വിളിച്ച് കണക്കിലെ സംശയങ്ങൾ തീർക്കാനും അവനോടൊപ്പം സംസാരിക്കാനും സമയം മാറ്റിവച്ചു. അത് അവനിൽ വലിയ മാറ്റമുണ്ടാക്കി."

ഡൊമിനിക് സാർ ഡേവിഡിന്റെ തോളിൽ തട്ടി അഭിനന്ദിച്ചുകൊണ്ട് പറഞ്ഞു: "അതുതന്നെയാണ് ഞാൻ പറഞ്ഞത്. ഡേവിഡിന് വീട്ടിൽനിന്ന് ലഭിച്ച ആ പിന്തുണയാണ് അവനെ ക്ലാസ്സിലും സജീവമാക്കിയത്. അവൻ പഠനത്തിൽ മാത്രമല്ല, നമ്മുടെ സ്കൂളിലെ പരിസ്ഥിതി ക്ലബ്ബിന്റെ ലീഡറായി മികച്ച പ്രവർത്തനമാണ് കാഴ്ചവെച്ചത്. കൂട്ടുകാരോട് സഹകരിക്കാനും മറ്റുള്ളവരെ സഹായിക്കാനും അവൻ കാണിക്കുന്ന മനസ്സ് ഏതൊരു എ പ്ലസിനേക്കാളും വലുതാണ്."

സ്കൂൾ മുറ്റത്തെ തണൽമര ചുവട്ടിലേക്ക് ഇറങ്ങുമ്പോൾ ഡേവിഡ് തന്റെ കൂട്ടുകാരോട് ഉറക്കെ ചിരിച്ച് സംസാരിക്കുന്നുണ്ടായിരുന്നു. മൊബൈൽ സ്ക്രീനുകളിൽ ഒതുങ്ങിപ്പോകുമായിരുന്ന ഒരു കുട്ടിക്കാലത്തെ, അമ്മയുടെ കരുതലോടെയുള്ള ഇടപെടലും അധ്യാപകന്റെ കൃത്യമായ മാർഗനിർദേശവും അച്ഛന്റെ തണലും ചേർന്ന് തിരികെപ്പിടിച്ച നൽകിയിരിക്കുന്നു.

ഡേവിഡിന്റെ വിജയം കേവലം ഒരു കുട്ടിയുടെ വ്യക്തിപരമായ നേട്ടമല്ല. അത് ഒരു അമ്മയുടെ തുറന്ന മനസ്സും, ഒരച്ഛന്റെ കരുതലും, അധ്യാപകരുടെ സ്നേഹപൂർണമായ വഴികാട്ടലും ഒത്തുചേർന്നപ്പോൾ ഉണ്ടായ വിജയമാണ്. വീടും വിദ്യാലയവും പരസ്പരം വിരൽ ചൂണ്ടുന്നതിന് പകരം കൈകോർത്ത് പിടിച്ചാൽ, കേരളത്തിലെ ഓരോ മക്കളും നാളത്തെ ലോകത്തിന്റെ വെളിച്ചമായി മാറും എന്നതല്ലേ നമ്മൾ ഉൾക്കൊള്ളേണ്ടത്! •



വത്തിക്കാന്റെ തിരുമുറ്റത്ത് കേരളത്തിന്റെ അഭിമാനമായി സിസ്റ്റർ സുജിത

സമർപ്പിത ജീവിതത്തിന്റെ കാൽനൂറ്റാണ്ട് പിന്നിടുന്ന സിസ്റ്റർ സുജിത, വത്തിക്കാനിലെ 'ഡി കാസ്റ്ററി ഫോർ ദി ക്ലെർജി' (Dicastery for the Clergy) സെക്രട്ടറി മോൺ. കാർലോ റോബർട്ടോ മരിയ റെഡായെല്ലിയുടെ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. ലോകമെമ്പാടുമുള്ള ശ്രുപതാ വൈദികരുടെ ശ്രുശ്രൂഷയും ശ്രുപീകരണവും ആത്മീയ വളർച്ചയും പ്രോത്സാഹിപ്പിക്കുന്ന വത്തിക്കാനിലെ കേന്ദ്ര വകുപ്പാണ് വൈദികർക്കായുള്ള ഡികാസ്റ്ററി. ഈ വകുപ്പിൽ തന്റെ പുതിയ ശ്രുശ്രൂഷക്കായി പ്രവേശിച്ച സിസ്റ്റർ സുജിത തിരുഹൃദയ സമർപ്പിത സന്യാസ സമൂഹത്തിലെ അംഗമാണ്(OSHJ).

1978 നവംബർ മാസം 9-ാം തീയതി ചുള്ളിമാനൂരിൽ ശ്രീമാൻ സേവ്യറിന്റെയും ശ്രീമതി വത്സലകുമാരിയുടെയും 4 മക്കളിൽ 2-ാമത്തെ മകളായി ജനിച്ചു. 1979 ജനുവരി 13-ന് മാനുവൽ അച്ചനിൽനിന്ന് ജ്ഞാനസ്നാനവും, 1989-ൽ വർഗീസ് ദാസ് അച്ചനിൽനിന്ന് പ്രഥമ ദിവ്യകാരുണ്യവും, 1991 മെയ് 2-ന് സൂസപാക്യം പിതാവിൽനിന്ന് സ്ഥൈര്യ ലേപനവും സ്വീകരിച്ചു. തന്റെ പ്രൈമറി വിദ്യാഭ്യാസം ചുള്ളിമാനൂർ S.H.U.P.S. ലും, ഹൈസ്കൂൾ വിദ്യാഭ്യാസം ആനാട് S.N.V.H.S ലും പൂർത്തിയാക്കിയതിനുശേഷം 1995 മാർച്ച് 7-ന് ദൈവവിളിയോട് ശരിയായി പ്രത്യുത്തരിച്ചുകൊണ്ട്, വാഴ്ത്തപ്പെട്ട മദർ തെരേസ കസീനി 1892 ഫെബ്രുവരി 2-ന് സ്ഥാപിച്ച ഒബ്ലേറ്റ് സിസ്റ്റേഴ്സ് ഓഫ് ദി സേക്രഡ് ഹാർട്ട് ഓഫ് ജീസസ് സന്യാസി സഭയുടെ കഴക്കൂട്ടത്തുള്ള ഫോർമേഷൻ ഹൗസിൽ തന്റെ സന്യാസ ജീവിതത്തിന്റെ ആദ്യകാല പരിശീലനങ്ങൾ ആരംഭിച്ചു. 1996-98 കാലയളവിൽ തുമ്പ സെന്റ് സേവ്യേഴ്സ് കോളേജിൽനിന്നും പ്രീഡിഗ്രി പഠനം പൂർത്തിയാക്കി. 1998 ജൂൺ 18-ന് നോവിഷ്യേറ്റിൽ പ്രവേശിക്കുകയും മഹാജൂബിലി വർഷമായ 2000 ജൂൺ 3-ന് കഴക്കൂട്ടം ഫാത്തിമ മാതാ ഇടവകയിൽവച്ച് സൂസപാക്യം മെത്രാപ്പോലീത്തയുടെ മുഖ്യ കാർമികത്വത്തിൽ അർപ്പിച്ച ദിവ്യബലി മധ്യേ, ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീ വ്രതത്രയങ്ങൾ ആലിംഗനം ചെയ്തുകൊണ്ട് ജീവിതം ആത്മാർപ്പണം ചെയ്തു.

2000 - 2004 കാലയളവിൽ ഇറ്റലിയിലെ കസലെത്തോ പരേത്തേ, വില്ലാസുന്ത എന്നീ കമ്മ്യൂണിറ്റികളിൽ സേവനം ചെയ്തതോടൊപ്പം റോമിലെ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പിരിച്വാലിറ്റി - തെരേസ്യാനത്തിൽ സ്പിരിച്വൽ തിയോളജിയിൽ ഡിപ്ലോമ കരസ്ഥമാക്കി. 2004 - 2005 - ൽ തേവൻപാറ ക്രിസ്തു കിരൺ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ അധ്യാപികയായി സേവനം ചെയ്തു. 2005 - 2007 കാലയളവിൽ തിരുവനന്തപുരം അതിരൂപതയിലെ തിരുജ്യോതി റ്റി.റ്റി.ഐ-ൽ നിന്നും T.T.C. പഠനം പൂർത്തിയാക്കി. 2007 മുതൽ 2016 വരെ തേവൻപാറ ക്രിസ്തു കിരൺ ബോയ്സ് ഹോമിന്റെ ഡയറക്ടറായും ക്രിസ്തു കിരൺ സ്കൂളിന്റെ പ്രിൻസിപ്പലായും സേവനം ചെയ്തു. 2013 - 2017 കാലയളവിൽ ഒബ്ലേറ്റ് സന്യാസി സഭയുടെ ഇന്ത്യൻ റീജിയന്റെ മേലധികാരിയായി സേവനമനുഷ്ഠിച്ചു.

2016 - 2017ൽ കഴക്കൂട്ടം ഫോർമേഷൻ ഹൗസിൽ ആയിരുന്നുകൊണ്ട് കേരള സർവകലാശാലയിൽനിന്നും ഇംഗ്ലീഷ് ബിരുദം പൂർത്തിയാക്കി. 2017 - 2018 - ൽ റോമിലെ മദർ ഹൗസിൽ സേവനം ചെയ്തു. 2018 ജൂൺ മുതൽ 2024 വരെ വെസ്റ്റ് ആഫ്രിക്കയിലെ ഗിനിയ ബിസാവു എന്ന രാജ്യത്ത്, ബിസാവു ശ്രുപതയുടെ സെന്റ് ജോസഫ്സ് സ്പിരിച്വാലിറ്റി സെന്ററിന്റെ ഡയറക്ടറായി സേവനമനുഷ്ഠിച്ചു.

വിശ്വസ്തതയോടെ ഇരുപത്തിയഞ്ചാണ്ടുകൾ വിവിധ മിഷനറി മേഖലകളിൽ വ്യാപരിച്ച സിസ്റ്റർ സുജിതയ്ക്ക്, വത്തിക്കാന്റെ ഈ പുതിയ ഉന്നത പദവിയിലൂടെ സുവിശേഷ പ്രഘോഷണ രംഗത്തും കൂടുതൽ തിളങ്ങാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

•കാനോൻ നിയമം

സഭാപരമായ മൃതസംസ്കാരങ്ങൾ അനുവദിക്കപ്പെടേണ്ടവരും നിരസിക്കപ്പെടേണ്ടവരും



ഫാ. ജോസ് ജി., അതിരൂപത ചാൻസിലർ

സാധാരണയായി, മരണമടയുന്ന എല്ലാ കത്തോലിക്കാവിശ്വാസികൾക്കും സഭാപരമായ മൃതസംസ്കാരം അനുവദിക്കേണ്ടതാണ്. കത്തോലിക്കാ സഭയിൽ ജ്ഞാനസ്നാനം സ്വീകരിച്ചവരും കത്തോലിക്കാ സഭയിലേയ്ക്ക് സ്വീകരിക്കപ്പെട്ട ക്രൈസ്തവരും കത്തോലിക്കാ വിശ്വാസികളാണ്. ഇതിനപ്പുറമേ, സഭാപരമായ മൃതസംസ്കാരം അനുവദിക്കപ്പെടേണ്ടവരെക്കുറിച്ചാണ് ലത്തീൻ സഭയ്ക്കു വേണ്ടിയുള്ള കാനോൻ നിയമം (CIC) 1183 വിവരിക്കുന്നത്. അതനുസരിച്ച്, കത്തോലിക്കാ വിശ്വാസികളെക്കൂടാതെ താഴെപ്പറയുന്ന അംഗങ്ങൾക്കും സഭാപരമായ മൃതസംസ്കാരം അനുവദിക്കാവുന്നതാണ്:

1. കാറ്റെക്കുമെൻസ്. ഇവർ ജ്ഞാനസ്നാനാർഥികളാണ്. ഏഴുവയസ്സെങ്കിലും പൂർത്തിയായവരും തിരിച്ചറിവുള്ളവരും ജ്ഞാനസ്നാനാർഥിയായി ഔദ്യോഗികമായി സ്വീകരിക്കപ്പെട്ടവരുമാണ് ഇവർ.

2. മാതാപിതാക്കൾ ജ്ഞാനസ്നാനം നല്കണമെന്നാഗ്രഹിച്ചിരുന്നതും എന്നാൽ ജ്ഞാനസ്നാനം സ്വീകരിക്കുന്നതിനുമുമ്പ് മരണമടഞ്ഞതുമായ കുട്ടികൾ. പ്രാദേശിക സഭാധികാരിയുടെ അനുവാദം ഇതിനായി നിർദേശിച്ചിരിക്കുന്നു.

3. മരണമടഞ്ഞവരുടെ ആഗ്രഹത്തിന് വിരുദ്ധമല്ലാതിരിക്കുകയും അവരുടെതന്നെ കാർമികൻ ലഭ്യമല്ലാതിരിക്കുകയുമാണെങ്കിൽ ജ്ഞാനസ്നാനം സ്വീകരിച്ച അകത്തോലിക്കാസഭയിലോ സമൂഹത്തിലോ പെട്ടവർ. ഇതിന് പ്രാദേശിക സഭാധികാരിയുടെ അനുവാദം നിർബന്ധമാണ്.

കത്തോലിക്കാ വിശ്വാസികളായിരുന്നവരും താഴെപ്പറയുന്ന സാഹചര്യങ്ങളിൽ ഏതെങ്കിലും ഒന്നോ അതിലധികമോ അവസ്ഥയിലൂടെ കടന്നുപോയവരും മരണത്തിനുമുമ്പ് അനുതാപത്തിന്റെ അടയാളം കാണിക്കാത്തവരുമായവർക്ക് CIC 1184 പ്രകാരം സഭാപരമായ മൃതസംസ്കാരം നിഷേധിക്കാവുന്നതാണ്.

സഭാപരമായ മൃതസംസ്കാരം നിഷേധിക്കാവുന്ന വ്യക്തികൾ:

1. കുപ്രസിദ്ധരായ വിശ്വാസപരിത്യാഗികൾ (apostates), പാഷണ്ഡികൾ (heretics - പ്രഖ്യാപിത വിശ്വാസസത്യങ്ങൾക്കും പ്രബോധനങ്ങൾക്കും വിരുദ്ധമായ അഭിപ്രായത്തിലും നിലപാടിലും ഉറച്ചുനിൽക്കുന്നവർ), ശീശ്മക്കാർ (schismatics- സഭാപഠനങ്ങളോടും അധികാരികളോടുമുള്ള വിയോജിപ്പുകാരണം സഭാസമൂഹത്തിൽ ഭിന്നതയുണ്ടാക്കാനോ ഭിന്നത പ്രോത്സാഹിപ്പിക്കാനോ ശ്രമിക്കുന്നവർ).

2. ക്രിസ്തീയ വിശ്വാസത്തിന് എതിരായ കാരണങ്ങളാൽ സ്വന്തം ശരീരം ദഹിപ്പിക്കണമെന്ന് തീരുമാനിച്ചവർ.

3. വിശ്വാസികൾക്ക് പരസ്യമായ ഉതപ്പുകൂടാതെ സഭാപരമായ മൃതസംസ്കാരം നടത്താൻ കഴിയാത്ത മറ്റു പരസ്യപാപികൾ. (CIC 1331-1332 പ്രകാരമുള്ള ശിക്ഷകൾക്ക് നിയമപരമായി വിധേയരായവരെയാണ്, സാധാരണയായി, ഈ ഗണത്തിൽപ്പെടുത്തുന്നത്).

CIC 1185 പ്രകാരം സഭാപരമായ മൃതസംസ്കാരം നിഷേധിക്കപ്പെട്ടവർക്ക് മൃതസംസ്കാര ദിവ്യബലിയും നിഷേധിക്കേണ്ടതാണ്.

CIC 1184,1 പ്രകാരം, സഭാപരമായ മൃതസംസ്കാരം നിഷേധിക്കാവുന്ന അവസ്ഥയിലൂടെ കടന്നുപോകുന്നവർ മരണത്തിനുമുമ്പ് അനുതപിച്ചാൽ സഭാപരമായ മൃതസംസ്കാരം നിഷേധിക്കാൻ പാടുള്ളതല്ല. •



വിദ്യാഭ്യാസശുശ്രൂഷ, തിരുവനന്തപുരം അതിരൂപത

സ്റ്റുഡൻസ് ഫോറം യോഗസഹായി

ആഗസ്റ്റ് മാസത്തെ യോഗസഹായി (5,6,7 ക്ലാസുകൾക്ക്)

> **പ്രാർഥനാ ഗാനം**

> **പ്രാർഥന** (എല്ലാവരും ഏറ്റുചൊല്ലുന്നു)

കൃപാനിധിയായ ദൈവമേ, ജീവജാലങ്ങളും മനുഷ്യരും അടങ്ങിയ പ്രകൃതിയെ സംരക്ഷിക്കണമെന്നുള്ള ബോധ്യം കുട്ടികളായ ഞങ്ങൾക്ക് നൽകണമേ. മനുഷ്യനും പ്രകൃതിയുംതമ്മിലുള്ള ബന്ധം ഇഴപിരിയാത്ത സത്യമാണെന്ന് തിരിച്ചറിയാൻ കൃപ നൽകണമേ. പ്രകൃതിയുടെ സ്വാഭാവികതാളത്തിനു ഭംഗംവരുത്തി നാം നേടുന്നതെല്ലാം നമ്മുടെ ഭാവിക്കു തന്നെ ദോഷകരമാണ്. പ്രകൃതിയെ കൂടുതൽ സ്നേഹിക്കുവാനും, അതിനു പ്രഹരമേല്പിക്കുന്ന എല്ലാവിധത്തിലുള്ള പ്രവർത്തികളിൽ നിന്നും മാറി നിൽക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ. ആമേൻ.

1സ്വർഗ, 1നന്മനിറഞ്ഞ മറിയമേ, 1ത്രീത്വസ്തുതി

> **സ്വാഗതം** (പ്രസിഡൻറ്)

> **റിപ്പോർട്ട്** (സെക്രട്ടറി)

> **ഹാജർ** (സെക്രട്ടറി)

> **അധ്യക്ഷപ്രസംഗം** (പ്രസിഡന്റ്)

പ്രിയപ്പെട്ട കൂട്ടുകാരേ, ഈ മാസത്തെ ചിന്താവിഷയം "കരുതലാകാം നാളേക്കു വേണ്ടി" ഒരു വൃക്ഷത്തിന്റെ സംഭാഷണം ശ്രദ്ധിക്കാം.

ഞാൻ ഒരു വലിയ വൃക്ഷമാണ്. എനിക്ക് നിറയെ കൂട്ടുകാരുണ്ടായിരുന്നു. എന്നെപ്പോലെ ഒരുപാട് വൃക്ഷങ്ങൾ ചേർന്ന ഒരു കൂട്ടം ആയിരുന്നു ഞങ്ങളുടേത്. ഞങ്ങളുടെ ചില്ലകളിൽ നിറയെ പക്ഷികൾ വന്നിരിക്കും. ഞങ്ങളുടെ ഫലങ്ങൾ സ്വീകരിക്കാൻ പക്ഷികളും മൃഗങ്ങളും മനുഷ്യരും പതിവായി എത്തുന്നു. പക്ഷേ, ഞങ്ങളിൽ പലരും ഇന്നില്ല. അവരൊക്കെ പല രൂപത്തിൽ പല വസ്തുക്കളായി മാറ്റപ്പെട്ടു. അവ മനുഷ്യർക്കുവേണ്ടി കട്ടിലും കസേരയും മേശയും ജനലും ആയി മാറിയിരിക്കുന്നു. പേപ്പർ, ബുക്കുകൾ എന്നിവ നിർമ്മിക്കാൻ മനുഷ്യർ ഞങ്ങളെ ഉപയോഗിക്കുന്നു. മനുഷ്യരുടെ ഈ അമിതോപയോഗംകാരണം ഞങ്ങൾ ഇന്ന് നാമമാത്രമായി. ഞങ്ങളുടെ എണ്ണം കുറഞ്ഞുവരികയാണ്. പ്രകൃതിവിഭവങ്ങളെ കരുതലില്ലാതെ കൈകാര്യം ചെയ്താൽ പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് കോട്ടം വരുകയും അതുവഴി ജീവജാലങ്ങൾക്ക് ജീവിക്കാൻ പറ്റാത്തവിധം പ്രകൃതി മാറുകയുംചെയ്യും.

പ്രതിജ്ഞ

പ്രകൃതി വിഭവങ്ങൾ അമൂല്യവും അവ സംരക്ഷിക്കേണ്ടത് എന്റെ കർത്തവ്യവുമാണെന്ന് ഞാൻ തിരിച്ചറിയുന്നു. പരിമിതമായ ഉപയോഗത്തിലൂടെ പ്രകൃതി വിഭവങ്ങൾ ഞാൻ സംരക്ഷിക്കും. മുൻതലമുറ ഞങ്ങൾക്കായി കരുതിവച്ച പ്രകൃതിസമ്പത്ത് വരുംതലമുറയ്ക്ക് കൂടുതൽ മികവോടെ കൈമാറുമെന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

വായന പരിശീലനം

(ന്യൂസ് പേപ്പർ എഡിറ്റോറിയൽ പേജ് (മലയാളം /ഇംഗ്ലീഷ്)

പ്രസംഗ പരിശീലനം

(അഞ്ചുപേർ 2 മിനിറ്റ് വീതം)

വിഷയം:

- പ്രകൃതിയെ ഹാനികരമാക്കുന്നതെന്തൊക്കെ?
- പ്രകൃതിയെ എങ്ങനെ സംരക്ഷിക്കാം?
- പ്രകൃതി വിഭവങ്ങൾ ഏതൊക്കെയാണ്?

മത്സരങ്ങൾ (ഉപന്യാസം, കവിത, കഥ, ചിത്രരചന)

- പ്രകൃതി നമ്മുടെ അമ്മ
- പച്ചപ്പിന്റെ ഭംഗി
- നിറങ്ങൾ നഷ്ടമാകുമ്പോൾ
- പ്രകൃതിയുടെ സൗന്ദര്യം

> **ജന്മദിനാശംസകൾ/ അഭിനന്ദനങ്ങൾ**

> **വിദ്യാഭ്യാസ സമിതിയിൽനിന്നുള്ള അറിയിപ്പുകൾ** (ഇടവക/ ഫൊറോന/രൂപത)

> **ചർച്ച:**

> **അടുത്ത മാസത്തെ പ്രവർത്തനം:**

പഴയ നോട്ടുബുക്കിൽനിന്നും ഉപയോഗിക്കാത്ത പേപ്പറുകൾ ശേഖരിച്ച് പുതിയ നോട്ട്ബുക്ക് ഉണ്ടാക്കുക.

> നന്ദി

> മാതാവിനോടുള്ള ഗാനം

യോഗസഹായി (8,9,10 ക്ലാസുകൾക്ക്)

> **പ്രാർഥനാ ഗാനം**

> **പ്രാർഥന** (എല്ലാവരും ഏറ്റുചൊല്ലുന്നു)

സ്നേഹനിധിയായ ദൈവമേ, ഈ ഭൂമിയിൽ ആരും നിസ്സാരരല്ല എന്ന യാഥാർത്ഥ്യം തിരിച്ചറിയാൻ സഹായിക്കണമേ. മറ്റുള്ളവരുടെ കഴിവുകളും ന്യൂനതകളും ഉൾക്കൊള്ളുകയും അവരെ അംഗീകരിക്കുകയും ചെയ്യുന്നതിന് ഞങ്ങളെ പ്രാപ്തരാക്കണമേ. ലോകത്തിൽ ഒരു വ്യക്തിയും പൂർണ്ണനല്ല എന്നും കഴിവുകളും കുറവുകളും എല്ലാവരിലുമുണ്ടെന്നും തിരിച്ചറിഞ്ഞ് പരസ്പരം മാനിച്ചും ഒത്തൊരുമയോടും ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ആമേൻ.

1സ്വർഗ, 1നന്മനിറഞ്ഞ മറിയമേ, 1ത്രീത്വസ്തുതി



> **സ്വാഗതം** (പ്രസിഡൻറ്)
> **റിപ്പോർട്ട്** (സെക്രട്ടറി)
> **ഹാജർ** (സെക്രട്ടറി)
> **അധ്യക്ഷപ്രസംഗം** (പ്രസിഡന്റ്)

പ്രിയപ്പെട്ടവരേ, ഈ മാസത്തെ ചിന്താവിഷയം "ആരും നിസ്സാരരല്ല" എന്നതാണ്. ഒരു കഥ കേട്ടാലോ.

ദിവസവും വെള്ളം കൊണ്ടുവരാനുപയോഗിക്കുന്ന മൺകുടത്തിന്റെ ഒരു വശം പൊട്ടിയിട്ടും അതിനെ ഉപേക്ഷിക്കാത്ത വൃദ്ധയെ ബന്ധുക്കളും പരിസര വാസികളും കളിയാക്കി. പൊട്ടിയ കുടം കൊണ്ടുനടക്കുന്നത് ബുദ്ധിശൂന്യമാണ്. എന്നാൽ വൃദ്ധ അവരുടെ വാക്കുകൾ ചെവിക്കൊണ്ടില്ല.

വൃദ്ധ തന്റെ പ്രവൃത്തി തുടർന്നു. ആളുകളുടെ കളിയാക്കലിന്റെ ശക്തിയും കൂടിക്കൂടി വന്നു. പൊട്ടിയ കുടത്തിൽനിന്നും ചോർന്ന വെള്ളം വഴിവക്കിലെ ചെടികൾക്ക് പുതുജീവൻ പകരുകയും, അവ തഴച്ചുവളരുകയും ചെയ്തു. അവ തണൽവൃക്ഷങ്ങളും, ഫലവൃക്ഷങ്ങളും ആയപ്പോൾ വൃദ്ധയെ കളിയാക്കിയവർ അവരോട് പറഞ്ഞു. ഞങ്ങൾക്കുവേണ്ടി മുത്തശ്ശിചെയ്ത പ്രവൃത്തി എത്ര മഹത്തരമാണ്. അതിനെക്കാളുപരി പൊട്ടിയ കുടത്തെ ഉപേക്ഷിക്കാത്ത നിങ്ങളുടെ മനസ്സ് അതീവ ശ്രേഷ്ഠംതന്നെ. സൂര്യതാപത്താൽ ചുട്ടുപഴുത്തിരുന്ന ഈ പാതവക്കിൽ കുളിർമയുടെ ഹരിത വൃക്ഷങ്ങൾ വളരുവാൻ അവസരം ഒരുക്കിയത് ഒരു പൊട്ടിയ കുടം തന്നെയല്ലേ? അതിനാൽ പൊന്നിൻകുടത്തേക്കാൾ ശ്രേഷ്ഠമാണ് ഞങ്ങൾക്കീ പൊട്ടിയ കുടം. ആരും നിസ്സാരരല്ല.

വായന പരിശീലനം
(ന്യൂസ് പേപ്പർ എഡിറ്റോറിയൽ പേജ് (മലയാളം /ഇംഗ്ലീഷ്)

പ്രസംഗ പരിശീലനം
(അഞ്ചുപേർ 2 മിനിറ്റു വീതം)
വിഷയം:
- ഹാനികരമാക്കുന്നതെന്തൊക്കെ?
- കഴിവുകളില്ലാത്തവരായി ആരുമില്ല
- പുഞ്ചിരിപോലും ഒരു കഴിവാണ്

മത്സരങ്ങൾ (ഉപന്യാസം, കവിത, കഥ, ചിത്രരചന)
- ആരെയും നിസ്സാരരായി കരുതരുത്.
- വാക്കുകൾ മുറിപ്പെടുത്തുമ്പോൾ ആരെയും കുറ്റപ്പെടുത്താതിരിക്കാം.
- നിസ്സാരമെന്ന് തോന്നുന്നത് എന്തൊക്കെ?

> ജന്മദിനാശംസകൾ/ അഭിനന്ദനങ്ങൾ

> വിദ്യാഭ്യാസ സമിതിയിൽനിന്നുള്ള അറിയിപ്പുകൾ (ഇടവക/ ഫൊറോന/രൂപത)

> ചർച്ച:

> അടുത്ത മാസത്തെ പ്രവർത്തനം:

നിസ്സാരമെന്ന് ഇതുവരെ കണക്കാക്കിയിരുന്ന ഒരു വസ്തുവിനെയോ വ്യക്തിയേയോ കുറിച്ച് ഒരു ചെറുകുറിപ്പ് എഴുതി വരിക.

> നന്ദി

> മാതാവിനോടുള്ള ഗാനം

വിനിമയ വുമൺ ഓഫ് ദ ഇയർ 2026 സിന്ധു മരിയ നെപ്പോളിയന്



ഇക്കൊല്ലത്തെ വിനിമയ വുമൺ ഓഫ് ദ ഇയറായി സിന്ധു മരിയ നെപ്പോളിയനെ തിരഞ്ഞെടുത്തു. പൂല്ലുവിള മത്സ്യത്തൊഴിലാളി ഗ്രാമത്തിലെ നെപ്പോളിയൻ - മരിയ ദമ്പതിമാരുടെ മകളായ സിന്ധു മരിയ നെപ്പോളിയൻ അമേരിക്കയിലെ കൊളറാഡോ യൂണിവേഴ്സിറ്റിയിൽ കമ്മ്യൂണിക്കേഷൻ മേഖലയിൽ ഗവേഷകയാണ്. മാർ ഇവാനിയോസിൽനിന്ന് മാധ്യമ ബിരുദ പഠനവും ഹൈദരാബാദ് യൂണിവേഴ്സിറ്റിയിൽനിന്ന് മാധ്യമത്തിൽ ബിരുദാനന്തര ബിരുദവും നേടിയ സിന്ധു ഗവേഷണത്തിന് ചേരുന്നതിനുമുൻപ് ഏഷ്യാനെറ്റ് ചാനലിൽ റിപ്പോർട്ടറായി ജോലിചെയ്തിരുന്നു. ചെന്നൈ IIT ഉൾപ്പെടെ വിവിധ സ്ഥാപനങ്ങളിൽ പ്രോജക്ട് വർക്ക് ചെയ്തതോടോപ്പം തീരദേശത്തെ സാമൂഹിക - സാംസ്കാരിക മേഖലകളിൽ സജീവമായി ഇടപെട്ടിരുന്നു.

വിഴിഞ്ഞം സമരകാലത്ത് ജനപക്ഷത്തുനിന്നുകൊണ്ട് മാധ്യമങ്ങളുടെ വാർത്താ വിഭാഗത്തോട് നിലപാടുകൾ അറിയിച്ചിരുന്നു. തീരത്തിന് ഒരു കമ്മ്യൂണിറ്റി റേഡിയോ പരീക്ഷിച്ചു വിജയിപ്പിക്കുന്നതിലും സിന്ധു സജീവമായി ഉണ്ടായിരുന്നു. സിന്ധുവിന്റെ അതിജീവന ശ്രമങ്ങളെയും സാമൂഹിക - പാരിസ്ഥിതിക പ്രതിബദ്ധതയെയും കണക്കിലെടുത്താണ് തിരുവനന്തപുരത്തെ എഴുത്തുകാരികളുടെ കൂട്ടായ്മയായ വിനിമയ - വുമൺ ഓഫ് ലെറ്റേഴ്സ്, 2026-ലെ വിനിമയ - വുമൺ ഓഫ് ദ ഇയർ പുരസ്കാരത്തിന് സിന്ധുവിനെ തിരഞ്ഞെടുത്തത്. മെമെന്റോയും പ്രശസ്തിപത്രവും ക്യാഷ് അവാർഡും ജൂലൈ 1-ന് സംഘടിപ്പിച്ച വിനിമയുടെ എട്ടാം പിറന്നാളാഘോഷച്ചടങ്ങിൽവച്ച് സിന്ധുവിന് സമ്മാനിച്ചു.

ലേഖനം

മീര രാജലക്ഷ്മി



വെയിലിനെന്തു ഭംഗി

ഓണവെയിലും ഓണക്കാറ്റും വിളിച്ചുചൊല്ലി, ഓണമിങ്ങെത്തി. തൊടിയിലെ കിളികളും പൂക്കളും വിളിച്ചുചോദിച്ചു ഒരുങ്ങിയില്ലേ ഇതേവരെ? കർക്കിടകം പെയ്തൊഴിഞ്ഞാൽപിന്നെ ചിങ്ങത്തിന്റെ വരവായി. കൊല്ലവർഷത്തിലെ ആദ്യമാസമാണ് ചിങ്ങം. അതുകൊണ്ടുതന്നെ മലയാളിക്കിത് പുത്താണ്ടാണ്. അത്തം പത്തിന്പൊന്നോണം എന്ന കാര്യത്തിൽമാത്രം ഒരു മാറ്റവുമില്ല. ഓലക്കുടയും ചൂടി മഹാബലി തന്റെ പ്രജകളുടെ ക്ഷേമം അന്വേഷിക്കാനായി എത്തുന്നു. മുറ്റത്ത് പൂക്കളമൊരുക്കി നാം വരവേല്ക്കുന്നു.



എന്നുമുതലാണ് മലയാളി ഒണം ആഘോഷിച്ചു തുടങ്ങിയത് എന്ന ചോദ്യത്തിന് പെട്ടെന്നൊരുത്തരം പറയാനേ കഴിയില്ല. ചരിത്രവും മിത്തും ഇടകലർന്ന ഓണത്തിന്റെ പുരാവൃത്തത്തിലും കാലഗണനയിലും പണ്ഡിതർക്ക് വേറിട്ട അഭിപ്രായങ്ങളുണ്ട്. പുരാണങ്ങളിൽ വാമന മൂർത്തീ പരാമർശങ്ങളുണ്ട്. എന്നാൽ മഹാബലിയുടെ കഥയുമായി ഇതിന് നേരിട്ട് ബന്ധമില്ല. പ്രാചീന തമിഴകത്തെ സംഘസാഹിത്യത്തിൽ മധുരൈകാഞ്ചിയെന്ന കൃതിയിൽ വിളവെടുപ്പിന്റെ ആഘോഷമെന്ന നിലയിലും ജനകീയമായ കാർഷികോത്സവം എന്ന രീതിയിലും ഓണത്തിന്റെ സൂചനകളുണ്ട്. കൂടാതെ ബൗദ്ധ ജൈന കാലത്തെ അടയാളപ്പെടുത്തുന്ന പൗരാണിക രേഖകളിൽ ഓണം എന്ന മിത്തിന്റെ സൂചനകൾ ഉൾച്ചേർന്നിരിക്കുന്നു.

നാടിന്റെ സംസ്കൃതിയിൽ ആഴത്തിൽ വേരുകളുള്ള വ്യത്യസ്ത ധാരകൾ, സങ്കല്പങ്ങൾ കൂടിക്കലർന്ന് പരിണമിച്ചുണ്ടായിട്ടുള്ളതാവാം എന്ന നിരീക്ഷണവും പ്രസക്തമാണ്. നമ്മുടെ നാടോടി പാരമ്പര്യത്തിലും ഗോത്രസ്മൃതികളിലും ഓണം ഇടകലർന്നിരിക്കുന്നു. ഓണക്കളികളും ഓണപ്പാട്ടുകളും ആചാരങ്ങളും പ്രാദേശിക ഭേദങ്ങളനുസരിച്ച് പുതുക്കപ്പെട്ട് സജീവമായിത്തന്നെ നമുക്കിടയിൽ ഇന്നുംനില നിൽക്കുന്നു. പുലികളി, ഓണപ്പൊട്ടൻ, ഓണവില്ല് തുടങ്ങി കൈകൊട്ടിക്കളി, വള്ളംകളി, വടംവലി, ഊഞ്ഞാലാട്ടം എന്നിങ്ങനെ എത്ര!

മാവേലി നാട്ടു വാണീടുംകാലം
മാനുഷരെല്ലാരും ഒന്നുപോലെ
കള്ളവുമില്ല ചതിവുമില്ല
കള്ളത്തരങ്ങൾ മറ്റൊന്നുമില്ല...

പ്രസിദ്ധമായ മാവേലിപ്പാട്ട് ഓണത്തിന്റെ വിളംബര ഗാനമാണ്. പ്രാചീനമായ ഈ നാടൻപാട്ട് ആദ്യത്തെ ആറുവരികൾ അതേപോലെ നിലനിർത്തി, ഇന്നുകാണുന്ന രൂപത്തിൽ ജനപ്രിയമാക്കിയതിനുപിന്നിൽ സാമൂഹ്യപരിഷ്കർത്താവും ആശയഗംഭീരനുമായ സഹോദരൻ അയ്യപ്പനാണ്. ജാതി മത വർണ്ണ വൈരുദ്ധ്യങ്ങൾക്കെതിരേയും തൊട്ടുകൂടായ്മക്കെതിരേയുമുള്ള ഉണർത്തു പാട്ടായി മാവേലിപ്പാട്ടിനെ കാണാം. ഹിന്ദുവും ക്രിസ്ത്യനും മുസൽമാനും ഒരുപോലെ നെഞ്ചേറ്റുന്ന ഓണം കേരളത്തിൽ സാഹോദര്യത്തിന്റേയും സമഭാവനയുടേയും ഊട്ടും പാവും നെയ്യുന്നു.

ഓണക്കാലത്ത് മധുരവും രുചികളും സ്നേഹസന്ദേശങ്ങളും കടൽകടന്ന് അങ്ങോട്ടും ഇങ്ങോട്ടും സഞ്ചരിക്കുന്നു. അധ്വാനത്തിന്റെ മഹത്ത്വമാണ് ഓണം വിളംബരം ചെയ്യുന്നത്. വിതച്ചാൽ കൊയ്യാമെന്ന്, നേട്ടങ്ങൾ പകുത്താൽ കോട്ടങ്ങൾ മാറുമെന്ന്, പൂവിന്റെ സ്നിഗ്ധത അറിയുന്ന ഒരു വിരൽത്തുമ്പ് കാടിനെ കാത്തു കൊള്ളുമെന്ന്.

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള കാലാതീതമായ വിനിമയ ലോകത്തെ അടുത്തറിയാനുള്ള സന്ദർഭമാണ് ഓണം ഒരുക്കുന്നത്. നാല്പത്തിനാല് നദികളും ഊര് കാക്കുന്ന മലകളും കടലും തീരവുമുള്ള ഹരിത സമൃദ്ധമായ നാട്. ഓണവെയിലും ഓണനിലാവും നമുക്ക് അത്രമേൽ പ്രിയങ്കരമാണ്. എന്നാൽ ഇതൊക്കെ കാത്തുസൂക്ഷിക്കുവാനും വരും തലമുറയ്ക്ക് കൈമാറുവാനും നമുക്ക് ഉത്തരവാദിത്തമുണ്ട്. പൂവാം കുന്നലും മുക്കുറ്റിയും ഓണത്തുമ്പയും പുസ്തകത്താളിൽ മാത്രമായി ഒതുങ്ങിപ്പോകരുത് എന്നു നമുക്കാശിക്കാം.

ചിങ്ങം ഒന്ന് കർഷകദിനമാണ്. നെൽവയലുകൾ കളമൊഴിയുന്ന കാലമാണിത്. പൂപ്പാടങ്ങളിൽ ബന്തിയും വാടാമുല്ലയും ഒരുങ്ങുന്നു. പച്ചക്കറികൾ വിളയുന്നു. ഓണം വിപണിയുടെകൂടി ഉത്സവമാണ്. ഓണം അതിന്റെ ഗൃഹാതുര സ്മൃതികളോടെ പുതിയ കാലത്തേക്ക് കടക്കുകയാണ്. സർക്കാർ തലത്തിൽ ആഘോഷരാവുകളൊരുങ്ങുന്നു. വിനോദസഞ്ചാരികളെത്തുന്നു.

ലോകമെമ്പാടുമുള്ള മലയാളികളും, റീൽസുകളും വ്ലോഗുകളും ഒരുക്കി ജെൻസിയും ജെൻ ആൽഫയും അടങ്ങുന്ന പുതിയ തലമുറയും കേരളത്തിന്റെ ദേശീയ ഉത്സവമായ ഓണത്തെ വരവേൽക്കുന്നു. നാടിന്റെ ജനകീയമായ അടിത്തറയിലാണ് ഓണത്തിന്റെ നിലനിൽപ്പ്. സമഭാവനയുടേയും സാഹോദര്യത്തിന്റേയും പൂക്കളങ്ങൾ എല്ലായിടവും നിറയട്ടെ. മാവേലി നാട് പുലരട്ടെ. ഓണാശംസകൾ...



ഫാ. ഫ്രാൻസിസ് സഹായം





തിരുവനന്തപുരത്തു നിന്ന് ഡച്ച് മണ്ണിലേക്ക്: പ്രഥമ ഇടയന്റെ സ്മൃതിപഥങ്ങളിലൂടെ ഒരു മിഷൻ യാത്ര


ഭാരതസഭ കണ്ട മഹാനായ മിഷണറിമാരിൽ ഒരാളായിരുന്നു ബെൽജിയത്തിൽ ജനിച്ച കർമലീത്താ സന്യാസിയായ മോൺസിഞ്ഞോർ വിൻസെന്റ് വിക്കർ ദെരേര. "മിഷൻ എന്നത് ഒരു രാജ്യത്തുനിന്ന് മറ്റൊരു രാജ്യത്തേക്കുള്ള കേവലമൊരു യാത്ര മാത്രമല്ല; മറിച്ച്, ഒരു ഹൃദയത്തിൽനിന്ന് മറ്റൊരു ഹൃദയത്തിലേക്ക് പകരുന്ന ദൈവസ്നേഹത്തിന്റെ നിരന്തര പ്രയാണമാണ്."

ഭാരതസഭ കണ്ട മഹാനായ മിഷണറിമാരിൽ ഒരാളായിരുന്ന ബെൽജിയത്തിൽ ജനിച്ച കർമലീത്താ സന്യാസിയായ മോൺ സിഞ്ഞോർ വിൻസെന്റ് വിക്കർ ദെരേര. 1937-ൽ അദ്ദേഹം തിരുവനന്തപുരം ശ്രുപതയുടെ പ്രഥമ മെത്രാനായി നിയമിതനായി. അന്ന് ശ്രുപത ഒരു ശിശുവിനെപ്പോലെ വളർച്ചയുടെ പ്രാരംഭഘട്ടത്തിലായിരുന്നു. വലിയ സ്വപ്നങ്ങളുണ്ടായിരുന്ന ആ സഭയ്ക്ക് വഴികാട്ടാൻ സ്നേഹനിധിയായ ഒരു നല്ല ഇടയൻ ആവശ്യമായിരുന്നു; ആ ദൗത്യമാണ് ബിഷപ് വിൻസെന്റ് ഏറ്റെടുത്തത്. ഇരുപത്തൊമ്പത് വർഷക്കാലം അദ്ദേഹം ശ്രുപതയെ പ്രാർത്ഥനയോടും ക്ഷമയോടും വിവേകത്തോടും പിതൃസ്നേഹത്തോടും കൂടി നയിച്ചു. പള്ളികൾ സ്ഥാപിക്കുകയും പൗരോഹിത്യ വിളികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തതിനൊപ്പം വിദ്യാഭ്യാസത്തിനും സാമൂഹിക മുന്നേറ്റത്തിനും അദ്ദേഹം ഊന്നൽ നൽകി. എന്നാൽ, ഇതിനേക്കാളെല്ലാം ഉപരിയായി, ജനങ്ങളുടെ ഹൃദയങ്ങളിൽ ജീവസ്സുറ്റ വിശ്വാസത്തിന്റെ വിത്ത് വിതയ്ക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഇന്ന് നമ്മൾ അഭിമാനത്തോടെ കാണുന്ന തിരുവനന്തപുരം അതിരൂപതയുടെ വളർച്ചയുടെ അടിത്തറ അദ്ദേഹത്തിന്റെ ആത്യാഗജീവിതമാണ്.

ബെൽജിയത്തിൽ ജനിച്ച ഒരു യുവാവ് സ്വന്തം രാജ്യവും കുടുംബവും സുരക്ഷിതത്വവും വെടിഞ്ഞ് ഭാരതത്തിലേക്ക് വരാൻ തീരുമാനിച്ചതിന് പിന്നിൽ ഒരു വലിയ രഹസ്യമുണ്ട്. അക്കാലത്ത് ഇന്നത്തെപ്പോലെ യാത്രസൗകര്യങ്ങളോ ആശയവിനിമയ മാർഗങ്ങളോ ഉണ്ടായിരുന്നില്ല. ദീർഘവും ദുർഘടവുമായ കപ്പൽയാത്ര, അപരിചിതമായ ഭാഷയും ഭക്ഷണരീതിയും, തികച്ചും വ്യത്യസ്തമായ കാലാവസ്ഥയും സംസ്കാരവും—ഇവയെല്ലാം സസന്തോഷം സഹിച്ചുകൊണ്ട് അദ്ദേഹം ഇവിടെ ശ്രുശ്രൂഷ ചെയ്തു. അത് കേവലമൊരു ജോലിയായിരുന്നില്ല, മറിച്ച് ദൈവവിളിയോടും ക്രിസ്തുവിന്റെ സ്നേഹത്തോടുമുള്ള പൂർണ്ണമായ സമർപ്പണമായിരുന്നു.

ചരിത്രത്തിന്റെ അദ്ഭുതകരമായ ആവർത്തനം

കാലം ചിലപ്പോൾ ചരിത്രത്തെ അദ്ഭുതകരമായി കൂട്ടിയിണക്കും. ഒരുകാലത്ത് യൂറോപ്പിൽ നിന്നായിരുന്ന ഭാരതത്തിലേക്ക് മിഷണറിമാർ വന്നിരുന്നത്; ഇന്ന് ഭാരതത്തിൽ നിന്ന് യൂറോപ്പിലേക്ക് വൈദികർ മിഷൻ സേവനത്തിനായി യാത്രയാകുന്നു. കാലവും രാജ്യങ്ങളും മാറിയെങ്കിലും ക്രിസ്തു നൽകിയ പ്രേഷിതദൗത്യത്തിന് മാറ്റമില്ല. നെതർലാൻഡ്സിലെ റൂർമോണ്ട് (Roermond) ശ്രുപതയുടെ ക്ഷണം സ്വീകരിച്ച്, അന്നത്തെ തിരുവനന്തപുരം അതിരൂപതാധ്യക്ഷൻ ഡോ. സൂസപാക്യം പിതാവാണ് അതിരൂപതയിൽനിന്നുള്ള സെമിനാരി വിദ്യാർഥികളെ



നെതർലാൻഡ്സിലേക്ക് അയയ്ക്കാൻ തീരുമാനിക്കുന്നത്. 2013 മുതൽ അതിരൂപതയിലെ യുവ വൈദികവിദ്യാർത്ഥികൾ റൂർമോണ്ട് രൂപതയിൽ ദൈവശാസ്ത്രപഠനത്തിനും പൗരോഹിത്യ ശുശ്രൂഷയ്ക്കുമായി എത്തിത്തുടങ്ങി. ഇതൊരു സാധാരണ കൈമാറ്റമല്ല; ഒരിക്കൽ നമ്മെ വിശ്വാസത്തിൽ വളർത്തിയ യൂറോപ്യൻ സഭയ്ക്ക് ഇന്ന് ഭാരതസഭ നൽകുന്ന കൃതജ്ഞതയുടെ സ്നേഹസമ്മാനമാണ്.

റൂർമോണ്ട് രൂപത: വിശ്വാസത്തിന്റെ സമ്പന്ന പൈതൃകം

നെതർലാൻഡ്സിന്റെ തെക്കൻ ഭാഗത്തുള്ള ലിംബർഗ് പ്രവിശ്യയിലാണ് റൂർമോണ്ട് രൂപത സ്ഥിതിചെയ്യുന്നത്. 1559-ൽ സ്ഥാപിതമായ ഈ രൂപത രാജ്യത്തെ ഏറ്റവും പഴക്കമേറിയ കത്തോലിക്കാ രൂപതകളിലൊന്നാണ്. നൂറ്റാണ്ടുകളായി വിശ്വാസത്തിന്റെ വെളിച്ചം അനേകം തലമുറകളിലേക്ക് പകർന്നു നൽകിയ ഈ മണ്ണിലെ ആത്മീയജീവിതത്തിന്റെ കേന്ദ്രം വിശുദ്ധ കുർബാനയാണ്. വചനധ്യാനം, കൂദാശകളിലെ സജീവ പങ്കാളിത്തം, പരിശുദ്ധ മാതാവിനോടുള്ള ഭക്തി, തീർഥാടനങ്ങൾ എന്നിവ ഇവിടുത്തെ വിശ്വാസികളുടെ ആത്മീയജീവിതത്തെ ഇന്നും സജീവമായി നിർത്തുന്നു.

സാമൂഹിക മാറ്റങ്ങളും വിശ്വാസികളുടെ എണ്ണത്തിലുണ്ടായ കുറവും പുതിയ വെല്ലുവിളികൾ ഉയർത്തുന്നുണ്ടെങ്കിലും, റൂർമോണ്ട് രൂപത ഇന്നും വലിയ പ്രത്യാശയുടെ പ്രതീകമാണ്. ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വൈദികരും വിശ്വാസികളും ഇവിടെ ഒരേ സഭാകുടുംബമായി ജീവിക്കുന്നു.

നിലവിൽ റൂർമോണ്ട് രൂപതയിൽ 26 ഇന്ത്യൻ വൈദികരും 6 സെമിനാരിക്കാരും ശുശ്രൂഷ ചെയ്യുന്നുണ്ട്. ഇതിൽ 8 വൈദികരും 3 സെമിനാരിക്കാരും തിരുവനന്തപുരം അതിരൂപതയിൽ നിന്നുള്ളവരാണെന്നത് ചരിത്രത്തിന്റെ മനോഹരമായൊരു തുടർച്ചയാണ്. ഒരിക്കൽ ബെൽജിയത്തിൽ നിന്ന് ഒരു മെത്രാൻ ഭാരതത്തിലേക്ക് മിഷനറിയായി വന്നു; ഇന്ന് അതേ ഭാരതത്തിൽ നിന്ന് യുവവൈദികർ ബെൽജിയത്തിലും നെതർലാൻഡ്സിലും പ്രേഷിതപ്രവർത്തനം നടത്തുന്നു. ഇതാണ് കത്തോലിക്കാ സഭയുടെ ആഗോള സൗന്ദര്യം; ഇതാണ് മിഷന്റെ യഥാർഥ അർഥവും.

"മിഷൻ എന്നത് ഒരു രാജ്യത്തുനിന്ന് മറ്റൊരു രാജ്യത്തേക്കുള്ള കേവലമൊരു യാത്ര മാത്രമല്ല; മറിച്ച്, ഒരു ഹൃദയത്തിൽനിന്ന് മറ്റൊരു ഹൃദയത്തിലേക്ക് പകരുന്ന ദൈവസ്നേഹത്തിന്റെ നിരന്തര പ്രയാണമാണ്."

ദൈവവഴിയിലെ തീർഥാടനം: മിഷൻ അനുഭവങ്ങൾ

മനുഷ്യൻ ആസൂത്രണം ചെയ്യുന്ന യാത്രകളെക്കാൾ മനോഹരമാണ് ദൈവം വഴിനടത്തുന്ന യാത്രകൾ. അത്തരമൊരു ദൈവിക നിയോഗമായിരുന്നു നെതർലാൻഡ്സിലേക്കുള്ള ഈ ജീവിതയാത്ര.

2015-ൽ ദൈവശാസ്ത്ര പഠനാർഥം ഒരു സെമിനാരി വിദ്യാർഥിയായി ഇവിടെയെത്തുമ്പോൾ ഭാഷയും സംസ്കാരവും ജീവിതരീതികളുമെല്ലാം തികച്ചും അപരിചിതമായിരുന്നു. എങ്കിലും ഈ പുതിയ മണ്ണിലേക്ക് നയിച്ചതിന് പിന്നിൽ ഒരു വലിയ ദൈവികപദ്ധതിയുണ്ടെന്ന ബോധ്യം തുടക്കം മുതലേ കൂട്ടുണ്ടായിരുന്നു. പഠനകാലം പൂർത്തിയാക്കി, ദൈവകൃപയാൽ 2022-ൽ പൗരോഹിത്യം സ്വീകരിച്ചത് ജീവിതത്തിലെ ഏറ്റവും വലിയ അനുഗ്രഹനിമിഷമായി മാറുകയും ചെയ്തു. പദവിയേക്കാളുപരി, ദൈവത്തിനും സഹജീവികൾക്കുമായി സ്വയം സമർപ്പിക്കാനുള്ള വലിയൊരു ഉത്തരവാദിത്തത്തിന്റെ തുടക്കമായിരുന്നു അത്.

ഡച്ച് മണ്ണിൽ ശുശ്രൂഷ ചെയ്യുമ്പോൾ കാലത്തിന്റെ കാവ്യനീതി പലപ്പോഴും വിസ്മയിപ്പിക്കാറുണ്ട്. പണ്ടെന്നോ നെതർലാൻഡ്സിൽനിന്ന് കേരളത്തിലേക്ക് വന്ന് ക്രിസ്തുവിന്റെ സ്നേഹം പകർന്നുതന്ന പ്രേഷിതർക്ക് പകരമായി, ഇന്ന് ഭാരതത്തിൽ നിന്നൊരു വൈദികനായി ഇതേ നാട്ടിൽ സേവനം ചെയ്യാൻ കഴിയുന്നത് അത്യപൂർവമായ ഒരു ദൈവനിയോഗമാണ്. ഈ ദൗത്യം വിശ്വാസത്തിന്റെയും വിനയത്തിന്റെയും ഒരു നിരന്തര സമർപ്പണമാണ്.

ബാല്യകാല സ്മരണകളിൽ നിന്നും പുണ്യനിയോഗത്തിലേക്ക്...

തിരുവനന്തപുരം അതിരൂപതയുടെ കത്തീഡ്രൽ ഇടവകയിലായിരുന്നു ജനനവും വിശ്വാസവളർച്ചയും. അതുകൊണ്ടുതന്നെ, രൂപതയുടെ ചരിത്രവും അവിടത്തെ വിശ്വാസജീവിതവും ഹൃദയത്തോട് ചേർന്നുനിൽക്കുന്നവയായിരുന്നു. അൾത്താര ബാലനായി ശുശ്രൂഷ ചെയ്തിരുന്ന കാലത്ത്, രൂപതയുടെ മുൻ ഇടയന്മാരുടെ ചരമവാർഷികങ്ങളോടനുബന്ധിച്ചുള്ള ദിവ്യബലികളിൽ പങ്കെടുക്കാൻ അവസരമുണ്ടായിരുന്നു. അക്കാലത്താണ് തിരുവനന്തപുരം രൂപതയുടെ പ്രഥമ മെത്രാനായിരുന്ന അഭിവന്ദ്യ വിൻസെന്റ് വിക്കർ ദെരേര പിതാവിന്റെ ത്യാഗനിർഭരമായ ജീവിതത്തെയും മിഷൻ പ്രവർത്തനങ്ങളെയുംകുറിച്ച് കൂടുതൽ കേട്ടറിയുന്നത്. എങ്കിലും, ആ വലിയ ഇടയന്റെ ഭൗതികശരീരം എവിടെയാണ് അടക്കം ചെയ്തിരിക്കുന്നതെന്ന കാര്യത്തിൽ വ്യക്തതയുണ്ടായിരുന്നില്ല. നെതർലാൻഡ്സിലേക്കുള്ള യാത്രയ്ക്ക് തൊട്ടുമുമ്പ്, കത്തീഡ്രൽ ഇടവകയിലെ ചരിത്രകാരനും മതാധ്യാപകനുമായ ഇഗ്നേഷ്യസ് തോമസ് ഒരു വലിയ അഭ്യർഥന മുന്നോട്ടുവെച്ചു:

"അവസരം ലഭിക്കുകയാണെങ്കിൽ, ബെൽജിയൻ മിഷണറിയായിരുന്ന നമ്മുടെ പ്രഥമ മെത്രാന്റെ കല്ലറ തീർച്ചയായും സന്ദർശിക്കണം. ബെൽജിയത്തിലെ 'യിപ്രെസ് ' (Ypres) നഗരത്തിലാണ് അദ്ദേഹത്തെ സംസ്കരിച്ചിരിക്കുന്നത്." ആ വാക്കുകൾ മനസ്സിൽ ആഴത്തിൽ പതിഞ്ഞു. "തീർച്ചയായും ശ്രമിക്കാം" എന്നൊരു മറുപടി നൽകിയപ്പോൾ, അതൊരു സാധാരണ വാഗ്ദാനം മാത്രമായിരുന്നില്ല; മറിച്ച്, വരുംനാളുകളിൽ ജീവിതത്തിലെ ഏറ്റവും മനോഹരമായ ഒരു ആത്മീയ തീർഥാടനത്തിനുള്ള തുടക്കമായിരുന്നു...

തുടരും...

കഥ

റിച്ചൻ ബെൽത്താസ്



പുത്രയാഗം

പെസഹാ ആചാരണത്തിനുശേഷം ആ രാത്രി മേരി വളരെ അസ്വസ്ഥയായിരുന്നു.

അനാവശ്യമായ ഒരു ആധി, ഒരങ്കലാപ്പ് കഴിഞ്ഞ കുറേ ദിവസങ്ങളായി അവളെ പിടികൂടിയിരുന്നു.

തന്റെ മകനെ ഓർത്തായിരുന്നു!

ആ ആകുലതയിൽ ആയിരിക്കുമ്പോഴാണ്

നിലവിളിപോലെ പുറത്ത് ശബ്ദം കേട്ടത്.

'അമ്മേ അവരവനെ പിടിച്ചുകൊണ്ടുപോയി...'

കതകിൽ ശക്തിയോടെ ആരോ മുട്ടുന്നുണ്ട്. ആ ശബ്ദം പിന്നെയും കേട്ടു: 'അമ്മേ അവനെ അവർ പിടിച്ചുകൊണ്ടുപോയി...'

മനോവ്യഥയുടെ കാരണം മേരിക്ക് ബോധ്യപ്പെട്ടു.

എപ്പോഴും അങ്ങനെയാണ്. അവനൊരു പ്രതിസന്ധി ഉണ്ടാകുന്നതിന് മുന്നോടിയായി അവൾ വല്ലാതെ ചഞ്ചലചിത്തയാകാറുണ്ട്.

ആ നിലവിളിയുടെ ശബ്ദം അവൾ തിരിച്ചറിഞ്ഞു. അത് യൂദാസ്സിന്റെതായിരുന്നു. പിടഞ്ഞെഴുന്നേറ്റ് ശിരോവസ്ത്രം അണിഞ്ഞ് തിടുക്കത്തിൽ പുറത്തിറങ്ങി.

നേരം പാതിരാവായിരിക്കുന്നു.

എങ്ങോട്ട് പോകണം? എന്ത് ചെയ്യണം? എന്നറിയാതെ മേരി ഒരുനിമിഷം സ്തബ്ധയായി.

"ദൈവമേ, എന്നെ നിനക്കായ് നീ തിരഞ്ഞെടുത്തു. അന്നുമുതൽ ഈ നിമിഷംവരെ നിനക്കുവേണ്ടിയായിരുന്നു എന്റെ ജീവിതം. അങ്ങ് എന്നെയേൽപ്പിച്ച അങ്ങേ പ്രിയപുത്രനെ അവിടന്ന് തിരിച്ചെടുക്കുന്നോ!"

മേരി ആകാശത്തേക്ക് കൈകളുയർത്തി അപേക്ഷിച്ചു:

"അങ്ങ് അവനെ ബലപ്പെടുത്തേണമേ!"

കുറച്ചുമാറി യൂദാസ് കരഞ്ഞുകൊണ്ട് ഇരുളിൽ മറഞ്ഞു നിൽക്കുന്നതു കണ്ടു.

അവന് മേരിയുടെ മുഖത്തേക്കുനോക്കാൻ കഴിയുന്നില്ല.

തിടുക്കത്തിൽ യൂദാസ്സ് വിചാരണസ്ഥലത്തേക്ക് പോയി. പിന്നാലെ മേരിയും.

പ്രധാന പുരോഹിതന്റെ അരമന.

ഇരുകൈകളും കയറുകൊണ്ട് ബന്ധിച്ചനിലയിൽ

ഒരു തൂണിൽചാരി അവൻ നിൽക്കുന്നു.

ചുറ്റുംനിന്ന് ആരൊക്കെയോ അവനെ അടിക്കുന്നു.

മേരി മകനെ കണ്ടു. വേദനയോടെ ആൾക്കൂട്ടത്തിനിടയിൽ അവളും നിലകൊണ്ടു.

അവനോട് ചോദ്യങ്ങൾ പലതും ചോദിക്കുന്നുണ്ട്.

അവനൊന്നും പക്ഷേ, മിണ്ടുന്നില്ല. ഒരുമാത്ര തന്റെ മകൻ തന്നെ കാണണമെന്ന് മേരി ആഗ്രഹിച്ചു. കാരണം ആ കാഴ്ച മകനു നൽകുന്ന ആശ്വാസം എത്ര വലുതായിരിക്കുമെന്ന് അവൾക്ക് നല്ല ബോധ്യമുണ്ട്. പക്ഷേ...

മേരി ചുറ്റും നോക്കി. അവനോടൊപ്പമുണ്ടായിരുന്നവർ ആരെങ്കിലും അടുത്ത് ഉണ്ടോയെന്ന്. ഇല്ല, ആരെയും കാണുന്നില്ല. യൂദാസിനെയും കാണാനില്ല. താൻ ഒറ്റക്കാണെന്ന് മനസ്സിലായി.

ആക്രോശങ്ങൾക്കിടയിൽനിന്ന് തെല്ലുമാറി, ആരാലും ശ്രദ്ധിക്കപ്പെടാതെ ദൂരെ പ്രവേശനകവാടത്തിനരികിൽ ചെന്നു. ജെറുസലേം ദൈവാലയം നോക്കി പ്രാർഥനയിൽ മുഴുകി: "പിതാവേ അങ്ങയുടെ പുത്രനെ നീ മാനിക്കണമേ! വ്യഥകളിൽനിന്ന് നിന്റെ വസന്തത്തിലേക്ക് അവനെ സ്വീകരിക്കണമേ!" മേരി നെടുവീർപ്പിട്ട് കരഞ്ഞു.

പ്രഭാതത്തിൽ മശലനക്കാരിയാണ് അവനെ കുരിശിൽതറച്ചു കൊല്ലാൻ തീരുമാനിച്ച കാര്യം മാറത്തടിച്ചു പറഞ്ഞത്.

മേരി അത് ഹൃദയത്തിൽ സ്വീകരിച്ചു. അവളെ മാറോടുചേർത്തു.

കാൽവരിയാത്ര ആരംഭിക്കുന്നതിനുമുൻപ് പീലാത്തോസിന്റെ അരമനയിൽ എത്തേണ്ടതിന് മറിയയോടൊപ്പം മേരി തിടുക്കത്തിൽ പുറപ്പെട്ടു, ഉറച്ച കാൽവയ്പുകളോടെ.

ദൂരെ, ആക്രോശങ്ങളും ആർപ്പുവിളികളും കേട്ടു.

അവരവിടെ എത്തുന്നതിനുമുൻപേ മകന്റെ യാത്ര ആരംഭിച്ചുകഴിഞ്ഞിരുന്നു.

എന്റെ വ്യസനം അവനെ തളർത്താൻ പാടില്ല. മേരി കരഞ്ഞില്ല.

അവൾ നടന്നു.

തിരക്കുകൾക്കിടയിൽ ഒരിടത്ത് അവളവനെ കണ്ടു.

അവളുടെ ഹൃദയത്തിലൂടെ ഒരു വാൾ കടന്നുപോയി.

മേരി നിലംപതിച്ചു. ലാസറിന്റെ സഹോദരിമാർ അവളെ താങ്ങി.

പുലഭ്യം പറച്ചിലുകൾക്കിടയിൽ ആരൊക്കെയോ മേരിയുടെ മുഖത്തേക്ക് തുപ്പി. ഇങ്ങനെ ഒരു മകനെ പ്രസവിച്ചതിന് പ്രാകി.

അതൊന്നും അവൾ അറിയുന്നില്ല. നടന്നു.

അവനതാ നിലത്ത് വീഴുന്നു...

കുരിശവന്റെ ചുമലിലേക്ക് പതിക്കുന്നു...

മുൾമുടി ശിരസിലേക്ക് കുത്തിത്തറയ്ക്കുന്നു...

ആർപ്പുവിളിയോടെ ജനക്കൂട്ടം. ആരോ അവനെ എഴുന്നേൽപ്പിക്കുന്നു.

മേരി ഓടി മകന്റെ അരികിലെത്തി. മകൻ അമ്മയെ കണ്ടു.

തീവ്രമായ സ്നേഹത്താൽ അവൻ അമ്മയെ നോക്കി.

'അമ്മേ നീ ഇത് കാണുന്നില്ലേ, നിന്നെക്കാൾ ആരാണ് എന്നെ അറിഞ്ഞിട്ടുള്ളത്, എന്റെ പിതാവല്ലാതെ...'

'ഞാൻ നിന്നോടൊപ്പമുണ്ട്. അവസാനത്തോളം. തകർന്ന് പോകരുത്. സഹായകനായി പിതാവ് നിന്നോടൊപ്പമില്ലേ!'

രണ്ടു നിശബ്ദ സംഭാഷണം...

കുരിശുയാത്ര തുടർന്നു. മേരിയും.

പലയാവർത്തി അവൻ നിലത്ത് വീണു.

ഒടുവിൽ കാൽവരി മലമുകളിലെത്തി. കാൽവരിയിൽ പലരുടെയും ചോരയും ചലവും ഒഴുകി ഉണങ്ങിക്കിടന്നു.

അവന്റെ വസ്ത്രങ്ങളെല്ലാം ഊരി മാറ്റി.

അവനെ കുരിശിൽ തറച്ചു. കുരിശിൽ കിടന്നുകൊണ്ട് യോഹന്നാനെ ചൂണ്ടി പറഞ്ഞു; 'അമ്മേ ഇനി ഇവൻ നിനക്ക് പുത്രൻ... നീ അവന് അമ്മയും...'

അവളത് ഹൃദയത്തിൽ സ്വീകരിച്ചു.

അസ്സഹനീയമായ വേദനയിൽ അവൻ പിതാവിനെ വിളിച്ചു;

'അങ്ങേ ഹിതം നിറവേറട്ടെ...' ശബ്ദം പക്ഷേ, പുറത്തുവന്നില്ല.

കുരിശിൻ ചുവട്ടിൽ അമ്മ. അവൻ അവസാനമായി അമ്മയെ നോക്കി. അമ്മ അവനെയും.

മുകളിലേക്കു നോക്കി അവൻ വീണ്ടും മൊഴിഞ്ഞു; 'പിതാവേ എന്നെ സ്വീകരിക്കണേ...'

ഗ്രഹണം കഴിഞ്ഞു.

"എന്റെ മകനേ..." ഒരു നിലവിളി മേരിയിൽനിന്നുമുയർന്നു.

കുരിശിൽനിന്നുമിറക്കിയ മകന്റെ ശരീരം മേരി മടിയിൽ ഏറ്റുവാങ്ങി, കാലിത്തൊഴുത്തിന്റെ നിർമലതയോടെ.

നഗ്നവും ക്രൂപരഹിതവുമായ മകനെ അവൾ നോക്കി.

മുൾക്കിരീടത്തിലെ മുള്ളുകൾ ശിരസിൽ ആഴ്ന്നിറങ്ങിയിരുന്നു.

അസ്ഥികളിൽനിന്ന് മാംസം വേർപെട്ടിരുന്നു.


ശരീരമാസകലം ചോര പൊടിഞ്ഞിരുന്നു.

മരിച്ച മകനെ മടിയിൽ കിടത്തി മേരി അത്യുന്നതങ്ങളിലേക്ക് നോക്കി; ' പിതാവേ, ഇതാ നിന്റെ പുത്രൻ...'

ആകാശം ശൂന്യമായിരുന്നു.

അവൾക്കുമാത്രം കാണാൻ കഴിഞ്ഞ ഒരു ഒറ്റ നക്ഷത്രം മാത്രം.

•



ലേഖനം
ജെയ്സൺ ജോൺ



മൺസൂൺ കാലത്തെ വിഴിഞ്ഞം-മുതലപ്പൊഴി ദുരന്തങ്ങൾ



കേരളത്തിന്റെ തീരദേശ സമൂഹം ഓരോ മൺസൂൺ കാലത്തെയും ആധിയോടും ആശങ്കയോടും കൂടിയാണ് വരവേൽക്കുന്നത്. മഴ കാർഷിക മേഖലയ്ക്കും കുടിവെള്ള സ്രോതസുകൾക്കും അനുഗ്രഹമാകുമ്പോൾ, കടലിനെ ആശ്രയിച്ച് ജീവിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അത് പലപ്പോഴും അനിശ്ചിതത്വത്തിന്റെയും അപകടസാധ്യതയുടെയും കാലമായി മാറുന്നു. പ്രത്യേകിച്ച് തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം, മുതലപ്പൊഴി മത്സ്യബന്ധന ഹാർബറുകൾ കേന്ദ്രീകരിച്ച് വർഷങ്ങളായി ആവർത്തിക്കുന്ന അപകടങ്ങളും ജീവഹാനികളും ഈ ആശങ്കയെ കൂടുതൽ ഗൗരവതരമാക്കുന്നു.

ഓരോ ദുരന്തത്തിനുശേഷവും ദുഃഖം രേഖപ്പെടുത്തുകയും നഷ്ടപരിഹാരം പ്രഖ്യാപിക്കുകയും ചെയ്യുന്നത് പതിവാണ്. എന്നാൽ അപകടങ്ങൾ എന്തുകൊണ്ട് ആവർത്തിക്കുന്നു എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്തി മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിൽ വേണ്ടത്ര പുരോഗതി ഉണ്ടായിട്ടുണ്ടോ എന്നത് പരിശോധിക്കപ്പെടേണ്ട വിഷയമാണ്. മൺസൂൺ ആരംഭിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ വിഴിഞ്ഞം–മുതലപ്പൊഴി മേഖലകളുടെ സുരക്ഷയെക്കുറിച്ചുള്ള ചർച്ച ഇനിയെങ്കിലും വൈകിക്കൂടാത്ത ഒരു പൊതുപ്രാധാന്യമുള്ള വിഷയമായി മാറിയിരിക്കുന്നു.

മുതലപ്പൊഴിയും വിഴിഞ്ഞവും കേരളത്തിലെ പ്രധാന മത്സ്യബന്ധന കേന്ദ്രങ്ങളാണ്. ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികളും അനുബന്ധ തൊഴിലാളികളും ഇവയെ ആശ്രയിച്ചാണ് ഉപജീവനം കണ്ടെത്തുന്നത്. എന്നാൽ വർഷങ്ങളായി ഹാർബർ പ്രവേശന ഭാഗങ്ങളിലെ മണൽ അടിഞ്ഞുകൂടൽ, ചാനലുകളുടെ സ്വഭാവ വ്യതിയാനം, ശക്തമായ തിരമാലകൾ, നാവിഗേഷൻ ബുദ്ധിമുട്ടുകൾ, കാലാവസ്ഥാ മുന്നറിയിപ്പുകളുടെ അപര്യാപ്തത തുടങ്ങിയ പ്രശ്നങ്ങൾ അപകടസാധ്യത വർധിപ്പിക്കുന്നതായി നിരന്തരം ചൂണ്ടിക്കാണിക്കപ്പെടുന്നു.

അപകടങ്ങൾ സംഭവിക്കുമ്പോൾ അതിനെ പ്രകൃതിയുടെ അനിവാര്യതയായി മാത്രം കാണാനാവില്ല. പല ദുരന്തങ്ങളും മുൻകൂട്ടി തിരിച്ചറിയാവുന്നതും ഒഴിവാക്കാവുന്നതു



മായ സാഹചര്യങ്ങളിൽ നിന്നാണ് രൂപപ്പെടുന്നത്. അതുകൊണ്ടുതന്നെ സുരക്ഷാ സംവിധാനങ്ങളിലെ പോരായ്മകൾ പരിഹരിക്കുന്നത് ഒരു വികസനപ്രശ്നം മാത്രമല്ല, ജീവൻ സംരക്ഷിക്കാനുള്ള ഭരണപരമായ ഉത്തരവാദിത്വവുമാണ്.

ആദ്യമായി ശ്രദ്ധിക്കപ്പെടേണ്ടത് ഹാർബർ സുരക്ഷയാണ്. വിഴിഞ്ഞം, മുതലപ്പൊഴി ഹാർബറുകളിലെ പ്രവേശന-പുറപ്പെടൽ ചാനലുകളുടെ നിലവിലെ അവസ്ഥ അടിയന്തരമായി വിലയിരുത്തണം. ചാനലുകളിൽ മണൽ അടിഞ്ഞുകൂടി ആഴക്കുറവ് ഉണ്ടായിട്ടുണ്ടെങ്കിൽ സമയബന്ധിതമായ ഡ്രെഡ്ജിംഗ് നടത്തണം. ബ്രേക്ക്‌വാട്ടറുകളുടെ സാങ്കേതിക പരിശോധനയും ആവശ്യമായ അറ്റകുറ്റപ്പണികളും ഉറപ്പാക്കേണ്ടതുണ്ട്. അപകടസാധ്യതയുള്ള മേഖലകൾ വ്യക്തമായി അടയാളപ്പെടുത്തുകയും രാത്രികാല നാവിഗേഷനായി ആവശ്യമായ ലൈറ്റുകളും സിഗ്നൽ സംവിധാനങ്ങളും പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്തുകയും വേണം.

സുരക്ഷയുടെ മറ്റൊരു നിർണായക ഘടകം കാലാവസ്ഥാ മുന്നറിയിപ്പുകളാണ്. ഇന്നത്തെ സാങ്കേതികവിദ്യയുടെ കാലത്ത് കടലിലിറങ്ങുന്ന ഓരോ മത്സ്യത്തൊഴിലാളിയിലേക്കും കാലാവസ്ഥാ വിവരങ്ങൾ തൽസമയം എത്തിക്കാൻ കഴിയണം. ഇന്ത്യൻ കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പുകൾ പ്രാദേശിക ഭാഷയിൽ SMS, WhatsApp, VHF റേഡിയോ, സൈറൺ സംവിധാനങ്ങൾ എന്നിവയിലൂടെ ലഭ്യമാക്കുന്ന ഏകീകൃത മുന്നറിയിപ്പ് ശൃംഖല രൂപീകരിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഹാർബറിൽനിന്ന് പുറപ്പെടുന്നതിനുമുമ്പ് നിർബന്ധിത വെതർ ബ്രീഫിംഗ് നടപ്പിലാക്കുന്നതും അപകടസാധ്യത കുറയ്ക്കാൻ സഹായിക്കും.

കടലിലെ അപകടങ്ങളിൽ ആദ്യ മിനിറ്റുകൾക്ക് അതീവ പ്രാധാന്യമുണ്ട്. അപകടത്തിനുശേഷം ആദ്യത്തെ 30 മിനിറ്റിനുള്ളിൽ ഫലപ്രദമായ ഇടപെടൽ സാധ്യമായാൽ നിരവധി ജീവൻ രക്ഷിക്കാനാകും. അതിനാൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സംയുക്ത മാരിടൈം എമർജൻസി കൺട്രോൾ റൂമുകളും അതിവേഗ റെസ്പോൺസ് യൂണിറ്റുകളും സജ്ജമാക്കേണ്ടതുണ്ട്. ഫിഷറീസ് വകുപ്പ്, കോസ്റ്റ് ഗാർഡ്, മറൈൻ പോലീസ്, ദുരന്തനിവാരണ അതോറിറ്റി, ഹാർബർ അധികൃതർ എന്നിവരുടെ ഏകോപിത പ്രവർത്തനം ഉറപ്പാക്കുന്ന സംവിധാനം രൂപീകരിക്കേണ്ട സമയമാണിത്.

മത്സ്യത്തൊഴിലാളികളുടെ വ്യക്തിഗത സുരക്ഷയും ഒരുപോലെ പ്രാധാന്യമർഹിക്കുന്നു. ലൈഫ് ജാക്കറ്റ് ധരിക്കൽ നിർബന്ധമാക്കുക, എല്ലാ ബോട്ടുകളിലും VHF റേഡിയോയും GPS ട്രാക്കിംഗ് സംവിധാനവും ഉറപ്പാക്കുക, ഫസ്റ്റ് എയ്ഡ് കിറ്റുകളും എമർജൻസി ലൈറ്റുകളും നിർബന്ധമാക്കുക തുടങ്ങിയ നടപടികൾ ജീവൻ രക്ഷിക്കുന്ന ലളിതവും ഫലപ്രദവുമായ ഇടപെടലുകളാണ്. സുരക്ഷാ ഉപകരണങ്ങളുടെ അഭാവം മൂലമുണ്ടാകുന്ന മരണങ്ങൾ ഒരു ആധുനിക സമൂഹത്തിന് അംഗീകരിക്കാനാകില്ല.

ഇതിനൊപ്പം മുൻകാല അപകടങ്ങളിൽനിന്ന് പാഠങ്ങൾ ഉൾക്കൊള്ളാനുള്ള തയ്യാറെടുപ്പും ആവശ്യമാണ്. വിഴിഞ്ഞം, മുതലപ്പൊഴി മേഖലകളിൽ കഴിഞ്ഞ വർഷങ്ങളിൽ നടന്ന അപകടങ്ങളുടെ സമഗ്രമായ പഠനം നടത്തി പൊതുവായ കാരണങ്ങൾ തിരിച്ചറിയണം. അന്വേഷണ റിപ്പോർട്ടുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും അവയിലെ ശുപാർശകൾ നടപ്പിലാക്കുകയും വേണം. കടലിനെ ഏറ്റവും നന്നായി അറിയുന്ന മത്സ്യത്തൊഴിലാളികളുടെ അനുഭവങ്ങൾ നയരൂപീകരണത്തിൽ ഉൾപ്പെടുത്തുന്നതും അത്യന്താപേക്ഷിതമാണ്.

തീരദേശ വികസനം എന്നത് സുരക്ഷാ സംവിധാനങ്ങളിൽമാത്രം ഒതുങ്ങുന്നതല്ല. മത്സ്യസംസ്കരണത്തിലും വിപണനത്തിലും ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്കായി സുരക്ഷിത തൊഴിൽ സാഹചര്യങ്ങൾ, ശുചിത്വ സൗകര്യങ്ങൾ, വിശ്രമകേന്ദ്രങ്ങൾ, കുടിവെള്ളം, ആരോഗ്യസേവനങ്ങൾ എന്നിവയും വികസനത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ്. തീരദേശ ജനതയുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്ന സമഗ്ര സമീപനമാണ് സ്വീകരിക്കേണ്ടത്.

ഇന്ന് ആവശ്യമായത് മറ്റൊരു ദുരന്തത്തിനുശേഷമുള്ള അനുശോചന സന്ദേശങ്ങളല്ല; ദുരന്തങ്ങൾ ഒഴിവാക്കാനുള്ള രാഷ്ട്രീയവും ഭരണപരവുമായ ഇച്ഛാശക്തിയാണ്. മൺസൂൺ ശക്തമാകുന്നതിന് മുമ്പ് ജില്ലാ ഭരണകൂടം, ഫിഷറീസ് വകുപ്പ്, ഹാർബർ എൻജിനീയറിംഗ് വകുപ്പ്, കോസ്റ്റ് ഗാർഡ്, ദുരന്തനിവാരണ അതോറിറ്റി, ജനപ്രതിനിധികൾ, മത്സ്യത്തൊഴിലാളി സംഘടനകൾ എന്നിവരുടെ സംയുക്ത യോഗം വിളിച്ചുചേർത്ത് പ്രത്യേക മൺസൂൺ സുരക്ഷാ ആക്ഷൻ പ്ലാൻ പ്രഖ്യാപിക്കണം.

തീരദേശ ജനതയുടെ ജീവനും ഉപജീവനവും സംരക്ഷിക്കുക എന്നത് ഒരു ക്ഷേമപരിപാടി മാത്രമല്ല, ഭരണകൂടത്തിന്റെ അടിസ്ഥാന ഉത്തരവാദിത്തമാണ്. വിഴിഞ്ഞത്തും മുതലപ്പൊഴിയിലും ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ വേണ്ട മുൻകരുതലുകൾ ഇപ്പോൾ സ്വീകരിക്കണം. കാരണം, ദുരന്തനിവാരണത്തിന്റെ ഏറ്റവും മികച്ച മാർഗം ദുരന്തം സംഭവിക്കാതിരിക്കാൻ ആവശ്യമായ നടപടികൾ സമയത്ത് സ്വീകരിക്കുന്നതാണ്.

•

സുനിൽ സി. ഇ.



ഒരേ സ്പീഷീസ്, പലേ മുഖങ്ങൾ

(ഐ നോബഡി എന്ന സിനിമയുടെ വായന)

മനുഷ്യൻ എന്ന ഇരയെ പിടികൂടാനും ഒതുക്കിയെടുക്കാനും അതേ സ്പീഷീസിലെ ഒരാൾക്ക് 'ചെറിയ ഒരു തീരുമാനവും' ചെറിയ ഒരു സമയദൈർഘ്യവുംമാത്രം മതിയെന്ന വലിയ മനഃശാസ്ത്രപാഠമാണ് സിനിമ കൈമാറുന്നത്. കൊള്ള എന്ന കുറ്റകൃത്യത്തിനായി തന്റെ ഉത്തേജക ഞരമ്പിനെ പുറത്തേക്ക് നീട്ടാൻ ഒരാൾക്ക് ഒരു സെക്കന്റിൽ അഞ്ചുമീറ്റർ വേഗതയിൽ അത് സാധ്യമാണെന്ന അനാട്ടമിക്കൽ ശാസ്ത്രീയ സത്യത്തെയാണ് സിനിമ ഒരുപരിധിവരെ തുറന്നുകാട്ടുന്നത്.



സിനിമ ഇഷ്ടപ്പെടാനായി ക്രമനിശ്ചയം ചെയ്യപ്പെട്ടവരാണ് നമ്മൾ. ആസ്വാദന ഊർജ്ജാവശ്യകത കൂട്ടാൻ അസമമായ കാര്യങ്ങൾ ദൃശ്യപ്പെടുത്തുന്ന ഒരു രീതി ചില സിനിമകൾ അവലംബിച്ചു കാണുന്നു. നിരന്തരം സങ്കീർണപ്രവർത്തികൾ ചെയ്യുന്ന തലച്ചോറാണ് പുതിയ ചലച്ചിത്രകാരനുള്ളത്. മനുഷ്യൻ അവനിൽത്തന്നെ ഒരു ആസ്വാദന സ്വീകരണിയാണ്. അപ്പോൾ അതേ സ്പീഷീസിനെക്കുറിച്ച് ഉണ്ടാക്കപ്പെടുന്ന സിനിമകളിലെ പലേ മുഖങ്ങൾക്ക് അതതുകാലത്തിന്റെ മനഃശാസ്ത്ര പാഠങ്ങൾ പങ്കുവയ്ക്കാൻ കാണും. കണ്ണിനുള്ളിലെ എല്ലില്ലാത്ത ഒരുപറ്റം പേശികൾ അദ്ഭുതകരമായി കണ്ടുതീർക്കുന്ന വിനോദരസദൃശ്യങ്ങളല്ല ചില സിനിമകൾ. കെട്ടിയോളാണ് എന്റെ മാലാഖ, റോഷാക്ക് എന്നീ സിനിമകൾക്കുശേഷം നിസാം ബഷീർ സംവിധാനം ചെയ്ത ചിത്രമാണ് 'ഐ നോബഡി' എന്നത്. ഇവിടെ കണ്ണിലെ മുകളങ്ങൾ മാത്രമല്ല ദൃശ്യസ്വാദ് തിരിച്ചറിയിക്കുന്നത്. കാണുന്ന കാഴ്ചകളിൽ മനുഷ്യസ്വരൂപത്തിന്റെ പൂർണവിവരങ്ങൾ ഉണ്ടോയെന്ന കണ്ണിന്റെ പുത്തൻ പ്രയോഗവിധികളെയാണ് ഐ നോബഡി പുറത്തെത്തിക്കുന്നത്. ഒരേ സ്പീഷീസിലെ പലേ മുഖപ്പരുങ്ങളിലുള്ള കണ്ണുകൾ വെള്ളം നിറച്ച് കെട്ടിവച്ച ബലൂണുകൾ പോലെയാണ്.


ചില ദൃശ്യങ്ങൾ പുറത്തേക്ക് വലിച്ചുനീട്ടി കട്ടികുറഞ്ഞതാക്കി അവതരിപ്പിക്കുമ്പോഴും അതിനുള്ളിൽ പുകയുന്ന മനഃശാസ്ത്ര പ്രതിസന്ധികൾ അപൂർവ പ്രതിഭാസങ്ങളായി ചലച്ചിത്രകാരൻ പകർത്തിക്കാട്ടുന്നതിനെ ചെറുതായി കണ്ടുകൂടാ. ഐ നോബഡിയിലെ കൊള്ളക്കാർ മനുഷ്യൻ എന്ന വർഗത്തിലെ പലേ മുഖങ്ങളുള്ളവരാണ്. അവരുടെ കണ്ണുകൾ പുറത്തേക്ക് കൊള്ളചെയ്യാൻ തടം തീർക്കുമ്പോൾ സ്വന്തം ശരീരത്തേക്കാൾ നീളംവയ്ക്കും. അവരുടെ ചെകിൾപൂക്കളിലൂടെ ഒരു സാധാരണക്കാരന്റെ സങ്കടത്തിന്റെയും നിലവിളിയുടെയും ശബ്ദം ഊർന്നുമാറും.

മനുഷ്യൻ എന്ന ഇരയെ പിടികൂടാനും ഒതുക്കിയെടുക്കാനും അതേ സ്പീഷീസിലെ ഒരാൾക്ക് 'ചെറിയ ഒരു തീരുമാനവും' ചെറിയ ഒരു സമയദൈർഘ്യവുംമാത്രം മതിയെന്ന വലിയ മനഃശാസ്ത്രപാഠമാണ് സിനിമ കൈമാറുന്നത്. കൊള്ള എന്ന കുറ്റകൃത്യത്തിനായി തന്റെ ഉത്തേജക ഞരമ്പിനെ പുറത്തേക്ക് നീട്ടാൻ ഒരാൾക്ക് ഒരു

സെക്കന്റിൽ അഞ്ചുമീറ്റർ വേഗതയിൽ അത് സാധ്യമാണെന്ന അനാട്ടമിക്കൽ ശാസ്ത്രീയ സത്യത്തെയാണ് സിനിമ ഒരു പരിധിവരെ തുറന്നുകാട്ടുന്നത്. ഇരയുടെ സ്ഥലനിർണയം കൃത്യമായി സാധിച്ചെടുക്കാൻ കൊള്ളക്കാരൻ എന്ന മനുഷ്യന്റെ കെരാറ്റിൻ പ്രോട്ടീനാവുന്നു. കൊള്ളക്കാരന്റെ കണ്ണ് കട്ടിളുടിയ ഒരു ദണ്ഡാണ്. അതിൽ ഇടതിങ്ങിയ ധൈര്യമുണ്ട്. അയാളുടെ മനുഷ്യകോശത്തിൽ ഏതോ പ്രത്യേകതരം രാസവസ്തുക്കൾ പറ്റിപ്പിടിക്കുമ്പോൾ ഒരേ സ്പീഷീസിലെ പലേ മുഖങ്ങളുള്ള ആളായി അയാൾ മാറുന്നു.

ന്യൂറോ ടിഷ്യുവിലെ 'ഞാൻ'

മനുഷ്യരുടെ ന്യൂറോ ടിഷ്യുവിൽ വിന്യസിക്കപ്പെട്ടിട്ടുള്ള ഗ്ലയൽകോശങ്ങളിൽ പലതരം സ്വഭാവരുചികളോ ദോഷങ്ങളോ ഒക്കെ കടന്നുകയറിയേക്കാം. അവിടെ കർമകുശലതയും ചുറുചുറുക്കും പുഷ്ടിപ്രാപിക്കുന്നതോടൊപ്പം ജയാപജയ നിരക്കും വർധിക്കും. ഇത്തരം ചില പ്രതിപ്രവർത്തനങ്ങളെയാണ് സിനിമ വരച്ചുകാട്ടുന്നത്. ഐനോബഡിക്ക് മുഖ്യധാരാസിനിമയുടെ രുചിയുമായി നൂതനമായ എഴുത്തുബന്ധമുണ്ട്. എല്ലാ വിഭാഗ മനുഷ്യരിലേയ്ക്കും അതിന്റെയുള്ളിലെ പ്രായോഗിക സന്ദേശങ്ങൾ സുഗമമായി സഞ്ചരിക്കുന്നു. ഇതിലെ കേന്ദ്രകഥാപാത്രത്തെ അവതരിപ്പിക്കുന്ന (പൃഥ്വിരാജ്) രാജീവൻ സെക്രട്ടേറിയറ്റിൽ ജോലിചെയ്യുന്ന ഒരു സാധാരണ മനുഷ്യനാണ്. രാജീവന്റെ പത്നിയും ഒരു ബാങ്കുദ്യോഗസ്ഥയാണ്. ഒരു നല്ലദിനത്തിൽ, കൊള്ളക്കാർ അദ്ദേഹത്തെ ബന്ദിയാക്കിവെച്ചതിനാൽ രാജീവൻ ഒരു ബാങ്ക് കൊള്ളയിൽ ഉൾപ്പെടുകയാണ്. ബാങ്കിൽനിന്ന് ആ മനുഷ്യർ കൊള്ളയടിച്ച പണം പോലീസധികൃതർക്ക് കണ്ടെത്താൻ കഴിയാത്തതിനാൽ അത് ഒടുവിൽ രാജീവനെ സംശയിക്കുന്ന ഒരു സാഹചര്യത്തിലേക്ക് കാര്യങ്ങളെ കൊണ്ടെത്തിക്കുകയാണ്. ഈ ദുഃസാഹചര്യം രാജീവനെപ്പോലുള്ള ഒരു സാധാരണക്കാരനെയും അദ്ദേഹത്തിന്റെ കുടുംബത്തെയും എങ്ങനെ ബാധിച്ചുവെന്നും അവരുടെ ജീവിതത്തെ എങ്ങനെ മാറ്റിമറിച്ചുവെന്നുമാണ് സിനിമ പറയാൻ ശ്രമിക്കുന്നത്. ഒരു സാധാരണ മനുഷ്യനെതിരെ സംഭവിക്കുന്ന ചില ആരോപണങ്ങളുടെ പ്രതികൂല ഫലങ്ങൾ തങ്ങളുടെ പെൺകുഞ്ഞുങ്ങളുടെ ജീവന് എങ്ങനെ ഭീഷണിയാകുന്നുവെന്നും ആ പ്രതിസന്ധി പരിഹരിക്കാൻ അദ്ദേഹം എടുക്കുന്ന പ്രായോഗിക നിലപാടുകളുമാണ് സിനിമ ചർച്ചചെയ്യുന്നത്. മൊബൈൽ ക്യാമറകളും സെൻസേഷണലൈസ്ഡ് വാർത്താ മാധ്യമങ്ങളും ആകർഷകമായ ഉള്ളടക്കത്തിനായി തിരയുന്ന ഇന്നത്തെ കാലത്ത്, നിങ്ങൾ എന്തെങ്കിലും തെറ്റ് ചെയ്യുവെന്ന് ആളുകൾ കരുതുന്ന ഒരു ജീവിതം നയിക്കുക എളുപ്പമല്ല. അതിനാൽ രാജീവൻ പൊതുജനങ്ങളിൽനിന്ന് മനഃപൂർവം നേടിയെടുത്ത ഈ ശത്രുതയുടെ മനഃശാസ്ത്രമാണ് ഒരുപക്ഷേ ഒരേ സ്പീഷീസിലെ പലേ മുഖങ്ങളെ നമുക്ക് എത്തിച്ചുതരുന്നത്.



വചന ജ്വാല

(അടിസ്ഥാന ക്രൈസ്തവ സമൂഹ യോഗക്രമ സഹായി)

2026 സെപ്റ്റംബർ മാസത്തെ ഉപയോഗത്തിനായ് അതിരൂപത ബിസിസി കമ്മിഷൻ തയ്യാറാക്കിയത്



തയ്യാറാക്കിയത്:
ഫാ. സനീഷ്
(എക്സിക്യൂട്ടീവ് സെക്രട്ടറി,
ബിസിസി കമ്മിഷൻ)

"ശുശ്രൂഷകളിലൂടെ പണിതുയർത്തപ്പെടുന്ന കുടുംബകൂട്ടായ്മകൾ"



1. പരിശുദ്ധാത്മാവിന്റെ ഗാനം, ബൈബിൾ വന്ദനം, സ്വാഗതം

2. ആമുഖം

ക്രിസ്തുവിൽ പ്രിയമുള്ളവരേ, കൂട്ടായ്മ അനുഭവം മുഖമുദ്രയാക്കി ആരംഭിച്ച ആദിമ ക്രൈസ്തവ സമൂഹം വളർച്ചയുടെ പാതയിൽ ബഹുദൂരം മുന്നേറിയപ്പോൾ ചില അപചയങ്ങൾ സംഭവിച്ചു എന്നതും ചിലരുടെ കൈകളിലേക്ക് ശുശ്രൂഷയും അധികാരവും ഒതുങ്ങിപ്പോയി എന്നതും ചരിത്ര സത്യങ്ങളാണ്. കുറേയേറെ നൂറ്റാണ്ടുകളായി മങ്ങിപ്പോയിരുന്ന ഈ പങ്കാളിത്ത സ്വഭാവം വീണ്ടും വെളിച്ചം കണ്ടത് Lumen Gentium/"ജനതകളുടെ പ്രകാശം" എന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണ രേഖയിലൂടെയാണ്. 1964 നവംബർ 21-ാം തീയതി പോൾ ആറാമൻ പാപ്പ ജനതകളുടെ പ്രകാശം എന്ന പ്രമാണരേഖ ഒപ്പുവച്ചു. സഭ ദൈവജനം ആണെന്നും മാമോദീസയിലൂടെ സഭയിൽ അംഗങ്ങളാകുന്ന എല്ലാവർക്കും സഭയുടെ ദൗത്യത്തിൽ തുല്യ ഉത്തരവാദിത്തം ഉണ്ടെന്നും സജീവമായി തങ്ങളുടെ ജീവിതത്തിലൂടെയും പ്രേഷിത പ്രവർത്തനത്തിലൂടെയും സഭയുടെ സുവിശേഷദൗത്യം നിർവഹിക്കേണ്ടവരാണ് ദൈവജനം എന്നും ഈ പ്രമാണരേഖ അസന്ദിഗ്ധമായി നമ്മെ ഓർമിപ്പിക്കുന്നു. ഈ ചൈതന്യം ഉൾക്കൊണ്ട് 1991-ൽ നമ്മുടെ അതിരൂപതയിൽ ബി.സി.സികളും അതിനുശേഷം ശുശ്രൂഷ സംവിധാനങ്ങളും രൂപപ്പെട്ടു. ഇടവകയാകുന്ന ക്രൈസ്തവ കൂട്ടായ്മ ബി.സി.സികളിലൂടെയും ശുശ്രൂഷകളിലൂടെയുമാണ് വളരുന്നത്.

നമ്മുടെ അതിരൂപത നവതിയുടെയും വരാനിരിക്കുന്ന തിരഞ്ഞെടുപ്പിന്റെയും പശ്ചാത്തലത്തിൽ, ഇന്നത്തെ കുടുംബ കൂട്ടായ്മയിൽ നമ്മുടെ ബി.സി.സി.-ശുശ്രൂഷ സംവിധാനങ്ങളെക്കുറിച്ച് നമുക്ക് ധ്യാനിക്കാം/പ്രാർഥിക്കാം. അജപാലന ശുശ്രൂഷയിലൂടെ ആത്മീയ വളർച്ചയും, വിദ്യാഭ്യാസ ശുശ്രൂഷയിലൂടെ വിദ്യാഭ്യാസപരമായ മുന്നേറ്റവും, സാമൂഹിക ശുശ്രൂഷയിലൂടെ സാമൂഹിക വളർച്ചയും, കുടുംബ ശുശ്രൂഷയിലൂടെ കുടുംബങ്ങളുടെ വളർച്ചയും, അല്മായ ശുശ്രൂഷയിലൂടെ ഒരു സമുദായം എന്ന രീതിയിലുള്ള വളർച്ചയും, യുവജന ശുശ്രൂഷയിലൂടെ യുവതി യുവാക്കൾക്ക് ഉണ്ടായ വളർച്ചയും, മത്സ്യമേഖലാ ശുശ്രൂഷയിലൂടെ മത്സ്യത്തൊഴിലാളികളായ നമ്മുടെ സഹോദരങ്ങൾ എത്രത്തോളം സുരക്ഷിതത്വത്തിലേക്ക് വളർന്നു എന്നും നമുക്ക് വിചിന്തനം ചെയ്യാം. ഭാഗ്യ സ്മരണാർഹനായ ഫ്രാൻസിസ് പാപ്പ തിരികൊളുത്തിയ സിനഡാത്മക സഭയിലേക്ക് കൂടുതൽ അടുക്കുവാൻ ബി.സി.സി.കളും, ശുശ്രൂഷ സമിതികളും സഹായകമാകും എന്നതിൽ യാതൊരു സംശയവുമില്ല. ഈ ശുശ്രൂഷകളിലൂടെ ഓരോ വ്യക്തിയുടെയും, ഓരോ കുടുംബത്തിന്റെയും ആവശ്യങ്ങളോട് പ്രത്യുത്തരിക്കുവാൻ സഭയ്ക്ക് കഴിയും. അങ്ങനെ സഭ ദൈവജനത്തോടൊപ്പം യാത്ര ചെയ്യുന്ന അനുഭവം സാക്ഷാത്കരിക്കപ്പെടും.

ഇന്ന് വായിച്ച് ധ്യാനിക്കുന്ന വിശുദ്ധ പത്രോസ് എഴുതിയ ഒന്നാം ലേഖനം 4-ാം അധ്യായം 8 മുതൽ 11 വരെയുള്ള ഭാഗവും, ഈ ഭാഗത്തെക്കുറിച്ച് ആഴമായി ചിന്തിക്കുവാൻ സഹായിക്കുന്ന നെഹെമിയയുടെ പുസ്തകത്തിൽ തകർക്കപ്പെട്ട ജറുസലേമിന്റെ കോട്ടമതിലുകൾ പുതുക്കിപ്പണിയുന്ന ഭാഗവും ഇന്നത്തെ കൂട്ടായ്മയ്ക്ക് ദിശാബോധം നൽകട്ടെ എന്ന് പ്രാർഥിക്കാം.

3. യേശുവിനെ ക്ഷണിക്കൽ

4. ദൈവവചന പാരായണം:
1 പത്രോസ് 4:8-11

5. വചനഭാഗം പങ്കുവയ്ക്കൽ

6. നിശ്ശബ്ദധ്യാനം

7. വചനാനുഭവം പങ്കുവയ്ക്കൽ

8. വചനവിചിന്തനം

വിശുദ്ധ പത്രോസ് എഴുതിയ ഒന്നാം ലേഖനം യഹൂദ ക്രിസ്ത്യാനികൾക്ക് ധൈര്യവും പ്രത്യാശയും പകരുകയാണ്. മതപീഡനകാലത്ത് ഏഷ്യാമൈനറിൽ ചിതറിപ്പോകുന്ന യഹൂദ ക്രിസ്ത്യാനികളെ ആശ്വസിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ആണ് ഈ ലേഖനം. തങ്ങൾക്ക് ലഭിച്ച നന്മകൾ പ്രത്യാശയോടെ പങ്കുവയ്ക്കണം എന്ന് വചനം ഓർമിപ്പിക്കുന്നു. ദൈവം നൽകിയ ദാനം സ്വീകരിച്ച് വിശ്വസ്തരായ കാര്യസ്ഥരായി ജീവിക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. പ്രസംഗിക്കാനുള്ള കൃപ ലഭിച്ചവനും, ശുശ്രൂഷിക്കുവാനുള്ള കൃപ ലഭിച്ചവനും, ക്രിസ്തുവിന്റെ മഹത്ത്വത്തിനായി അവ നിർവഹിക്കണം. അങ്ങനെ ആദിമ ക്രൈസ്തവ കൂട്ടായ്മയിൽ ഉണ്ടായി

രുന്ന പരസ്പര സ്നേഹവും, പങ്കുവെക്കലും നമ്മുടെ കൂട്ടായ്മകളിൽ നിറഞ്ഞു നിൽക്കുമെന്ന് വചനം നമ്മെ പഠിപ്പിക്കുന്നു. ഓരോരുത്തർക്കും ലഭിച്ച കൃപകൾക്കനുസരിച്ച് ഓരോരുത്തരും തങ്ങളുടെ ഉത്തരവാദിത്തം നിർവഹിക്കുമ്പോൾ അത് സഭയാകുന്ന ശരീരം മുഴുവനും അനുഗ്രഹമായി മാറുന്നു.

നെഹെമിയയുടെ പുസ്തകത്തിൽ, ജറുസലേമിന്റെ കോട്ടമതിലുകൾ പുതുക്കിപ്പണിയുന്ന ഭാഗത്തും ഇതേ ചൈതന്യം തന്നെയാണ് നാം കാണുന്നത്. തകർക്കപ്പെട്ട ജറുസലേമിന്റെ കോട്ടമതിലുകൾ, തിരഞ്ഞെടുക്കപ്പെട്ട യഹൂദജനത്തിന് നഷ്ടമായ ദൈവപരിപാലനയുടെയും സംരക്ഷണത്തിന്റെയും അടയാളമാണ്. ഈ അവസ്ഥ തുടച്ചുനീക്കുവാനും ദൈവത്തിന്റെ പരിപാലനയുടെ തണലിൽ ജനത്തെ വീണ്ടും ഒരുമിച്ച് ചേർക്കുവാനുമാണ് നെഹെമിയ പരിശ്രമിക്കുന്നത്. ഏതാണ്ട് 4000 മീറ്ററിൽ അധികം നീളവും, 12 മീറ്ററിൽ അധികം ഉയരവും, 2.5 മീറ്റർ വീതിയുമുള്ള ജറുസലേമിന്റെ കോട്ട മതിലുകൾ പണിയുക എന്നത് ഒട്ടും എളുപ്പമുള്ള ഒരു കാര്യമല്ല. നെഹെമിയ ഓരോരുത്തർക്കും, ഓരോ ചെറുകൂട്ടായ്മയ്ക്കും മതിലിന്റെ ഓരോ ഭാഗം നിർമിക്കുവാനായി ഉത്തരവാദിത്തം നൽകുന്നു. അങ്ങനെ ഏൽപ്പിക്കപ്പെട്ട തങ്ങളുടെ ഉത്തരവാദിത്തങ്ങൾ വിശ്വസ്തതയോടുകൂടെ ഓരോരുത്തരും നിർവഹിച്ചപ്പോൾ ഏറ്റവും കഠിനമായ ആ പ്രവൃത്തി വലിയ പ്രയാസം കൂടാതെ അവർക്ക് പൂർത്തിയാക്കാൻ കഴിഞ്ഞു.

നമ്മുടെ ഇടവക കൂട്ടായ്മകളിലും ബി.സി.സി. കുടുംബ കൂട്ടായ്മകളിലും ശുശ്രൂഷകളിലൂടെ നിർവഹിക്കപ്പെടേണ്ടതും ഇതുതന്നെയാണ്. ഓരോരുത്തരും തങ്ങളുടെ ശുശ്രൂഷകൾ വഴി ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ഉത്തരവാദിത്തങ്ങൾ നിർവഹിക്കുമ്പോൾ, ഇടവക കൂട്ടായ്മയാകുന്ന ഭവനത്തിന് വളർച്ചയും സുരക്ഷിതത്വവും ഉണ്ടാകുന്നു. അതിനാൽ ഈ വചനത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ശുശ്രൂഷകളെക്കുറിച്ച് നമുക്ക് ധ്യാനിക്കാം, ചിന്തിക്കാം.
(ഈ ആശയങ്ങളുടെ സഹായത്തോടെ ബി.സി.സി യോഗത്തിൽ വിചിന്തനം ചെയ്യാവുന്നതാണ്. വിചിന്തനത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ചോദ്യങ്ങൾ ചർച്ച ചെയ്യാം)

» നമ്മുടെ ബി.സി.സി. കുടുംബ കൂട്ടായ്മകളിൽ ഇടവക പ്ലാനും ബജറ്റും അനുസരിച്ച് മാസന്തോറുമുള്ള ശുശ്രൂഷ പ്രവർത്തനങ്ങൾ എപ്രകാരം നടക്കുന്നു?

» ശുശ്രൂഷ കൺവീനർമാരുടെ സാന്നിധ്യം ഉറപ്പുവരുത്തുന്നതിനും ശുശ്രൂഷ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും എന്തൊക്കെ ചെയ്യാൻ കഴിയും?

9. ദൗത്യമേറ്റെടുക്കൽ

10. സ്വയം പ്രേരിതപ്രാർഥന

11. കർതൃപ്രാർഥന

12. സമാപനപ്രാർഥന

രണ്ടാം ഭാഗം

1. റിപ്പോർട്ട് അവതരണം (കഴിഞ്ഞ യോഗത്തിലെ റിപ്പോർട്ട്)
2. വരവ് ചെലവ് അവതരണം;
3. ശുശ്രൂഷാ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവതരണം

(യൂണിറ്റിൽ നിന്നുള്ള ബി.സി.സി. ലീഡർ, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബം, അല്മായം, യുവജനം, മത്സ്യമേഖല എന്നീ ശുശ്രൂഷാ പ്രതിനിധികളെ ഇടവകയിലെ തന്മാസത്തെ ശുശ്രൂഷ പ്രവർത്തനങ്ങളെപ്പറ്റി സംക്ഷിപ്തമായി അവതരിപ്പിക്കാൻ ക്ഷണിക്കുന്നു)

4. ചർച്ചയും പങ്കുവയ്ക്കലും;
5. ഹാജർ
6. രഹസ്യപ്പിരിവ്
7. അറിയിപ്പുകൾ
8. നന്ദി
9. സമാപനഗീതം



വാർത്തകൾ

അതിരൂപത, ഫൊറോന, ഇടവക, സഭാവാർത്തകൾക്കായി ന്യൂസ് പോർട്ടൽ സന്ദർശിക്കുക
www.archtvmnews.com

തിരുവനന്തപുരം ലത്തീൻ അതിരൂപത നവതി ആഘോഷങ്ങൾക്ക് തുടക്കമായി



പാളയം: തിരുവനന്തപുരം ലത്തീൻ അതിരൂപത നവതി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. അതിരൂപത ദിനമായ ജൂലൈ 01 ബുധനാഴ്ച പാളയം സെന്റ് ജോസഫ്സ് ഭദ്രാസന ദൈവാലയത്തിൽ അതിരൂപത സഹായ മെത്രാൻ ബിഷപ് ക്രിസ്തുദാസിന്റെ മുഖ്യകാർമികത്വത്തിൽ നടന്ന പൊന്തിഫിക്കൽ ദിവ്യബലിയിൽ അതിരൂപതയുടെ നവതി ആഘോഷങ്ങൾ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. 1937 ജൂലൈ 1-ന് പിയൂസ് പതിനൊന്നാമൻ പാപ്പ 'ഇൻ ഓറ മലബാറിക്കാ' എന്ന വിജ്ഞാപനത്തിലൂടെ നിലവിൽ വന്ന തിരുവനന്തപുരം രൂപതയുടെ നാൾവഴികൾ ദിവ്യബലി മധ്യേ സ്മരിച്ചു. 2004-ൽ വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പയാണ് അതിരൂപതയായി ഉയർത്തിയത്. ക്രിസ്തുവിന്റെ സുവിശേഷം പ്രഘോഷിച്ചുകൊണ്ട് പ്രേഷിത ദൗത്യം നടത്തി ഒരുമിച്ച് മുന്നേറാൻ വചന സന്ദേശത്തിലൂടെ ബിഷപ് ക്രിസ്തുദാസ് ആഹ്വാനം ചെയ്തു. എമിരിത്തൂസ് മെത്രാപ്പോലീത്ത സൂസപാക്യം, അതിരൂപത വികാരി ജനറൽ മോൺ. യൂജിൻ എച്ച്. പെരേര തുടങ്ങി അതിരൂപതയിലെ മറ്റുവൈദികർ സഹകാർമികരായിരുന്നു. ദിവ്യബലി മധ്യേ നവതി ലോഗോയുടെ പ്രകാശന കർമം എമിരിത്തൂസ് മെത്രാപ്പോലീത്ത സൂസപാക്യം നിർവഹിച്ചു. അതിരൂപതയിലെ സന്യസ്തരും, വൈദിക വിദ്യാർഥികളും, വിവിധ ഇടവകകളിൽ നിന്നുള്ള വിശ്വാസികളും ചടങ്ങിൽ സന്നിഹിതരായിരുന്നു.

അതിരൂപത നവതിയാഘോഷം; ആദ്യബിഷപ് ഡോ. വിൻസന്റ് ഡെറേരയുടെ കല്ലറയിൽ ചരിത്ര സന്ദർശനവുമായി അതിരൂപതാധ്യക്ഷൻ



ബെൽജിയം: തിരുവനന്തപുരം രൂപതയുടെ ആദ്യബിഷപ് ഡോ. വിൻസന്റ് ഡെറേരയുടെ കല്ലറ ഡോ. തോമസ് ജെ. നെറ്റോ മെത്രാപ്പോലീത്ത സന്ദർശിച്ച് പ്രാർഥന നടത്തി. നവതിയിലേക്ക് പ്രവേശിക്കുന്ന വേളയിൽ അതിരൂപതാധ്യക്ഷന്റെ ഈ സന്ദർശനം ചരിത്രമായി. തന്റെ ബൽജിയം സന്ദർശന വേളയിലാണ് മെത്രാപ്പോലീത്ത യെപ്രസ്സിലുള്ള പ്രഥമ ബിഷപ്പിന്റെ കല്ലറയിൽ പുഷ്പങ്ങളർപ്പിച്ച് പ്രാർഥിച്ചത്. സന്ദർശന വേളയിൽ ബൽജിയത്തിൽ സേവനമനുഷ്ഠിക്കുന്ന അതിരൂപത വൈദികരും സന്നിഹിതരായിരുന്നു. സന്ദർശനവും, പ്രാർഥനയും, ദിവ്യബലിയർപ്പണവും രൂപതയുടെ ആദ്യ ബിഷപ്പ് എന്ന നിലയിൽ അദ്ദേഹത്തിന്റെ സമർപ്പിത സേവനത്തിനുള്ള സ്മരണയും നന്ദിയർപ്പണവുമായിമാറി.

ആനി മസ്ക്രീൻ അനുസ്മരണ ദിനം: ഭരണഘടനാ പഠന ശാല വേണമെന്ന് KLCA



തിരുവനന്തപുരം: ഭരണഘടനാ നിർമാണ സഭയിലെ തിരുവിതാംകൂറിൽ നിന്നുള്ള ഏക വനിതാ പ്രതിനിധി ആനി മസ്ക്രീന്റെ അനുസ്മരണ ദിനാചരണം കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ (KLCA) തിരുവനന്തപുരം അതിരൂപതയുടെ ആഭിമുഖ്യത്തിൽ വഴുതക്കാട് ആനി മസ്ക്രീൻ സ്മൃതിയിൽ നടന്നു. സമ്മേളനം അഭിവന്ദ്യ തോമസ് നെറ്റോ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു.

അനുസ്മരണ പ്രഭാഷണം നടത്തിയ രൂപത വികാരി ജനറൽ മോൺ: യൂജിൻ എച്ച്. പെരേര, ജനാധിപത്യ മൂല്യങ്ങളോടും ഭരണഘടനാ ബോധവൽക്കരണത്തോടുമുള്ള ആനി മസ്ക്രീന്റെ പ്രതിബദ്ധത സ്മരിച്ചു. "ആനി മസ്ക്രീന്റെ നാമധേയത്തിൽ ഒരു ഭരണഘടനാ പഠനശാല സ്ഥാപിക്കുന്നത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്" എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

അൽമായ ശുശ്രൂഷ കോർഡിനേറ്റർ ഫാ. ബീഡ് മനോജ് സംസാരിച്ചു. ആനി മസ്ക്രീന്റെ സംഭാവനകൾ കേരള ചരിത്രത്തിൽ കൂടുതൽ അടയാളപ്പെടുത്തണമെന്നും പുതുതലമുറയ്ക്ക് അവരുടെ ജീവിതം പകർന്നു നൽകാൻ സർക്കാർ ഇടപെടണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ആനി മസ്ക്രീന്റെ ദേശീയസേവനവും സാമൂഹിക പ്രതിബദ്ധതയും വിവിധ നേതാക്കൾ അനുസ്മരിച്ചു. KLCA അതിരൂപത പ്രസിഡന്റ് സുരേഷ് പീറ്റർ അധ്യക്ഷത വഹിച്ചു. സുരേഷ് സേവ്യർ, പാടിക്ക് മൈക്കിൾ, ഫാ. സെബാസ്റ്റ്യൻ, വിനോദ് യേശുദാസ്, ആന്റണി ആൽബർട്ട്, ആന്റണി ഗ്രേഷ്യസ് തുടങ്ങിയവർ സംസാരിച്ചു. രൂപത ഭാരവാഹികൾ, ഫൊറോന പ്രസിഡന്റുമാർ, ഇടവക വികാരിമാർ, സാമൂഹിക-സാംസ്കാരിക രംഗത്തെ പ്രമുഖർ എന്നിവർ പങ്കെടുത്തു.

യുവജന ദിനാഘോഷം; അതിരൂപത കെ.സി.വൈ.എം. വിശുദ്ധ കാർലോ അക്യുറ്റിസ് സ്കോളർഷിപ്പ് വിതരണം ചെയ്തു



വെള്ളയമ്പലം: തിരുവനന്തപുരം ലത്തീൻ അതിരൂപത കെ..സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ യുവജന ദിനാഘോഷവും വിശുദ്ധ കാർലോ അക്യുറ്റിസ് സ്കോളർഷിപ്പ് വിതരണവും നടന്നു. വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ രൂപത പ്രസിഡന്റ് രാജീവ് അധ്യക്ഷത വഹിച്ച ചടങ്ങ് ഗതാഗത വകുപ്പ് മന്ത്രി സി.പി ജോൺ ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം രൂപത ഡയറക്ടർ ഫാ. ഡാർവിൻ ഫെർണാണ്ടസ് ആന്റണി ആമുഖ പ്രഭാഷണം നടത്തി. കെ.സി.വൈ.എം സംസ്ഥാന ഡയറക്ടർ ഫാ. ഡിറ്റോ ക്ലെ, രൂപത ആനിമേറ്റർ സിസ്റ്റർ ആൻസി എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. യുവജനദിനാഘോഷത്തിന്റെ ഭാഗമായി രൂപതയിലെ സാമ്പത്തിക പരാധീനത നേരിടുന്ന വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണവും നടന്നു. രൂപത ജനറൽ സെക്രട്ടറി ശ്യാം കുമാറും മറ്റ് സമിതി അംഗങ്ങളും സന്നിഹിതരായിരുന്നു.

2026-27 അധ്യയന വർഷത്തെ KCSL അതിരൂപതതല പ്രവർത്തനങ്ങൾക്ക് തുടക്കമായി



പൂന്തുറ: 2026-27 അധ്യയന വർഷത്തെ KCSL അതിരൂപതതല പ്രവർത്തനങ്ങൾക്ക് തുടക്കമായി. ജൂലൈ 8 ബുധനാഴ്ച പൂന്തുറ സെന്റ്. ഫിലോമിനാസ് ഗേൾസ് ഹൈസ്കൂളിൽ നടന്ന ഉദ്ഘാടന ചടങ്ങ് അതിരൂപത KCSL ഡയറക്ടർ ഫാ. നിജു ഉദ്ഘാടനം ചെയ്തു. KCSL പ്രസിഡന്റ് ലില്ലി അധ്യക്ഷത വഹിച്ചു. എക്സിക്യൂട്ടീവ് അംഗമായ ശ്രീമതി ഫ്ലോറൻസ് ഫ്രാൻസിസ് ആശംസകൾ അർപ്പിച്ചു. വിവിധ സ്കൂളുകളിൽ നിന്നായി 180 ഓളം കുട്ടികളും ആനിമേറ്റർമാരും പങ്കെടുത്ത ചടങ്ങിൽ കുട്ടികൾ KCSL ആന്തം ആലപിച്ച് പ്രതിജ്ഞ ചൊല്ലി. ഓർഗനൈസർ സിസ്റ്റർ പുഷ്പ സ്വാഗതവും കാഞ്ചന കൃതജ്ഞതയും പറഞ്ഞു.

തൂത്തൂർ ഫെറോനയിലെ ഇടവകകളിൽ ബിസിസി ലീഡേഴ്സിന് നേതൃപരിശീലനം നടത്തി



തൂത്തൂർ: തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ തമിഴ് റീജിയണായ തൂത്തൂർ ഫെറോനയിലെ 8 ഇടവകകളിൽ 2026 ജൂൺ 20, 27 തീയതികളിൽ ബിസിസി ലീഡേഴ്സിന് നേതൃപരിശീലനം നടത്തി. പരിശീലനത്തിന് അതിരൂപത ബിസിസി കമ്മിഷൻ സെക്രട്ടറി ഫാ. സനീഷ് നേതൃത്വം നൽകി. ബി.സി.സി. ആരംഭിച്ചതിന്റെ പശ്ചാത്തലം, ലക്ഷ്യങ്ങൾ, മാതൃകാപരമായ പ്രവർത്തനങ്ങൾ, മൂന്നോട്ടുള്ള പ്രയാണം, യൂണിറ്റ് – വാർഡ് – ഇടവക ബിസിസി നേതൃത്വത്തിനുള്ള കടമകളും ഗുണങ്ങളും എന്നിവ പരിശീലനത്തിൽ വിശദീകരിച്ചു.

'ഓപ്പറേഷൻ മൺസൂൺ'; മഴക്കാല രോഗപ്രതിരോധ പദ്ധതിയുമായി ടി.എസ്.എസ്.എസ്സും, ജൂബിലി ആശുപത്രിയും

തിരുവനന്തപുരം: മഴക്കാലത്ത് വർധിച്ചു വരുന്ന സാംക്രമിക രോഗങ്ങളെ അകറ്റുന്നതിന്റെയും പ്രതിരോധിക്കുന്നതിന്റെയും ഭാഗമായി ടി.എസ്.എസ്.എസ്സും, ജൂബിലി ആശുപത്രിയും 'ഓപ്പറേഷൻ മൺസൂൺ' പദ്ധതിക്ക് തുടക്കംകുറിക്കുന്നു. പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം ജൂലൈ 9 വ്യാഴാഴ്ച തിരുവനന്തപുരത്ത് നടന്നു. സംസ്ഥാന ഗതാഗത വകുപ്പ് മന്ത്രി സി. പി ജോൺ മുഖ്യാതിഥിയായിരുന്നു. രോഗങ്ങൾ പ്രതിരോധിക്കാൻ അവബോധ പരിപാടികളും, ഡോർ ടു ഡോർ ക്യാമ്പയിനും, മെഡിക്കൽ ക്യാമ്പുകളും പ്രസ്തുത പദ്ധതിയിലൂടെ നടപ്പിലാക്കും. 'ഓപ്പറേഷൻ മൺസൂൺ' ജൂബിലി മെമ്മോറിയൽ ആശുപത്രിയുടെ സഹായത്തോടെ ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റിയാണ് പരിപാടി സംഘടിപ്പിച്ചത്.

പ്രോ-ലൈഫ് കുടുംബങ്ങളിലെ കുഞ്ഞുങ്ങളുടെ ജ്ഞാനസ്നാനം ബിഷപ് ക്രിസ്തുദാസിന്റെ കാർമികത്വത്തിൽ നടന്നു



പാളയം: വലിയ കുടുംബങ്ങൾ രൂപപ്പെടുന്നത് പ്രോത്സാഹിപ്പിക്കുന്നതിൻറെ ഭാഗമായി പ്രോ-ലൈഫ് കുടുംബങ്ങളിലെ കുഞ്ഞുങ്ങളുടെ ജ്ഞാനസ്നാനം ബിഷപ് ക്രിസ്തുദാസിന്റെ കാർമികത്വത്തിൽ നടന്നു. ജൂൺ 24 ബുധനാഴ്ച പാളയം സെൻറ്. ജോസഫ്സ് മെട്രോപ്പൊളിറ്റൻ കത്തീഡ്രലിൽവച്ച് നടന്ന ചടങ്ങിൽ അതിരൂപതയിലെ 5 പ്രോ-ലൈഫ് കുടുംബങ്ങളിലെ 7 കുഞ്ഞുങ്ങളാണ് തിരുസംഭാഗങ്ങളായത്. തുടർന്ന് ജീവൻ സമൃദ്ധി പദ്ധതി പ്രകാരമുള്ള കുഞ്ഞുങ്ങളുടെ പേരിലുള്ള സമ്പാദ്യ പദ്ധതികളുടെ രേഖകൾ, മെമൻറോ, ലവീത്ത മിനിസ്ട്രിയുടെ ധനസഹായത്തുക എന്നിവ മാതാപിതാക്കൾ സ്വീകരിച്ചു.



''നിങ്ങൾതന്നെ കൊടുക്കുവിൻ''

ആണ്ടുവട്ടം 18-ാം ഞായർ (ആഗസ്റ്റ് 2)

ഏശ. 55:1-3, റോമ 8:35, 37-39, മത്താ. 14:13-21

ഫാ. സി.കെ. തോപ്പിൽ



മത്തായി അവതരിപ്പിക്കുന്ന യേശുവിന്റെ ജീവിത കഥ പുരോഗമിക്കുന്നത് ഇങ്ങനെയാണ്: ദൈവപുത്രനും ക്രിസ്തുവുമായ യേശു (ആമുഖം 1:1-44:11). ദൈവപുത്രരാകാനുള്ള വിളിയും മാർഗവും സ്വർഗരാജ്യത്തിൽ പ്രവേശിക്കാനുള്ള വഴിയും പഠിപ്പിക്കുന്നു. (4:12-7:28, 8:1-10:42) അപ്പോൾ യഹൂദ നേതാക്കൾ അവനോടു നിഷേധാത്മകമായി പ്രതികരിച്ച് അവനെ നശിപ്പിക്കാൻ ശ്രമിക്കുന്നു (11:1-13:53). എന്നാൽ യേശുവിനെ സ്വീകരിച്ച് അവനിലുള്ള വിശ്വാസം പ്രഖ്യാപിക്കുന്ന ശിഷ്യരെ അവൻ ഒരു സമൂഹമായി രൂപീകരിക്കുന്നു (13:54-18:35). ഈ പശ്ചാത്തലത്തിൽ നിന്നാണ് സുവിശേഷഭാഗം മനസിലാക്കാൻ ശ്രമിക്കേണ്ടത്. അയ്യായിരം പുരുഷന്മാർ ഉൾപ്പെടുന്ന വലിയ ജനാവലിക്കായി യേശു അഞ്ചപ്പം വർധിപ്പിക്കുന്നതാണ് ഇവിടെ വിവരിക്കപ്പെടുന്ന അദ്ഭുതം. യേശു യഥാർഥത്തിൽ ദൈവപുത്രനാണെന്ന (14:33) തിരിച്ചറിവിലേക്ക് ശിഷ്യരെ വളർത്തിയെടുക്കാൻ ലക്ഷ്യംവച്ചുള്ള അദ്ഭുതമാണിത്. അതോടൊപ്പം, വിശക്കുന്നവർക്ക് അപ്പം വർധിപ്പിച്ചുകൊടുക്കാനും രോഗികളെ സുഖപ്പെടുത്താനും യേശുവിനെ പ്രേരിപ്പിക്കുന്നത് അവന്റെ ഹൃദയകാരുണ്യമാണെന്ന് വ്യക്തമാക്കുകയും ചെയ്യുന്നു (14:14).

പ്രതിപാദ്യം: യേശു അഞ്ചപ്പവും രണ്ടു മീനും വർധിപ്പിച്ച് ജനങ്ങൾക്ക് ഭക്ഷണം നല്കിയതിന്റെ പാരമ്പര്യം നാല് സുവിശേഷകന്മാരും അവരവരുടെ സമൂഹത്തിനും സാഹചര്യങ്ങൾക്കും ചേർന്നവിധം വിവരിക്കുന്നു (മർക്കോ. 6:30-44, ലൂക്കാ. 9:10-17, യോഹ. 6:1-14). എന്നാൽ നാല് സുവിശേഷങ്ങളും ഒരുപോലെ പറയുന്നു; ജനക്കൂട്ടത്തോട് പുൽത്തകിടിയിൽ ഇരിക്കാൻ പറഞ്ഞതിനുശേഷം അപ്പവും മീനുമെടുത്ത് സ്വർഗത്തിലേക്ക് നോക്കി ആശീർവദിച്ച്, മുറിച്ച് അപ്പം ശിഷ്യരെ ഏൽപിച്ചു... അവർ അത് ജനങ്ങൾക്ക് വിളമ്പി... ഇപ്രകാരമുള്ള വിവരണത്തിൽ യേശുവിന്റെ പെസഹാ ആചരണത്തിന്റെ ശൈലിയും (മത്താ. 26:26, മർക്കോ. 14:22, ലൂക്കാ. 22:19) ആദിമസഭാസമൂഹത്തിലെ കൂട്ടായ്മയിലെ അപ്പം മുറിക്കൽ ശുശ്രൂഷയുടെ ശൈലിയും ഉൾച്ചേർന്നിരിക്കുന്നതുകാണാം (1 കോറി. 11:24). അതിനാൽ അപ്പം വർധിപ്പിച്ചുകൊടുത്ത് അവരെ തൃപ്തരാക്കി എന്ന അദ്ഭുതത്തെ കാണിച്ചുകൊടുക്കുന്നതിനോടൊപ്പം ക്രിസ്തുകേന്ദ്രീകൃതമായ ക്രൈസ്തവ സമൂഹത്തിന്റെ ആചരണവും ഇവിടെ ഓർമിക്കപ്പെടുന്നു. ആത്മീയ സംതൃപ്തി ക്രിസ്തുകേന്ദ്രീകൃതമായ പെസഹാ ആചരണത്തിലൂടെ ലഭിക്കുന്നുവെന്നും അത് നിത്യജീവന്റെ സമൃദ്ധിയിലേക്ക് നയിക്കുന്നുവെന്നും കൂടെ ഓർമിക്കപ്പെടുന്നു.

പ്രചോദനം: ശിഷ്യർ പരിമിതികളിലേക്ക് ചുരുങ്ങുമ്പോൾ യേശു അവരെ ദൈവാശ്രയത്തിലേക്ക് വളർത്തുന്നു. ശിഷ്യർ പറയുന്നു: ''അവരെ പറഞ്ഞയയ്ക്കുക.'' യേശു പറയുന്നു: ''നിങ്ങൾതന്നെ അവർക്ക് ഭക്ഷിക്കാൻ കൊടുക്കുവിൻ.'' ശിഷ്യർ നിർദേശിക്കുന്നത് സ്വാഭാവിക പരിഹാരമാണ്. യേശു നിർദേശിക്കുന്നത് ഉള്ളതും ഉള്ളവും ഗുരുവിന്റെ കയ്യിൽ സമർപ്പിക്കുന്ന വിശ്വാസത്തിന്റെ, ശരണത്തിന്റെ അതിസ്വാഭാവികമായ കൂട്ടായ പ്രവർത്തനമാണ്. അവിടെയാണ് സമൃദ്ധിയുടെ അദ്ഭുതം നടക്കുന്നത്. മനുഷ്യന്റെ കണക്കുകൂട്ടലുകൾക്കപ്പുറമാണ് ദൈവത്തിന്റെ പദ്ധതിയും പ്രവർത്തനങ്ങളും (ഏശ. 56:8,9).

ലോകം മുഴുവൻ സുവിശേഷം പ്രഘോഷിച്ച് ദൈവരാജ്യം സ്ഥാപിക്കാനായി യേശു തിരഞ്ഞെടുത്തത് 12 സാധാരണക്കാരെ. ഒരു ഗ്രാമത്തെ മുഴുവൻ ഉണർത്താൻ ഉപയോഗിച്ചത് സമരിയാക്കാരിയെ. അപ്പസ്തോലന്മാരോടു സുവിശേഷം അറിയിക്കാൻ തിരഞ്ഞെടുത്തത് മഗ്ദലേനായെ. ദൈവത്തിന്റെ കരങ്ങളിൽ ഏത് നിസ്സാരമായ, ബലഹീനമായ ഉപകരണവും ശക്തമായ ആയുധമായി മാറുന്നു. ''എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്ക് സാധിക്കും.'' (ഫിലി. 4:13)

അലറുന്ന കടലും പതറുന്ന വിശ്വാസവും

ആണ്ടുവട്ടം 19-ാം ഞായർ (ആഗസ്റ്റ് 9)

1 രാജാ 19:9മ, 11-13മ, റോമാ 9:1-5, മത്താ 14:22-33

ഫാ. ഡൈസൺ



അലറുന്ന കടലിനു മുമ്പിൽ പതറി പോകേണ്ടതല്ല ക്രൈസ്തവ വിശ്വാസം. എന്തിനെയും നേരിടുവാൻ നമ്മെ സജ്ജരാക്കുന്ന ദൈവിക ശക്തിയാണ് വിശ്വാസം. നമ്മുടെ ഉള്ളിൽനിന്ന് പ്രവഹിക്കേണ്ട ആത്മീയ ഊർജ്ജമാണത്. ദൈവത്തിൽ ദൃഷ്ടി പതിപ്പിച്ചുകൊണ്ട് മുന്നോട്ട് ചരിക്കുവാൻ നമ്മെ സഹായിക്കുന്ന ദൈവത്തിന്റെ അദൃശ്യമായ ശക്തിയാണത്.

1. കാറ്റും കടലും കർത്താവിന്റേതാണ്

കാറ്റും കടലും കർത്താവിനു സ്തുതി പാടേണ്ട അനുസരണയുള്ള സൃഷ്ടികളാണ് (സങ്കീ 148:5). കർത്താവിന്റെ ആജ്ഞയ്ക്കുവേണ്ടി കാത്തിരിക്കുന്ന കർത്താവിന്റെ ദൂതനാണ് കാറ്റ് (സങ്കീ 104:4, 107:25-30). യഹൂദ സങ്കല്പമനുസരിച്ച് കടലും മരുഭൂമിയും പിശാചിന്റെ വാസകേന്ദ്രമാണ്. മരുഭൂമിയിൽ യേശുവിനെ പിശാച് പരീക്ഷിക്കുന്നുണ്ട് (മത്താ 4:1). കടലിലെ ലവിയാഥന്റെ സാന്നിധ്യം പിശാചിന്റെ പ്രതീകമായിട്ടാണ് യഹൂദജനത കണ്ടത്. കടലിൽ തിരമാലകൾ ഉയർന്നാലും, കൊടുങ്കാറ്റ് വീശിയാലും യഹൂദർ ലവിയാഥന്റെ പ്രവൃത്തിയായിട്ടെ കണ്ടുള്ളൂ (സങ്കീ 104:26, ജോബ് 3:8). അലറുന്ന കടലിനെയും ഉയരുന്ന തിരമാലകളെയും ശിഷ്യന്മാർ ഗ്രഹിച്ചത്

പൈശാചിക പ്രവർത്തനങ്ങളുടെ പ്രതിഫലനമായിട്ടാണ്. യേശുവിനെപ്പോലും ഭ്രതമായി അവർ തെറ്റിദ്ധരിക്കുന്നതും ഈ പശ്ചാത്തലത്തിൽവേണം മനസ്സിലാക്കേണ്ടത്. തിന്മയുടെ പ്രതീകമായ കടലിന്റെ മീതെ യേശു നടക്കുന്നതിലൂടെ കടൽ നന്മയുടെ ഇടമായി മാറുന്നു. നമ്മുടെ ജീവിതങ്ങളിലും യേശുവിനെ നടക്കാൻ അനുവദിക്കുക. അപ്പോൾ നമ്മുടെ തിന്മകൾ ഇല്ലാതാവുകയും നന്മയുടെ ദിവ്യ ഇടങ്ങളായി നമ്മൾ മാറുകയും ചെയ്യും. കടലിന്റെ മീതെ നടക്കുന്നതിലൂടെ പ്രപഞ്ചശക്തിക്കുമേലുള്ള യേശുവിന്റെ അധികാരം വെളിപ്പെടുകയാണ്. കാറ്റും കടലും യേശുവിനെ അനുസരിക്കുന്നു. കാരണം അവ കർത്താവിന്റെ സൃഷ്ടികളാണ്.

2. യേശു ദൈവമാണ്

ഞാനും പിതാവും ഒന്നാണെന്ന് പറയുന്നതിലൂടെ യേശു ദൈവമാണെന്ന് വെളിപ്പെടുത്തുന്നു (യോഹ 10:30). മുൾപടർപ്പിലെ അഗ്നിയിലൂടെ മോശയ്ക്ക് സ്വയം വെളിപ്പെടുത്തിയ യഹോവയായ ദൈവത്തെ അനുസ്മരിക്കുന്ന രീതിയിലാണ് സുവിശേഷത്തിൽ യേശു പറയുന്നത്; ഞാനാണ്, ഭയപ്പെടേണ്ടാ (ഉല്പത്തി 3:1; യോഹ 8:58; 18:5-6). മറ്റവാക്കുകളിൽ യേശു ദൈവമാണെന്ന് ശിഷ്യർക്ക് വെളിപ്പെടുത്തിക്കൊടുക്കുന്നു. അപ്പോൾ അവർ അവനെ ആരാധിച്ചുകൊണ്ട് പറഞ്ഞു: സത്യമായും നീ ദൈവപുത്രനാണ് (മത്തായി 14:33).

മറ്റാരിലും രക്ഷയില്ല. ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടി യേശുവല്ലാതെ മറ്റാരുടെയും നാമം നല്കപ്പെട്ടിട്ടില്ല (അപ്പ 4:12). മരിച്ച് ശരീരം അഴുകാറായ ലാസറിനെ ജീവനിലേക്ക് തിരികെ കൊണ്ടുവന്ന യേശു ദൈവമാണ്. യേശു വചനം മാംസം ധരിച്ച ദൈവമാണെന്ന് യോഹന്നാൻ തന്റെ സുവിശേഷത്തിന്റെ ആരംഭത്തിൽ പറയുന്നു. സുവിശേഷത്തിന്റെ അവസാനത്തിലാകട്ടെ തോമസ് അപ്പസ്തോലനിലൂടെ യേശു കർത്താവും ദൈവമാണെന്നും പറയുന്നു (യോഹ 20:28). ദൈവമായ യേശുവിൽ വിശ്വസിച്ച് രക്ഷ പ്രാപിക്കാം.

3. നമ്മുടെ നോട്ടം ദൈവമായ യേശുവിലായിരിക്കണം

ജീവിതത്തിൽ പ്രകാശിതരാകാൻ നമ്മുടെ നോട്ടം എപ്പോഴും ദൈവത്തിലായിരിക്കണം (സങ്കീ 34:5). കൊതുകിന്റെ നോട്ടം എപ്പോഴും അന്യന്റെ ചോരയിലാണ്. കഴുകന്റെ നോട്ടം ശവത്തിലാണ്. സിംഹത്തിന്റെ നോട്ടം ഇരയിലാണ്. ഒറ്റുകാരന്റെ നോട്ടം വെള്ളിത്തുട്ടുകളിലാണ്. ഒരു ക്രിസ്ത്യാനിയുടെ നോട്ടം എപ്പോഴും ക്രിസ്തുവിലായിരിക്കണം. ദൈവത്തെ നോക്കിയ മോശ പ്രകാശിച്ചതുപോലെ യേശുവിനെ നോക്കുന്നമ്മളും പ്രകാശിക്കാൻ യേശുവിന്റെ മുഖത്തിലേക്ക് നോക്കാം. യേശുവിനെ നോക്കിയ പത്രോസിന് കടലിന്റെ മീതെ നടക്കാനുള്ള വെളിച്ചവും ശക്തിയും ലഭിക്കുന്നു. എപ്പോഴാണോ പത്രോസ് തന്റെ നോട്ടം യേശുവിൽനിന്ന് മാറ്റി പ്രകൃതിശക്തിയിലേക്ക് കേന്ദ്രീകരിച്ചത് അപ്പോൾ അവൻ ജലത്തിൽ മുങ്ങിത്താഴാൻ തുടങ്ങി. ക്രിസ്തുവിന്റെ ശക്തിയെക്കുറിച്ചുള്ള അവിശ്വാസമാണ് പത്രോസിനെ പ്രതിസന്ധിയിലാക്കിയത്. യേശുവിന്റെ വാക്കിന്മേലാണ് പത്രോസ് ജലത്തിന്റെ മീതെ നടന്നത്. എന്നിട്ടും കടലിലെ ദുഷ്ടശക്തികളെ നിഗ്രഹിക്കാൻ യേശുവിന് കഴിയുമെന്നുള്ള സത്യം പത്രോസ് ഗ്രഹിച്ചില്ല.

കടലിനു മീതെ നടന്നു വരുന്ന യേശുവിനെ കണ്ടപ്പോൾ ഭ്രതമാണെന്ന് ശിഷ്യർ ഭയപ്പെട്ടുവാൻ കാരണം യേശുവിനെ തിരിച്ചറിയാൻ സാധിക്കാത്ത വിധം അവരുടെ ഉള്ളു അന്ധമായതിനാലാണ്. ജീവിതത്തിൽ പ്രകാശമുണ്ടാകാൻ ക്രിസ്തുവിലേക്ക് നമുക്ക നോക്കാം. ക്രിസ്തുവാകണം ഒരു ക്രിസ്ത്യനിയുടെ നിക്ഷേപം. കാരണം നിക്ഷേപം എവിടെയാണോ അവിടെയാണ് ഹൃദയവും.

കാനാൻകാരിയുടെ മൽപ്പിടുത്തം

ആണ്ടുവട്ടം 20-ാം ഞായർ (ആഗസ്റ്റ് 16)

ഏശ 56:1,6-7, റോമാ 11:13-15, 29-32, മത്താ 15:21-28

ഫാ. പ്രബൽ



ദൈവരാജ്യത്തെക്കുറിച്ച് ദൈവകൃപയുടെ പിന്നാമ്പുറങ്ങളിൽ എപ്പോഴും ഒരു മൽപ്പിടുത്തത്തിന്റെ ചരിത്രമുണ്ട്. ഉല്പ. 32:33-30 വരെയുള്ള വാക്യങ്ങളിൽ പൂർവപിതാവായ യാക്കോബ് രാത്രിമുഴുവനും 'അവിചാരിത' വ്യക്തിയുമായി മൽപ്പിടുത്തം നടത്തുന്നുണ്ട്. തുടർന്ന് അനുഗ്രഹം വാങ്ങിയാണ് അയാൾ പോവുക. കാനാൻകാരിയും ഇത്തരത്തിലുള്ള മൽപ്പിടുത്തംതന്നെയാണ് നടത്തുന്നത്.

മൂന്നുഘട്ടങ്ങളായാണ് കാനാൻകാരിയുടെ യേശുവുമായുള്ള മൽപ്പിടുത്തം.

1. കാനാൻകാരിയുടെ കണ്ണീരിനോടും അപേക്ഷകളോടും യേശുവിന് നിശ്ശബ്ദത ചില നിമിഷങ്ങളിൽ മോശം വാക്കുകളേക്കാൾ ഹീനമാകും. ശിഷ്യന്മാർക്കുപോലും ആ നിശ്ശബ്ദത അത്രമേൽ അവഗണനാപരമെന്നുതോന്നി. ശിഷ്യന്മാരെപ്പോലും സങ്കടത്തിലാഴ്ത്തിയ കാനാൻകാരിയുടെ ഭാവങ്ങൾ കണ്ട് കരുണയുടെ തമ്പുരാന് അലിവ് തോന്നിയില്ല എന്ന് കരുതുന്നത് അബദ്ധമാണ്. നിലവിളിയിലും അപേക്ഷയിലും യേശു അവളുടെ ഉള്ളു അളന്നു. അവളുടെ ഉള്ളിൽ തിളയ്ക്കുന്ന വിശ്വാസത്തിന്റെ അഗ്നിപർവതം അവൻ കണ്ടു.

2. മൽപ്പിടുത്തത്തിന്റെ രണ്ടാംഘട്ടത്തിൽ, ഇസ്രായേലിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്കാണ് ചായ്വ് എന്നുപറഞ്ഞാണ് സൗഖ്യം തടയുന്നത്. അവളുടെ വിശ്വാസബോധ്യങ്ങളെ തമ്പുരാൻ പൊള്ളിക്കുന്നുണ്ട്. വേദനിക്കുന്നത് കാനാൻകാരിക്ക് ആണെങ്കിലും യഹൂദരുടെ വിശ്വാസബോധ്യങ്ങളെയും അവിടുന്ന് ചോദ്യം ചെയ്യുന്നുണ്ട്. തന്റെ ആഗമന ഉദ്ദേശ്യം പ്രഖ്യാപിക്കുന്നതിലൂടെ. ചിലരുടെ വിശ്വാസാന്വേഷണ പരീക്ഷണങ്ങൾ മറ്റുള്ളവർക്ക് മിന്നലാഘാതശേഷിയുടെ ബോധോദയങ്ങൾ നല്കാൻ കാരണമാകാറുണ്ട് എന്ന് നാം തിരിച്ചറിയുന്നു.

3. അവസാനം, തള്ളപ്പെടുന്നതിൽ തളരാതെ പ്രണമിച്ച് നിലവിളിക്കുന്ന കാനാൻകാരിയോട് പറയരുതാത്തതെന്ന് നാം ചിന്തിച്ചേക്കാവുന്നത് പറയുകയാണ് യേശു: മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്ക് എറിഞ്ഞുകൊടുക്കുന്നത് (യഹൂദർ സത്യദൈവത്തെ ആരാധിക്കുകയും വിജാതീയർ വിഗ്രഹങ്ങളെ ആരാധിക്കുന്നതുമാണ് വിവക്ഷ) ഉചിതമല്ലെന്ന്. മൽപ്പിടുത്തത്തിന്റെ അവസാനം വിജയതിലകം ചൂടിക്കൊണ്ടവൾ മൊഴിഞ്ഞു. നായ്ക്കളും യജമാനൻമാരുടെ മേശയിൽ നിന്നുവീഴുന്ന അപ്പക്ഷണങ്ങൾ തിന്നുന്നുണ്ടല്ലോ!

മൽപ്പിടുത്തത്തിൽ വിജയിച്ച കാനാൻകാരിയെ മുക്തകണ്ഠം പ്രശംസിച്ചുകൊണ്ട് യേശു പ്രഖ്യാപിച്ചു. 'സ്ത്രീയേ, നിന്റെ വിശ്വാസം വലുതാണ്". പരിശുദ്ധ അമ്മയെ വിളിച്ച അതേ പദംതന്നെ കാനാൻകാരിയേയും സംബോധന ചെയ്യുവാൻ ഉപയോഗി

ക്കുന്ന -'സ്തീ'. വി. അഗസ്റ്റിൻ പറയുക,"a little faith will bring your soul to heaven, but a lot of faith will bring heaven to your soul"(അല്പം വിശ്വാസം നിങ്ങളുടെ ആത്മാവിനെ സ്വർഗത്തിൽ എത്തിക്കും. എന്നാൽ സ്ഥിരതയുള്ള വിശ്വാസം സ്വർഗത്തെ നിങ്ങളുടെ ആത്മാവിൽ എത്തിക്കും.) തന്റെ സ്ഥിരതയുള്ള വിശ്വാസത്താൽ കാനാൻകാരി സ്വർഗത്തെ തന്റെ ആത്മാവിൽ എത്തിച്ചു.

ദൈവപുത്രനായ ക്രിസ്തു

ആണ്ടുവട്ടം 21-ാം ഞായർ (ആഗസ്റ്റ് 23)
ഏശ 22:19-23, റോമാ 11:33-35, മത്താ 16:13-20
ഫാ. ഡാർവിൻ ഫെർണാണ്ടസ് എ.



അബ്രാഹത്തിന്റെ പുത്രനായ ദാവീദിന്റെ പുത്രൻ യേശുക്രിസ്തുവിന്റെ വംശാവലി ഗ്രന്ഥം (മത്താ 1:1) എന്നാരംഭിക്കുന്ന മത്തായിയുടെ സുവിശേഷത്തിന്റെ ആദ്യാധ്യായങ്ങൾ യേശുവിന്റെ മനുഷ്യത്വത്തെ വെളിപ്പെടുത്തുന്നു. സുവിശേഷത്തിന്റെ മധ്യഭാഗത്തോടടുത്ത്, മനുഷ്യപുത്രനായ യേശു ദൈവപുത്രനാണെന്നും ഇസ്രായേലിന്റെ പ്രതീക്ഷയായ ക്രിസ്തുവുമാണെന്നുള്ള വെളിപ്പെടുത്തലുകളാണ് മത്തായി വിവരിക്കുക. യേശുവിന്റെ ദൈവത്വവും ക്രിസ്തുത്വവും ഏറ്റുപറയുന്ന പത്രോസിനെയാണ് ഇന്നത്തെ സുവിശേഷത്തിൽ നാം ദർശിക്കുക.

വാഗ്ദാനത്തിന്റെ പൂർത്തീകരണം

പിതാവായ ദൈവം ദാവീദ് രാജാവിന് നൽകിയ വാഗ്ദാനങ്ങളുടെ പൂർത്തീകരണമാണ് യേശുവെന്നത് പത്രോസിന്റെ വാക്കുകളിലൂടെ വ്യക്തമാക്കപ്പെടുന്നു. ദാവീദിന്റെ സിംഹാസനം നിലനിർത്തുവാൻ ദൈവപുത്രനും അഭിഷിക്തനുമായവൻ (ക്രിസ്തു) വരുമെന്ന് രാജ്യവും, രാജാവും നഷ്ടപ്പെട്ട ഇസ്രായേൽ ജനം പ്രതീക്ഷിച്ചിരുന്നു. ഇതിനാധാരമായ ദൈവവചനം 2 സാമു 7:4-16 ലും, 1 ദിന 17:3-19 ലുമാണ് നാം കാണുക. ദാവീദിന്റെ പുത്രന്റെ കൈകളിൽ രാജ്യം ഏൽപ്പിക്കപ്പെടുമെന്നും അവൻ എന്നേക്കും രാജാവായിരിക്കുമെന്നും നാഥാൻ പ്രവചിക്കുന്നു. പഴയ നിയമത്തിൽ സാവൂളും ദാവീദുമെല്ലാം രാജാവായി മാറുന്നത് അഭിഷേചനത്താലാണല്ലോ. ഇവിടെ പത്രോസ് യേശുവിനെ ക്രിസ്തു - അഭിഷിക്തൻ എന്ന് വിളിക്കുന്നതിലൂടെ യേശു ഇസ്രായേലിന്റെ രാജാവാണ് എന്ന സൂചന ലഭിക്കുന്നു. അവൻ വെറും രാജാവ് മാത്രമല്ലായെന്നും ദൈവത്തിന്റെ പുത്രനുമായിരിക്കുമെന്നും നാഥാനിലൂടെ ദൈവം അറിയിക്കുന്നുണ്ട്. "ഞാൻ അവനു ദൈവവും അവൻ എനിക്ക് പുത്രനുമായിരിക്കും (2 സാമു 7:14, 1 ദിന 17:13, സങ്കീ 2:7). 'ദൈവത്തിന്റെ പുത്രനായ ക്രിസ്തു'വെന്ന് യേശുവിനെ നോക്കി പത്രോസ് വിശ്വാസപ്രഖ്യാപനം നടത്തുമ്പോൾ - നാഥാനിലൂടെ അരുൾചെയ്ത, ദാവീദിന്റെ വംശം നിലനിർത്തേണ്ട, ദൈവപുത്രനും എന്നേക്കും രാജാവുമായ ക്രിസ്തു - യേശുവാണെന്ന് പത്രോസ് പ്രഖ്യാപിക്കുന്നു.

കേസറിയാ ഫിലിപ്പിയിലെ വിശ്വാസ പ്രഖ്യാപനം

കേസറിയാ ഫിലിപ്പി ഒരു വിജാതീയ പട്ടണമാണ്. ഈ പട്ടണം ആദ്യം അറിയപ്പെട്ടിരുന്നത് 'ഹേ പനേയാസ്' എന്നാണ്. വിജാതീയർ പാൻ ദേവന് പ്രത്യേക ബഹുമതി നൽകി പണിത ഒരു ക്ഷേത്രം ഇവിടെയുണ്ടായിരുന്നു. അഗസ്റ്റസ് സീസർ ബി.സി. 20-ൽ മഹാനായ ഹേറോദ് രാജാവിനെ ഈ പട്ടണം ഏൽപ്പിച്ചു. പിന്നീട് ഹേറോദ് തന്റെ മകൻ ഫിലിപ്പിനെ ഈ പട്ടണം ഏൽപ്പിക്കുകയും ചെയ്തു. ഫിലിപ്പ് ഈ പട്ടണം വലുതാക്കി. അഗസ്റ്റസ് സീസറിനോടുള്ള ബഹുമാനമായി കേസറിയാ (സീസർ) എന്നും തന്റെ തന്നെ പേരായ ഫിലിപ്പ്കൂടി ചേർത്ത് കേസറിയാ ഫിലിപ്പി എന്ന പുതിയ പേര് നൽകുകയും ചെയ്തു. ഈ പട്ടണത്തിൽ വച്ചാണ് പത്രോസ് വിശ്വാസപ്രഖ്യാപനം നടത്തുക. പാൻ ദേവനെ ദൈവമായും സീസറിനെ ഏക രാജാവായും കണ്ടിരുന്ന കേസറിയാ ഫിലിപ്പിയിൽ വച്ച് യേശുവാണ് യഥാർഥ ദൈവമെന്നും (ദൈവപുത്രൻ) വേറെ ഒരു ദൈവമില്ലെന്നും, യേശുവാണ് അഭിഷിക്തനായ - ക്രിസ്തുവായ - ഏക രാജാവെന്നും പത്രോസ് പ്രഖ്യാപിക്കുന്നു. ഈ വിശ്വാസ അനുഭവത്തിലേക്കാണ് - വ്യക്തിപരമായ വിശ്വാസ അനുഭവത്തിലേക്കാണ് - ഓരോ ക്രൈസ്തവനും വിളിക്കപ്പെട്ടിരിക്കുന്നത്.

ആൾക്കൂട്ടവിശ്വാസം, വ്യക്തിപരമായ വിശ്വാസം

യേശുവിന്റെ ആദ്യചോദ്യമിപ്രകാരമാണ്; മനുഷ്യപുത്രൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്? സ്നാപകയോഹന്നാൻ, ഏലിയാ, ജെറമിയ അല്ലെങ്കിൽ പ്രവാചകന്മാരിലൊരുവൻ എന്നിങ്ങനെ ഉത്തരങ്ങൾ പലതാണ്. ഒരു കാലഘട്ടത്തിൽ ഇസ്രായേലിന്റെ നായകന്മാർ തന്നെയാണ് പ്രവാചകന്മാർ. യേശുവിനെയും ഒരു പ്രവാചകനായി കാണുന്ന വിശ്വാസം. ഇതാണ് ആൾക്കൂട്ട വിശ്വാസം. തീർച്ചയായും യേശുവിൽ പ്രവാചക ദൗത്യമുണ്ട്. എന്നാൽ അവൻ വെറുമൊരു പ്രവാചകനല്ല. അതിലുപരിയായ അവന്റെ സത്ത ദൈവത്വമാണ്, ക്രിസ്തുത്വമാണ്. യേശു ദൈവപുത്രനായ ക്രിസ്തുവാണെന്ന് തിരിച്ചറിയുന്നതാണ് വ്യക്തിപരമായ വിശ്വാസം. ഈ സത്ത തിരിച്ചറിയാനുള്ള വിശ്വാസം ജനക്കൂട്ടത്തിനില്ല.

ദൈവവുമായുള്ള വ്യക്തിപരമായ ബന്ധമാണ് ദൈവത്തിലുള്ള ആഴമായ വിശ്വാസത്തിലേക്ക് നമ്മെ നയിക്കുന്നത്. നമ്മൾ പതിവായി പള്ളിയിൽ പോകുന്നവരാകാം, ഞായറാഴ്ചകളിൽ ഇടവക സമൂഹത്തോടൊപ്പം കൂട്ടമായി ദിവ്യബലിയിൽ പങ്കുകൊള്ളുന്നവരാകാം, എന്നാൽ, ഈ അവസരങ്ങളിലെല്ലാം ഞാൻ ദൈവത്തെ അറിയാൻ ശ്രമിക്കുന്നുണ്ടോ? ദൈവത്തെ അറിയാൻ എന്റെ ഹൃദയത്തെ ഒരുക്കുന്നുണ്ടോ? അനുദിന ദിവ്യബലിയിലെ പങ്കാളിത്തവും, പ്രാർഥനകളും വെറും യാന്ത്രികമായി മാറുന്നെങ്കിൽ ദൈവത്തെക്കുറിച്ചുള്ള പൂർണമായ കാഴ്ചപ്പാട് നേടിയെടുക്കാൻ സാധിക്കാതെ പോകുന്നു. എന്നാൽ, ദൈവത്തെ അറിയാനുള്ള തീക്ഷ്ണമായ ആഗ്രഹവും ദൈവത്തോടും സഹോദരരോടുമുള്ള സ്നേഹവും നമ്മിലുണ്ടെങ്കിൽ അവിടുന്ന് നമുക്ക് തന്നെത്തന്നെ വെളിപ്പെടുത്തി നൽകും. ആ വ്യക്തിപരമായ ബന്ധത്തിൽ യേശു എനിക്കാരാണന്ന് വിശ്വാസത്തോടെ പറയാൻ ഓരോ ക്രൈസ്തവനും സാധിക്കും. അങ്ങനെ പഴയ നിയമത്തിലെ വാഗ്ദാനമായ യേശുക്രിസ്തുവിനെ, ഏകദൈവവും ഏകരാജാവുമായി പ്രഖ്യാപിച്ച പത്രോസിന്റെ മാതൃകയനുസരിച്ച് വ്യക്തിപരമായ വിശ്വാസത്തോടെ നമുക്കും ഏറ്റുപറയാം; "നീ ദൈവപുത്രനായ ക്രിസ്തുവാണ്."

സ്വയം കുരിശുമെടുത്ത് എന്നെ അനുഗമിക്കുക

ആണ്ടുവട്ടം 22-ാം ഞായർ (ആഗസ്റ്റ് 30)

ജെറ. 20:7-9, റോമ. 12, 1-2, മത്താ. 16, 21-27

ഫാ. വിശാൽ. വി



അബ്രാത്തിന്റെ "നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത്. പ്രത്യുത, നിങ്ങളുടെ മനസ്സിന്റെ നവീകരണംവഴി രൂപാന്തരപ്പെടുവിൻ" എന്ന വി. പൗലോസ് അപ്പസ്തോലൻ റോമാക്കാർക്ക് നൽകിയ ഉപദേശത്തോടുകൂടിയാണ് തിരുവചനം ഇന്ന് നമ്മോട് ആഹ്വാനം ചെയ്യുന്നത്. ലോകത്തിന് അനുരൂപപ്പെടാതെ സ്വന്തം കുരിശുംവഹിച്ച്, സ്വയം പരിത്യജിച്ച്, ദൈവേഷ്ടത്തിന് മുൻതൂക്കം നൽകി ജീവിക്കേണ്ടത് എങ്ങനെയെന്ന് സുവിശേഷത്തിൽ അപ്പസ്തോലനുമായുള്ള സംഭാഷണത്തിൽ യേശു വ്യക്തമാക്കുന്നു. ക്രൈസ്തവ ജീവിതത്തിന്റെ മർമ്മ പ്രധാനമായ ആത്മീയ രഹസ്യങ്ങൾ ഉൾക്കൊള്ളുന്നതാണ് ഇന്നത്തെ സുവിശേഷം.

സുവിശേഷത്തിൽ നമ്മെയെല്ലാം അദ്ഭുതപ്പെടുത്തുന്ന വാക്യമാണ് പത്രോസിനെതിരെ യേശു ഉപയോഗിക്കുന്ന 'സാത്താനെ എന്റെ മുന്നിൽ നിന്ന് പോകൂ' എന്നത്. ഏറ്റവും പുതിയ ബൈബിൾ പരിഭാഷയിൽ 'സാത്താനെ എന്റെ പുറകിൽ വന്നു നിൽക്കൂ' എന്നാണ് ഈ വാക്യത്തെ പരിഷ്കരിച്ചിരിക്കുന്നത്. യേശുവിന്റെ പദ്ധതികൾക്കും പ്രവർത്തനങ്ങൾക്കും വഴിമുടക്കിനിൽക്കാനല്ല മറിച്ച് യേശുവിന്റെ പദ്ധതികളെ മനസ്സിലാക്കുന്ന യേശുവിന്റെ അനുയായിയായി യേശുവിന്റെ പുറകിൽ നിൽക്കാനാണ് യേശു പത്രോസിനോട് ആവശ്യപ്പെടുന്നത്.

യേശുവിന്റെ ഭാവിപദ്ധതി എന്തായിരുന്നു? യേശു ജറുസലേമിലേക്ക് പോകുന്നു, ശ്രേഷ്ഠന്മാരിൽനിന്നും, പ്രധാന പുരോഹിതന്മാരിൽനിന്നും, നിയമജ്ഞരിൽനിന്നും വളരെയേറെ സഹിക്കേണ്ടിവരികയും വധിക്കപ്പെടുകയും എന്നാൽ മൂന്നാംദിവസം ഉയിർപ്പിക്കപ്പെടുകയും ചെയ്യും. ചില ബൈബിൾ പണ്ഡിതന്മാർ പറയുന്നത് യേശുവിന്റെ വാക്കുകൾ അവസാനംവരെ കേൾക്കാനുള്ള ക്ഷമ പത്രോസ് കാണിച്ചില്ല എന്നാണ്. മൂന്നാംദിവസം ഉയിർപ്പിക്കപ്പെടും എന്ന വാക്കുകൾ അവനിൽ പ്രവേശിക്കുന്നില്ല. ഒരുവിധത്തിൽ നാമെല്ലാവരും കാണിക്കുന്ന മാനുഷിക പ്രതികരണം തന്നെയാണ് പത്രോസിലും പ്രകടമാകുന്നത്. നമ്മെ സ്നേഹിക്കുന്നവർക്ക് ഒരിക്കലും ഒരു വിഷമവും വരാൻ പാടില്ല എന്ന സാധാരണ മാനുഷിക വികാരം പത്രോസിനെ കീഴ്പ്പെടുത്തുന്നു. ഇതിന് പിന്നിലെ ദൈവിക പദ്ധതിയെ മനസ്സിലാക്കാൻ അവന് സാധിച്ചില്ല. ഈ ലോകത്തിലെ എല്ലാ മനുഷ്യരെയും ദൈവം സ്നേഹിക്കുന്നു. എല്ലാവരുടെയും രക്ഷ ദൈവം ആഗ്രഹിക്കുന്നു.

അത് യേശുവിന്റെ പീഡാനുഭവത്തിലൂടെയും, കുരിശു മരണത്തിലൂടെയും, ഉത്ഥാനത്തിലൂടെയും മാത്രമേ സാധ്യമാവുകയുള്ളൂ. ഇതാണ് ദൈവം വിഭാവനം ചെയ്ത രക്ഷാകരപദ്ധതി. ഇത് മനുഷ്യന്റെ പദ്ധതികൾക്ക് വിപരീതമാണ്. ദൈവിക പദ്ധതികളിൽ സഹനവും പീഡാനുഭവവും മരണവും ഒരിക്കലും കാണാനാവില്ല.

ഇന്നത്തെ സുവിശേഷഭാഗം നമ്മെ വലിയൊരു ആത്മീയ യാഥാർഥ്യം പഠിപ്പിക്കുന്നു. നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ പദ്ധതിക്കാണ് നാം പ്രാധാന്യം കൊടുക്കേണ്ടത്. ദൈവത്തിന്റെ ഇഷ്ടത്തിന് എതിരായി നമ്മുടെ ഇഷ്ടങ്ങൾ വരുമ്പോഴൊക്കെ യേശു പറയുന്നത് "നീ എന്റെ പുറകിൽ വന്നു നിൽക്കുക" എന്നു തന്നെയാണ്. നാം യേശുവിന്റെ പുറകിൽനിന്ന് യേശുവിനെ അനുഗമിക്കുമ്പോഴേ നമ്മുടെ ചിന്തകളും, പദ്ധതികളും ദൈവത്തിന്റെ പദ്ധതിയുമായി അനുരൂപപ്പെടുകയുള്ളൂ. ഇത് പ്രയാസമേറിയ കാര്യമാണ്. അതുകൊണ്ടാണ് "സ്വർഗസ്ഥനായ പിതാവേ..." എന്ന പ്രാർഥനയിൽ "നിന്റെ ഇഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലും നിറവേറണേ..." എന്ന് പ്രാർഥിക്കാൻ യേശു നമ്മെ പഠിപ്പിച്ചത്.

പത്രോസ് അപ്പസ്തോലന് മറുപടി കൊടുത്തശേഷം, എല്ലാ ശിഷ്യന്മാരോടുമായി യേശു പറഞ്ഞു: "ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, അവൻ തന്നെത്തന്നെ പരിത്യജിച്ച്, തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ." സുഖവും സൗഭാഗ്യവും എങ്ങനെ സ്വന്തമാക്കാം, എങ്ങനെ പെട്ടെന്ന് പണക്കാരനാകാം, വെറും മൂന്നുമാസം കൊണ്ട് എങ്ങനെ നൂറിരട്ടി ഐശ്വര്യം കൈവരുത്താം തുടങ്ങി കപടതയുടെയും അന്ധവിശ്വാസത്തിന്റെയും അടിസ്ഥാനത്തിൽ വ്യാജവാഗ്ദാനങ്ങളിലൂടെ ലക്ഷക്കണക്കിന് അനുയായികളെ സമ്പാദിക്കുന്ന കപട ആത്മീയതയുടെ ലോകത്ത് നാം വേറിട്ടൊരു ശബ്ദം കേൾക്കുന്നത് ക്രിസ്തുവിൽ നിന്നാണ്. യേശുവിനെ അനുഗമിക്കുന്നവൻ സ്വയം പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ. ഇവിടെ കപടമായ വാഗ്ദാനങ്ങളില്ല, എളുപ്പവിദ്യകളില്ല പച്ചയായ ജീവിതം നയിക്കുക എന്ന ആഹ്വാനം ഒരു ക്രിസ്ത്യാനിയുടെ ആത്മീയ നവീകരണത്തിന് തുടക്കം കുറിക്കുന്നു.

കുരിശ് എടുക്കുക എന്നാൽ സഹനം ആഗ്രഹിക്കുന്ന ഒരു മാനസിക വിഭ്രാന്തിയല്ല, മറിച്ച് സ്വന്തം ജീവിതത്തിൽ യേശുവിനെ അനുകരിക്കലാണ്. മടിയും അലസതയും മാറ്റിവച്ച് കഠിനാധ്വാനം ചെയ്തുപഠിക്കുന്ന വിദ്യാർഥികളും, സ്വന്തം കുടുംബത്തിന് താങ്ങാകുവാൻ പ്രയത്നിക്കുന്ന യുവതീയുവാക്കളും, പരസ്പരം വിശ്വസ്തത പുലർത്തുന്ന ദമ്പതികളും, മക്കളുടെ നല്ല ഭാവിക്കായി ഉരുകിത്തീരുന്ന അപ്പനും അമ്മയും, വൃദ്ധരായ മാതാപിതാക്കളെ ശ്രുശ്രൂഷിക്കുന്ന മക്കളും മരുമക്കളും, ബന്ധുക്കളെയും അയൽക്കാരെയും സുഹൃത്തുക്കളെയും സഹായിക്കുന്നവരും, സ്വന്തം ഇഷ്ടങ്ങൾ മാറ്റിവച്ച് മേലധികാരികളെ അനുസരിക്കുകയും ബ്രഹ്മചര്യം അനുഷ്ഠിക്കുകയുംചെയ്യുന്ന ദൈവികരും സന്യസ്തരുമെല്ലാം അനുദിന ജീവിതത്തിലെ കുരിശുകൾ സന്തോഷപൂർവം വഹിച്ച് സ്വയം പരിത്യജിക്കലിന്റെ ഉദാത്ത മാതൃകകളാണ്.

ഈ കുരിശുവഹിക്കുന്നതിലൂടെ മാത്രമേ ജീവൻ കരസ്ഥമാക്കാൻ സാധിക്കുകയുള്ളൂ. കുരിശുമെടുത്ത് യേശുവിനെ അനുഗമിക്കുക എന്നത് സമയബന്ധിതമായ കാര്യമല്ല, മറിച്ച് ഓരോ ദിവസവും അനുഷ്ഠിക്കേണ്ട തുടർ പ്രക്രിയയാണ്. നമ്മുടെ ജീവിതത്തിലെ കുരിശുകളെക്കുറിച്ച് പരാതിപ്പെടാതെ സന്തോഷപൂർവം യേശുവിനെ പിൻചെല്ലുവാൻ നമുക്ക് സാധിക്കട്ടെ.

●

നേർക്കാഴ്ച
ജെ. സി.




എഫ്.സി.ആർ.എ ചട്ടഭേദഗതി സർക്കാർ പിൻവലിക്കണം

രാജ്യത്തെ ന്യൂനപക്ഷങ്ങളുടെ മതസ്വാതന്ത്ര്യത്തിന്മേൽ ഒരു കടന്നാക്രമണംകൂടി കേന്ദ്രസർക്കാർ നടത്തിയിരിക്കുന്നു. സർക്കാരിനെ വിമർശിച്ചാൽ അക്കൗണ്ട് ഫ്രീസ് ചെയ്യപ്പെടാമെന്ന മുന്നറിയിപ്പ് പരോക്ഷമായി നൽകുകയാണോയെന്ന് സ്വാഭാവികമായും സംശയിക്കാം. മതസംഘടനകൾക്കുമാത്രമല്ല, പൗര-പരിസ്ഥിതി സംഘടനകൾക്കും, ഗവേഷണ സ്ഥാപനങ്ങൾക്കുംമേൽ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്താനാണ് സർക്കാരിന്റെ ശ്രമം.

മത, സാമൂഹിക സംഘടനകളുൾപ്പെടെ വിദേശത്തുനിന്ന് ലഭിക്കുന്ന പണം വ്യക്തമാക്കപ്പെട്ട ലക്ഷ്യങ്ങൾക്കായിമാത്രം ഉപയോഗിക്കേണ്ടതാണ്, ദുരുപയോഗം കർശനമായി തടയേണ്ടതുമാണ്. രാജ്യതാല്പര്യങ്ങൾക്ക് വിരുദ്ധമായ നടപടികൾക്ക് പണം ഉപയോഗിക്കപ്പെടുന്നില്ലെന്ന് ഉറപ്പാക്കാൻ സർക്കാരിന് ഉത്തരവാദിത്തമുണ്ട്. എന്നാൽ, അക്കാരണങ്ങൾ പറഞ്ഞ് ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾക്കുപിന്നിലുള്ളത് രാജ്യതാല്പര്യമാണോ സർക്കാരിന്റെ രാഷ്ട്രീയ താല്പര്യമാണോ എന്ന ആശങ്കയുയർത്തുന്നതാണ് ഇപ്പോഴത്തെ ചട്ടഭേദഗതികൾ. പൊതുലക്ഷ്യങ്ങളും പ്രവർത്തനങ്ങളുംമാത്രം ചൂണ്ടിക്കാട്ടി വിദേശ സംഭാവനയ്ക്ക് അനുമതി തേടാനാവില്ല എന്നതാണ് പ്രധാന വ്യവസ്ഥകളിലൊന്ന്. മതം, സംസ്കാരം, സാമ്പത്തികം, വിദ്യാഭ്യാസം, സാമൂഹികം എന്നീ വിഭാഗങ്ങളിലായുള്ള 105 തരം പ്രവർത്തനങ്ങളിലൊന്നെങ്കിലുമാണ് ലക്ഷ്യമെന്ന് വ്യക്തമാക്കിയാലേ എഫ്.സി.ആർ.എ രജിസ്ട്രേഷൻ അനുവദിക്കൂ എന്നതാണ് പുതിയ ചട്ടം. രാജ്യത്തെ ന്യൂനപക്ഷങ്ങളുടെ മതസ്വാതന്ത്ര്യത്തിന്മേൽ ഒരു കടന്നാക്രമണംകൂടി കേന്ദ്രസർക്കാർ നടത്തിയിരിക്കുന്നു എന്നത് ശ്രദ്ധേയം.

സംഘടനയോ അതിന്റെ നേതൃസ്ഥാനത്ത് ഇരിക്കുന്നവരോ നടത്തുന്ന പ്രസിദ്ധീകരണങ്ങളും എഴുതുന്ന ലേഖനങ്ങളും ഭരണകൂടത്തിന്റെ നിരീക്ഷണത്തിലാവും. മതന്യൂനപക്ഷങ്ങളോടൊപ്പം സർക്കാരിന് അനിഷ്ടകരമായ നിലപാടുകൾ സ്വീകരിക്കുന്ന സന്നദ്ധസംഘടനകളെയും നിയമംകൊണ്ട് വരിഞ്ഞുമുറുക്കാനാണ് ചട്ടഭേദഗതി ലക്ഷ്യമിടുന്നതെന്ന് വ്യക്തമാണ്. എഫ്.സി.ആർ.എ അക്കൗണ്ട് ഉടമകളുടെ സാമൂഹ്യ മാധ്യമ അക്കൗണ്ടുകളുടെയും പബ്ലിക്കേഷനുകളുടെയും വിവരങ്ങൾ ആവശ്യപ്പെടുന്നത് സംശയാസ്പദവും മൗലിക അവകാശങ്ങൾക്കുമേലുള്ള കടന്നുകയറ്റവുമാണ്. സർക്കാരിനെ വിമർശിച്ചാൽ അക്കൗണ്ട് ഫ്രീസ് ചെയ്യപ്പെടാമെന്ന മുന്നറിയിപ്പ് പരോക്ഷമായി നൽകുകയാണോയെന്ന് സ്വാഭാവികമായും സംശയിക്കാം. ന്യൂനപക്ഷസ്ഥാപനങ്ങൾക്കെതിരെ എഫ്.സി.ആർ.എ വ്യവസ്ഥകൾ ദുരുപയോഗിക്കപ്പെടുന്ന ആശങ്ക കഴിഞ്ഞ ഏപ്രിലിൽ ബിൽ കൊണ്ടുവരാൻ നീക്കമുണ്ടായപ്പോൾതന്നെ ഉന്നയിക്കപ്പെട്ടതാണ്. മതസംഘടനകൾക്കുമാത്രമല്ല, പൗര-പരിസ്ഥിതി സംഘടനകൾക്കും, ഗവേഷണ സ്ഥാപനങ്ങൾക്കുംമേൽ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്താനാണ് സർക്കാരിന്റെ ശ്രമമെന്ന് വിമർശനം ഉയർന്നു. നിലവിലെ നിയമത്തിന്റെ അടിസ്ഥാനത്തിൽതന്നെ കഴിഞ്ഞ ഏതാനും വർഷങ്ങളിൽ വിവിധ സംഘടനകളും ഗവേഷകസ്ഥാപനങ്ങളും നടപടികൾ നേരിട്ടിരുന്നു. രാജ്യത്തെ എല്ലാ പ്രസ്ഥാനങ്ങളും തങ്ങളുടെ ഹിതപ്രകാരം പ്രവർത്തിക്കണം അല്ലെങ്കിൽ നടപടി നേരിടും എന്ന സന്ദേശമാണോ, ചട്ടങ്ങലിലൂടെ സർക്കാർ മുന്നോട്ടുവയ്ക്കുന്നത് എന്ന ചോദ്യമാണ് ഉയരുന്നത്.

മതസ്ഥാപനങ്ങൾക്ക് അനുവദനീയമായവയിൽ വിദ്യാഭ്യാസ, ആതുര സേവന മേഖലകൾ ഉൾപ്പെടാത്തപ്പോൾ പ്രവർത്തന സ്വാതന്ത്ര്യത്തിന് നല്ല കടുത്ത നിയന്ത്രണത്തിനുള്ള ശ്രമമാണ് സൂചിപ്പിക്കുന്നത്. ക്ഷേമപ്രവർത്തനങ്ങളെ പരിമിതപ്പെടുത്തുന്നതാണ് പട്ടികയെന്ന് കാത്തലിക്ക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ (സി.ബി.സി.ഐ) ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ട്. സംഘടനാപ്രവർത്തനത്തിന് സംസ്ഥാനപരമായ പരിധികൾ നിശ്ചയിക്കുന്നതിന്റെ ഉദ്ദേശ്യം പല കാരണങ്ങളാൽ ചോദ്യംചെയ്യപ്പെടുന്നു. ഒരുവശത്ത് വ്യവസായ മേഖല ഉൾപ്പെടെ നിയമങ്ങൾ പാലിച്ചുള്ള പ്രവർത്തനം സുഗമമാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. അപ്പോഴാണ് മറുവശത്ത്, ജനക്ഷേമപ്രവർത്തനങ്ങളിലൂന്നിയ പൗരാവകാശ - പരിസ്ഥിതി മേഖലകൾ ഉൾപ്പെടെയുള്ള പ്രസ്ഥാനങ്ങളെയും മതസ്ഥാപനങ്ങളെയും കർശനചട്ടങ്ങളിലൂടെ ചൊൽപ്പടിയിലാക്കാനുള്ള സർക്കാർശ്രമം. ചട്ടങ്ങൾ പരിഷ്കരിക്കുന്നതിനുമുമ്പ് ബന്ധപ്പെട്ടവരുമായി കൂടിയാലോചനകൾ നടത്താമായിരുന്നു. എല്ലാപേരെയും വിശ്വാസത്തിലെടുത്ത് മുന്നോട്ടുപോകുമ്പോഴാണ് ജനാധിപത്യം ശക്തിപ്പെടുന്നത്. ●



പരിശുദ്ധ മഞ്ഞുമാതാവിന്റെ 122-ാമത് തിരുനാൾ, 2026

2026 ആഗസ്റ്റ് 7,8,9 തിയതികളിൽ

തിരുനാൾ മംഗളങ്ങൾ — **ഏവർക്കും സ്വാഗതം**

07.08.2026, വെള്ളി

05.00 pm : ജപമാല, ലിറ്റനി

05.30 pm : കൊടിയേറ്റ്

മോൺ. വിൽഫ്രഡ് ഇ. (ഇടവക വികാരി)

സമൂഹദിവ്യബലി (പരേതാത്മാക്കൾക്കു വേണ്ടി)

മുഖ്യകാർമികൻ- **ഫാ. ഡാർവിൻ ഫെർണാണ്ടസ്**
അതിരൂപത യുവജന ശുശ്രൂഷ ഡയറക്ടർ

വചനപ്രഘോഷണം- **റവ. ഡോ. തദേയൂസ് പി.**
വൈസ് പ്രിൻസിപ്പാൾ, സെന്റ് ജേക്കബ്സ് ട്രെയിനിംഗ് കോളേജ്, കഴക്കൂട്ടം

08.08.2026, ശനി

05.00 pm : ജപമാല, നൊവേന
(നിത്യസഹായ മാതാവ്)

05.30 pm : സമൂഹദിവ്യബലി
(കുടുംബാംഗങ്ങൾക്കു വേണ്ടി)

മുഖ്യകാർമികൻ- **ഫാ. ഫ്രെഡ്ഡി വർഗ്ഗീസ്**
സഹവികാരി, പേട്ട

വചനപ്രഘോഷണം- **ഫാ. യേശുദാസ് പ്രകാശ് CSJ**
സെന്റ് മേരീസ് ചർച്ച്, പറണ്ടോട്

മാതാവിന്റെ തിരുസ്വരൂപ പ്രദക്ഷിണം

09.08.2026, ഞായർ

08.30 am: കമ്മിറ്റി അംഗങ്ങൾക്ക് കപ്പേലയും മെഴുകുതിരിയും വെഞ്ചരിച്ച് നൽകൽ

08.45 am: ആഘോഷമായ സമൂഹദിവ്യബലി

മുഖ്യകാർമികൻ- **ഫാ. ബാബുരാജ്** അസിസ്റ്റന്റ് ഡയറക്ടർ, ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റൽ

വചനപ്രഘോഷണം- **ഫാ. ലെനിൻ രാജ്** ഡയറക്ടർ, ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റൽ

പുതിയ പ്രസിദേന്തിയെ വാഴിക്കൽ, കൊടിയിറക്ക്

ഡോൺസൻ ജോസ്
പ്രസിദേന്തി, കെ.സി.ഒ.എൽ.എസ്.

മോൺ. വിൽഫ്രഡ് ഇ. (ഇടവക വികാരി)
റവ. ഫാ. പ്രമോദ് സേവ്യർ, റവ. ഫാ. ജിബിൻ ജെയിംസ്
(സഹ വികാരിമാർ)

Pub. Date: 01.08.2026
REGD. NO. KL/TV(S)266/2024-26 | RNI Registered No. 36056/81
Licenced to post without pre-payment KL/TV(S)/WPP/171/2024-26
JEEVANUM VELICHAVUM
Total Pages 44
Rs. 30/-



Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press Vellayambalam, TVM- 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam - 695003
Editor: Fr. Prabal Joseph Perera